പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ്. കമ്മിറ്റി
# (2011-2014)

## ഇരുപത്തിയൊന്നാമത് റിപ്പോർട്ട്

(2013 ഏപ്രിൽ മാസം 9-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011–2014)

## ഇരുപത്തിയൊന്നാമത് റിപ്പോർട്ട്

(2013 ഏപ്രിൽ മാസം 9-ാം തീയതി സഭയിൽ സമർപ്പിച്ചത്)

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003 മുതൽ 2004-2005 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള കോട്ടയം, ഇടുക്കി എന്നീ ജില്ലാ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്

1010/2013.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 58 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011–2014)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, എൻ. ഷംസുദീൻ*

,, മുല്ലക്കര രത്നാകരൻ

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി

,, എ. ഷൈല, അണ്ടർ സെക്രട്ടറി.

---

* ശ്രീ. കെ. എൻ. എ. ഖാദർ, എം. എൽ. എ. സമിതി അംഗത്വം രാജിവച്ച ഒഴിവിലേക്ക് 2012 ജൂൺ 20 പ്രാബല്യത്തിൽ തെരഞ്ഞെടുക്കപ്പെട്ടു.

# ആമുഖം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2011-2014) ഇരുപത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003 മുതൽ 2004-2005 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള കോട്ടയം, ഇടുക്കി എന്നീ ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2010 സെപ്റ്റംബർ മാസം 14, 2013 ഏപ്രിൽ മാസം 2 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2013 ഏപ്രിൽ 9.

## റിപ്പോർട്ട്

## കോട്ടയം ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പട്ടികജാതി വിദ്യാർത്ഥികൾക്ക് ഡിക്ഷ്ണറികൾ വിതരണം ചെയ്തതിലെ ക്രമക്കേടുകൾ**

കോട്ടയം ജില്ലയിലെ 1000 ഹൈ സ്ക്കൂൾ വിദ്യാർത്ഥികൾക്ക് ഡിക്ഷ്ണറികളും പഠനോപകരണങ്ങളും ലഭ്യമാക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ പദ്ധതിയാണിത്. 2,00,000 രൂപ മാത്രം വകയിരുത്തി നടപ്പിലാക്കാനാണ് ജില്ലാ പ്ലാനിംഗ് കമ്മിറ്റി 10-2-1998-ൽ അനുമതി നൽകിയത്. എന്നാൽ പ്രസ്തുത പദ്ധതിക്ക് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അനുമതിയില്ലാതെ പട്ടികജാതി പട്ടികവർഗ്ഗ ഭവന പുനരധിവാസത്തിനു വേണ്ടി വകകൊള്ളിച്ചിരുന്ന തുകയിൽ നിന്നും 17,60,000 രൂപ വകമാറ്റി ചെലവ് ചെയ്താണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ടി പ്രോജക്ട് നടത്തിപ്പിലൂടെ ജില്ലാ പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം ചെയ്തതായി കണക്കാക്കേണ്ടിയിരിക്കുന്നു.

സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടറുകൾ ക്ഷണിക്കാതെയും പത്രപരസ്യം ചെയ്യാതെയുമാണ് ഡിക്ഷ്ണറികൾ വാങ്ങിയിരിക്കുന്നത്. കോട്ടയം പട്ടണത്തിൽ തന്നെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ന്യായമായ ഡിസ്ക്കൗണ്ടുകൾ നൽകി ഡിക്ഷ്ണറികൾ നൽകാൻ സന്നദ്ധമായിട്ടും ഇതിനെ അവഗണിച്ചുകൊണ്ട് ഡിക്ഷ്ണറികൾ തിരുവനന്തപുരത്തുനിന്നും വാങ്ങിയതിൽ ദുരൂഹതയുള്ളതായി കാണുന്നു. ഡിക്ഷ്ണറികളുടെ നിലവാരം പരിശോധിച്ച് അനുയോജ്യമെന്ന് തിട്ടപ്പെടുത്തുന്നതിനായി വിദഗ്ദ്ധസമിതിയെ നിയോഗിക്കാതെയാണ് ഇവ വാങ്ങിയിരിക്കുന്നത്. വാങ്ങിയിട്ടുള്ളതും വിതരണം ചെയ്തിട്ടുള്ളതുമായ ഡിക്ഷ്ണറികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

പട്ടികവിഭാഗക്കാർക്കുള്ള ഭവനപുനരധിവാസം എന്ന ബൃഹത്തായ ഒരു പദ്ധതി നടപ്പിലാക്കാതെ ആയതിലേക്കുവേണ്ടി നീക്കിവച്ചിരുന്ന തുക വകമാറ്റി ചെലവഴിച്ചത് അന്വേഷണ വിധേയമാക്കേണ്ടതാണ്. വിദ്യാഭ്യാസ വകുപ്പ് മുഖേന ഫലപ്രദമായി നടപ്പിലാക്കേണ്ട ടി പ്രോജക്ട് തികഞ്ഞ പരാജയമായതിനാൽ ഇതിലേക്കുവേണ്ടി ചെലവഴിച്ച 17,60,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക 5.3.(1).]

ഓഡിറ്റ് പരാമർശത്തിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി :

"1. ഡി.പി.സി.യുടെ അംഗീകാരത്തോടെ 1997-98 വർഷം പ്രത്യേക ഘടക പദ്ധതിയിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്, മലയാളം ഡിക്ഷ്ണറികൾ നൽകുന്ന പദ്ധതിക്ക് 2,00,000 രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. എന്നാൽ കോട്ടയം ജില്ലയിലെ വിവിധ സ്കൂളുകളിലെ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ എസ്.സി./എസ്.റ്റി. കുട്ടികൾക്കും ഡിക്ഷ്ണറി വിതരണം ചെയ്യുന്നതിന് 10000 ഡിക്ഷ്ണറികൾ ആവശ്യമായിരുന്നു.

2. 1997-98-ലെ പദ്ധതികൾക്കെല്ലാം ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തി ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചത് 10-2-1998-ൽ മാത്രമാണ്. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ ഭവന പുനരുദ്ധാരണം എന്ന ബൃഹത്പദ്ധതി ബാക്കിയുള്ള ചുരുങ്ങിയ സമയപരിധിക്കുള്ളിൽ ഫലപ്രദമായി നടപ്പാക്കുവാൻ സാധ്യമല്ലാത്തതിനാലാണ് ടി പദ്ധതിക്കായി വകയിരുത്തിയ തുകയിൽ അതേ വിഭാഗത്തിൽപ്പെട്ടവർക്ക് "ഡിക്ഷ്ണറി വിതരണം" എന്ന പ്രോജക്ടിനായി 11-6-1998-ലെ ജനറൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ തുക വകമാറ്റിയത്. വിദ്യാഭ്യാസ വകുപ്പിലെ വിദഗ്ദ്ധരായ ഉദ്യോഗസ്ഥൻമാരുടെ അഭിപ്രായംകൂടി ആരാഞ്ഞതിനുശേഷമാണ് 11-6-1998-ൽ ചേർന്ന ജനറൽ കമ്മിറ്റി NERC-യിൽ നിന്ന് ഡിക്ഷ്ണറി വാങ്ങാൻ തീരുമാനിച്ചത്. 30-6-1998-ൽ പദ്ധതി നിർവ്വഹണം പൂർത്തിയാക്കി പദ്ധതിപ്പണം പൂർണ്ണമായും വിനിയോഗിക്കണമെന്ന് നിർദ്ദേശമുണ്ടായിരുന്നതിനാലാണ് അടിയന്തിരമായി പദ്ധതി നടപ്പിലാക്കിയത്. 245 രൂപ മുഖവിലയുള്ള ഡിക്ഷ്ണറികൾ പഞ്ചായത്തുമായി നെഗോസിയേഷൻ നടത്തിയാണ് 28% വിലക്കുറവിൽ 176 രൂപയ്ക്ക് NERC-യിൽ നിന്നും വാങ്ങിയത്. വാങ്ങിയ ഡിക്ഷ്ണറികളുടെ പൂർണ്ണവിവരം ഡിക്ഷ്ണറി വിതരണം സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച മേഖലാ പെർഫോമൻസ് ഓഡിറ്റ് ടീം 2006-ൽ അന്വേഷണം നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 16-1-2007-ലെ 35861/പി.എ.A/2006/ത.സ്വ.ഭ.വ. നമ്പർ സർക്കാർ കത്തിലെ നിർദ്ദേശ പ്രകാരം വിതരണം ചെയ്തിട്ട് ബാക്കിവന്ന ഡിക്ഷ്ണറികൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ലിസ്റ്റ് വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്."

3. പ്രധാനമായും നാല് ഓഡിറ്റ് തടസ്സങ്ങളാണ് ഈ ഓഡിറ്റ് ഖണ്ഡികയിൽ ഉന്നയിച്ചിട്ടുള്ളതെന്ന് സമിതി ചൂണ്ടിക്കാട്ടി. ഒന്നാമതായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പുനരധിവാസത്തിനുവേണ്ടി വകകൊള്ളിച്ചിരുന്ന തുകയിൽ നിന്നും 17,60,000 രൂപ വകമാറ്റി ചെലവഴിച്ചാണ് ഡിക്ഷ്ണറി വാങ്ങിയത്. ഇപ്രകാരം തുക വകമാറ്റി ച്ചെലവഴിച്ചതിന് തൃപ്തികരമായ മറുപടി നൽകുന്നതിൽ ജില്ലാ പഞ്ചായത്ത് പരാജയപ്പെട്ടു. രണ്ടാമതായി രണ്ടു ലക്ഷം രൂപ മാത്രം വകയിരുത്തി നടപ്പിലാക്കാൻ ഡി.പി.സി. അനുമതി നൽകിയ പദ്ധതിയിൽ 880% അധിക വർദ്ധനവോടെയാണ് പദ്ധതി നടപ്പാക്കിയത്. ഇപ്രകാരം ഡി.പി.സി.യുടെ തീരുമാനത്തിൽ നിന്നും വ്യതിചലിച്ചാണ് പദ്ധതി നടപ്പാക്കിയത്. ഡി.പി.സി.യുടെ മുൻകൂർ അനുമതിയോ സാധൂകരണമോ ലഭ്യമായതായി ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടില്ല. മൂന്നാമത് സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ പാലിക്കാതെയാണ് ഡിക്ഷ്ണറികൾ വാങ്ങിയിട്ടുള്ളത്. നാലാമത് വാങ്ങിയ 10000 ഡിക്ഷ്ണറികളിൽ 3204 ഡിക്ഷ്ണറികൾ വിതരണം ചെയ്തതായി വരുത്തിത്തീർക്കുകയാണുണ്ടായത്. ജില്ലയിൽ എത്ര അർഹരായ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഉണ്ടെന്നുള്ള ഏകദേശ കണക്കുകൂടി ശേഖരിക്കാതെയാണ് 10000 ഡിക്ഷ്ണറികൾ വാങ്ങുവാനുള്ള തീരുമാനം കൈക്കൊണ്ടത്. മേൽപ്പറഞ്ഞ തടസ്സങ്ങൾക്കുള്ള വിശദീകരണം സമിതി ആരാഞ്ഞു. ജനകീയാസൂത്രണത്തിന്റെ ആദ്യവർഷത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ ഭവന പുനരധിവാസത്തിനുവേണ്ടി ബൃഹത്തായ പദ്ധതി ഉണ്ടായിരുന്നുവെങ്കിലും, പ്രസ്തുത പദ്ധതി നിശ്ചിത

സമയത്തിനുളളിൽ ചെയ്തു തീർക്കാൻ കഴിയില്ലെന്ന് ബോദ്ധ്യം വന്നതുകൊണ്ടാണ് അന്നിരുന്ന ജില്ലാ പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി VIII, IX, X എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന മുഴുവൻ പട്ടികജാതി കുട്ടികൾക്കും പ്രയോജനം ലഭിക്കത്തക്കവിധം പ്രസ്തുത തുക ഉപയോഗിച്ച് ഡിക്ഷ്ണറി വാങ്ങുന്നതിന് തീരുമാനിച്ചതെന്ന് കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

4. പ്രസ്തുത കാലയളവിലെ സെക്രട്ടറി ശ്രീ. പി. അർജ്ജുനൻ ആയിരുന്നുവെന്നും, സമർപ്പിച്ച പ്രോജക്ടിനേക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം ബോദ്ധ്യപ്പെടുത്തി, ഡി.പി.സി.യുടെ തുടർസാധൂകരണം വാങ്ങിയിട്ടുണ്ടെന്നാണ് ഫയലിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞതെന്നും, ജനകീയാസൂത്രണത്തിന്റെ തുടക്കത്തിലുണ്ടായ അപാകതയാണിതെന്നും കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

5. സമിതി മുൻപാകെ തെളിവു നൽകുന്ന കാരൃങ്ങൾ വസ്തുതാപരമായിരിക്കണമെന്നും, സർക്കാർ പണം ചെലവഴിക്കുമ്പോൾ ചട്ടപ്രകാരം അല്ലെങ്കിൽ ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടാകുകയും, പണം റിയലൈസ് ചെയ്യുന്നതിന് ലയബിലിറ്റി ഫിക്സ് ചെയ്ത് നടപടി സ്വീകരിക്കുകയും ചെയ്യുമെന്ന് സമിതി ഉദ്യോഗസ്ഥരെ ഓർമ്മപ്പെടുത്തുകയും ജനകീയാസൂത്രണത്തിൽ ഡി.പി.സി. എന്ന ഘടകം ഉണ്ടെന്നും, ഡി.പി.സി.യുടെ അംഗീകാരം വാങ്ങിയിട്ടാണ് പ്രോജക്ട് നടപ്പിലാക്കേണ്ടതെന്ന് ഉദ്യോഗസ്ഥർക്ക് അറിയില്ലെന്നത് വളരെ ഖേദകരമാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഡി.പി.സി.യുടെ സാധൂകരണം പിന്നീട് വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

6. സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ നോക്കേണ്ടത് ആരാണെന്നും, ന്യായമായ കിഴിവുകൾ വാഗ്ദാനം ചെയ്ത കോട്ടയം ജില്ലയിലെ സ്ഥാപനങ്ങളെ ഒഴിവാക്കിയതിനുള്ള വിശദീകരണവും കാരണവും സമിതി ആരാഞ്ഞതിന് സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ നോക്കേണ്ടത് സെക്രട്ടറിയാണെന്നും, ഫയൽ പരിശോധിച്ചതിൽ 28% ഡിസ്കൗണ്ടിൽ നാഷണൽ എഡ്യൂക്കേഷണൽ റിസർച്ച് സെന്റർ എന്ന സ്ഥാപനവുമായി ചർച്ച ചെയ്താണ് ഡിക്ഷ്ണറികൾ വാങ്ങിയതായി കാണുന്നതെന്നും കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. 50% വിലക്കുറവിൽ എൻ.ബി.എസ്. മുതലായ സ്ഥാപനങ്ങളിൽ നിന്നും ഡിക്ഷ്ണറികൾ വാങ്ങാമെന്നിരിക്കെ ഒരു സ്വകാര്യ സ്ഥാപനമായ എൻ.ഇ.ആർ.സി. എന്ന സ്ഥാപനത്തിൽ നിന്ന് ഡിക്ഷ്ണറികൾ വാങ്ങാനുണ്ടായ കാരണവും, വാങ്ങിയിട്ടുള്ള ഡിക്ഷ്ണറികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും മുഴുവൻ ഡിക്ഷ്ണറികളും വിതരണം ചെയ്തതിന്റെ വിശദാംശവും അന്വേഷിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:

7. "11-6-1998-ൽ പഞ്ചായത്ത് പ്രസിഡന്റും 23 അംഗങ്ങളും പങ്കെടുത്ത കമ്മിറ്റി മീറ്റിംഗിലാണ് പതിനായിരം ഡിക്ഷ്ണറി വാങ്ങാൻ തീരുമാനിച്ചത്. പട്ടികജാതി ഭവന പദ്ധതിക്ക് വകകൊള്ളിച്ചിരുന്ന ഇരുപത് ലക്ഷം രൂപയിൽ നിന്നും ഡിക്ഷ്ണറി വാങ്ങാൻ

പട്ടികജാതി കുട്ടികളുടെ ഇൻഷ്വറൻസ് നടത്താനും വകമാറ്റാനും പഞ്ചായത്ത് തീരുമാനിച്ചു. ടി തീരുമാനത്തിന് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിന് രേഖയില്ല. പതിനായിരം ഡിക്ഷ്ണറി രണ്ടു തവണയായിട്ടാണ് പഞ്ചായത്ത് വാങ്ങിയത്. രണ്ടാംതവണ മൂവായിരം ഡിക്ഷ്ണറികൾക്ക് പഞ്ചായത്ത് പ്രസിഡന്റ് നേരിട്ടാണ് ഓർഡർ നൽകിയിരിക്കുന്നത്. എൻ.ഇ.ആർ.സി. തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നാണ് ഡിക്ഷ്ണറി വാങ്ങിയത്. എന്ത് അടിസ്ഥാനത്തിലാണ് ടി സ്ഥാപനത്തെ തെരഞ്ഞെടുത്തത് എന്ന് വ്യക്തമല്ല. സാഹിത്യ പ്രവർത്തക സഹകരണ സംഘം തങ്ങളെക്കൂടി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്ത് കൊടുത്തിരുന്നുവെങ്കിലും അത് പരിഗണിച്ചതായി കണ്ടില്ല. എൻ.ഇ.ആർ.സി. നല്കിയ ഡിക്ഷ്ണറിയുടെ ഗുണനിലവാരം ഏതെങ്കിലും വിദഗ്ദ്ധ സമിതി പരിശോധിച്ച് ശുപാർശ ചെയ്തതായും കണ്ടില്ല. ടി സ്ഥാപനം നൽകിയ ഇൻവോയിസിൽ സ്ഥാപനത്തിന്റെ വിൽപ്പനനികുതി രജിസ്ട്രേഷൻ നമ്പർ ഉണ്ടായിരുന്നില്ല. ഈ ഇടപാടിനെക്കുറിച്ച് അന്നത്തെ ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്തെങ്കിലും വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല.

8. പതിനായിരം ഡിക്ഷ്ണറി വാങ്ങാൻ തീരുമാനിക്കുന്നതിനു മുൻപ് അത്രയും പ്രതികളുടെ ആവശ്യകതയെക്കുറിച്ച് അന്വേഷിച്ചതായി കാണുന്നില്ല. 20-8-2003 വരെ 8240 പ്രതികൾ വിതരണം ചെയ്തതായിട്ടാണ് കാണുന്നത്. ബാക്കിയുള്ള പ്രതികൾ പിൽക്കാലത്ത് മറ്റു സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. മേല്പറഞ്ഞ കാരണങ്ങളാൽ പട്ടികജാതി പട്ടികവർഗ്ഗ ഭവന പുനരുദ്ധാരണത്തിന് വകകൊള്ളിച്ചിരുന്ന ഫണ്ട് വകമാറ്റി ഡിക്ഷ്ണറി വാങ്ങാനുള്ള തീരുമാനത്തിന്റെ ഉദ്ദേശശുദ്ധി സംശയാതീതമല്ല."

[തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പിന്റെ 22-3-2008-ലെ 7364/എ.ബി.1/08/ ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.]

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 4-6-2009-ലെ എൽ.എഫ്.9613/ സ്പെ.സെൽ. ജി.2/09/നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

9. "ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് സാധൂകരണം ആവശ്യപ്പെട്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഗവൺമെന്റിലേക്ക് കത്ത് അയച്ചിട്ടുണ്ടെങ്കിലും ഫണ്ട് വകമാറ്റി ചെലവഴിക്കുക, ബഡ്ജറ്റ് പാസാക്കാതെ ചെലവഴിക്കുക തുടങ്ങിയ ഗുരുതരമായ കുറ്റങ്ങൾക്ക് സാധൂകരണം നൽകാൻ ഗവൺമെന്റിനും കഴിയില്ല എന്നതിനാലും അപരിഹാര്യമായ ഇത്തരം നടപടികൾ ആവർത്തിക്കുന്നില്ല എന്ന് പെർഫോർമൻസ് ഓഡിറ്റ് ടീം ഉറപ്പുവരുത്തണമെന്ന് ത.സ്വ.ഭ.വ. വകുപ്പിന്റെ 13-3-2008-ലെ 78443/എബി.2/07 സർക്കുലറിലൂടെ നിർദ്ദേശം നൽകിയിട്ടുള്ളതിനാലും ഖണ്ഡിക ഒഴിവാക്കാവുന്നതാണ്."

## നിഗമനങ്ങൾ/ശുപാർശകൾ

10. **പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിക്ഷ്ണറി വാങ്ങുവാൻ തീരുമാനിക്കുന്നതിനു മുമ്പ് ഇത്രയും ഡിക്ഷ്ണറികൾ ആവശ്യമുണ്ടോ എന്നതു സംബന്ധിച്ച് കണക്കെടുക്കുകയോ ഈ പദ്ധതിക്ക് ഡി.പി.സി.യുടെ അംഗീകാരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. 50% വിലക്കുറവിന് എൻ.ബി.എസ്. പോലുള്ള**

സ്ഥാപനങ്ങൾ ഡിക്ഷ്ണറികൾ നൽകാം എന്ന് അറിയിച്ചിട്ടും വില്പനനികുതി രജിസ്ട്രേഷൻ പോലുമില്ലാത്ത ഒരു സ്ഥാപനത്തിന് 28% വിലക്കുറവിൽ ഓർഡർ നൽകുകയാണുണ്ടായത്. മാത്രമല്ല ഈ സ്ഥാപനം നല്കിയ ഡിക്ഷ്ണറിയുടെ നിലവാരം എന്തെങ്കിലും വിദഗ്ദ്ധ സമിതി പരിശോധിച്ചിട്ടുമില്ല. 7000 ഡിക്ഷ്ണറികൾ വാങ്ങിയതിനുശേഷം അടുത്ത 3000 ഡിക്ഷ്ണറികൾക്ക് ഓർഡർ നൽകുന്നത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നേരിട്ടാണെന്നതും ഈ പർച്ചേയ്സിന്റെ ഉദ്ദേശശുദ്ധി സംബന്ധിച്ച് സംശയമുളവാക്കുന്നു. സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ ഒന്നും തന്നെ പാലിക്കാതെയാണ് ഡിക്ഷ്ണറികൾ വാങ്ങിയിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്ററിലും ലഭിച്ചതും വിതരണം ചെയ്തതുമായ ഡിക്ഷ്ണറികളുടെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നെല്ലാം മനസ്സിലാക്കേണ്ടത് രണ്ടു ലക്ഷം രൂപ വകയിരുത്തിയ ഒരു പദ്ധതിക്ക് മറ്റൊരു പദ്ധതിയിൽ അനുവദിച്ച 17 ലക്ഷം രൂപ ഡി.പി.സി.യുടെ അംഗീകാരം ഇല്ലാതെ വകമാറ്റി ചെലവഴിച്ചതിനു പിന്നിൽ പദ്ധതിപ്പണം ദുരുപയോഗം ചെയ്യുക എന്നതു തന്നെയാണ്. ഈ ഇടപാടിനെക്കുറിച്ച് അന്നത്തെ ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്തെങ്കിലും വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുമില്ല. ഫണ്ട് വകമാറ്റിച്ചെലവഴിച്ചതിന് സാധൂകരണം തേടി പഞ്ചായത്ത് ഗവൺമെന്റിനെ സമീപിച്ചിരുന്നുവെങ്കിലും ഫണ്ട് വകമാറ്റി ചെലവഴിക്കുക, ബഡ്ജറ്റ് പാസ്സാക്കാതെ ചെലവഴിക്കുക തുടങ്ങിയ ഗുരുതരമായ കുറ്റങ്ങൾക്ക് സാധൂകരണം നൽകാൻ ഗവൺമെന്റിനും കഴിയില്ല എന്നാണ് സമിതി മനസ്സിലാക്കുന്നത്. എന്നാൽ ഭാവിയിൽ ഇത്തരം അപരിഹാര്യമായ നടപടികൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിച്ചുകൊണ്ട് ഈ പരാമർശം ഒഴിവാക്കാവുന്നതാണെന്ന ഗവൺമെന്റിന്റെ അപേക്ഷ സമിതി അംഗീകരിക്കുന്നു. എന്നിരുന്നാലും പട്ടികജാതി വിദ്യാർത്ഥികൾക്ക് ഡിക്ഷ്ണറി വാങ്ങിയതുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി തന്റെ കർത്തവ്യം ചട്ടപ്രകാരം നിർവ്വഹിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. കൗൺസിൽ തീരുമാനങ്ങൾ എടുത്താലും, ചട്ടപ്രകാരം പദ്ധതി നടപ്പിലാക്കേണ്ട സെക്രട്ടറി തന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പദ്ധതി നടത്തിപ്പിലെ അപാകതകൾക്ക് സെക്രട്ടറിയും ഉത്തരവാദിതന്നെയാണെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ആയതിനാൽ മേലിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുവാനും പദ്ധതിപണം ചട്ടപ്രകാരം തന്നെ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സർക്കാർ കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**സോയിൽ കൺസർവേഷൻ—ഞർക്കാട് മണ്ണു സംരക്ഷണ പദ്ധതി**

മുണ്ടക്കയം പഞ്ചായത്തിലെ ഞർക്കാട് എന്ന പ്രദേശത്ത് ബണ്ടുകളും സംരക്ഷണ ഭിത്തിയും നിർമ്മിക്കുന്നതിന് 4,00,000 രൂപ എസ്റ്റിമേറ്റുള്ള പ്രോജക്ട് തയ്യാറാക്കുകയുണ്ടായി. പദ്ധതി ഗുണഭോക്തൃ സമിതി നേരിട്ടു ചെയ്യേണ്ടതിനു പകരം ഓരോ ഗുണഭോക്താവും ചെയ്യുന്ന പണിക്ക് ചതുരശ്ര മീറ്ററിന് 33.91 രൂപ നിരക്കിൽ ആനുകൂല്യം നൽകുകയാണുണ്ടായത്. ഈ തീരുമാനത്തിന്റെ മറവിൽ ഒരു പണിയും ചെയ്യാത്ത പല ആളുകൾക്കും പണം നൽകിയതായി കാണുന്നു. അംഗീകരിച്ച ലിസ്റ്റിൽപ്പെടാത്ത 7 പേർക്ക് 93,831 രൂപ അനധികൃതമായി നൽകിയിട്ടുണ്ട്. അപേക്ഷയിൽ പറഞ്ഞിരിക്കുന്ന ബണ്ടിന്റെ അളവുകൾ തിരുത്തി ക്രമക്കേട്

നടത്തിയിട്ടുണ്ട്. അപേക്ഷയിലെ അളവുകളും ബില്ലിനോടൊപ്പമുള്ള സ്റ്റേറ്റ്മെന്റിലെ അളവുകളും എം. ബുക്കിലെ അളവുകളും തമ്മിൽ പൊരുത്തപ്പെട്ടു കാണുന്നില്ല. പദ്ധതിസ്ഥലത്തെ ജനങ്ങൾ പദ്ധതി നടത്തിപ്പിനെപ്പറ്റി പരാതികൾ നൽകിയിട്ടുണ്ടെങ്കിലും പരാതിയിൻമേൽ യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് സമയത്ത് നല്കിയ എൻക്വയറിക്കും മറുപടി നൽകിയിട്ടില്ല. പദ്ധതി നടത്തിപ്പിന്റെ സംശുദ്ധിയിൽ ഓഡിറ്റിന് സംശയമുള്ളതിനാൽ പദ്ധതിയെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തി മേൽനടപടികൾ സ്വീകരിക്കുവാൻ ശുപാർശ ചെയ്യുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക 5.3.(2).]

ഓഡിറ്റ് പരാമർശത്തിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി:

11. മുണ്ടക്കയം പഞ്ചായത്തിലെ ഞർക്കാട് എന്ന പ്രദേശത്ത് കയ്യാലകളും സംരക്ഷണ ഭിത്തിയും നിർമ്മിക്കുന്നതിന് നാലുലക്ഷം രൂപയുടെ പ്രോജക്ടിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതനുസരിച്ച് ഗുണഭോക്തൃ സമിതി മുഖേന 35 ഗുണഭോക്താക്കളുടെ വസ്തുക്കളിൽ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുള്ളതും ആയതിനുള്ള തുക ഗുണഭോക്തൃ സമിതി കൺവീനർ "ചെക്കായി" കൈപ്പറ്റിയിട്ടുള്ളതുമാണ്. അല്ലാതെ ഒരു ഗുണഭോക്താവിനും ആനുകൂല്യം നേരിട്ട് നൽകിയിട്ടില്ല.

12. ഡിപ്പാർട്ടുമെന്റിൽ നിലനിന്നുപോരുന്ന നടപടിക്രമങ്ങളനുസരിച്ച് ഗുണഭോക്തൃ കമ്മിറ്റി കൺവീനർ മുഖേന ഗുണഭോക്താക്കളിൽ നിന്നും വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റ് സഹിതം ലഭിച്ചിട്ടുള്ള അപേക്ഷകൾ സ്വീകരിക്കുകയും ഓരോ വസ്തുക്കളിലും അനുവദിക്കാവുന്ന മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടത്തിയിട്ടുള്ളതുമാണ്. പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തിയുടെ അളവുകൾ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് മെമ്പറുടെ സാന്നിദ്ധ്യത്തിൽ സാങ്കേതിക വിഭാഗം ജീവനക്കാർ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തുകയും ആയതിന്റെ ചെക്ക് മെഷർമെന്റ് ചങ്ങനാശ്ശേരി സോയിൽ കൺസർവേഷൻ ഓഫീസർ നടത്തിയിട്ടുള്ളതുമാണ്. കൺവീനർകൂടി അംഗീകരിച്ചിട്ടുള്ള ടി പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ നൽകിയിട്ടുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും ആണ് ആയതിനുള്ള തുക നിർവ്വഹണ ഉദ്യോഗസ്ഥൻ ചെക്കായി കൺവീനർക്ക് നൽകിയിട്ടുള്ളത്. ഇങ്ങനെ നടപടിക്രമങ്ങൾ എല്ലാം പാലിച്ചാണ് 35 ഗുണഭോക്താക്കളുടെ വസ്തുക്കളിൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

13. അംഗീകരിച്ച ലിസ്റ്റിൽപ്പെടാത്ത 7 പേർക്ക് 93,818 രൂപ അനധികൃതമായി നൽകിയെന്ന ഓഡിറ്റ് പരാമർശം ശരിയല്ല. പ്രോജക്ട് റിപ്പോർട്ടിനോടൊപ്പം നൽകിയിട്ടുള്ള ലിസ്റ്റാണ് അംഗീകൃത ലിസ്റ്റായി ഓഡിറ്റിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ ടി ലിസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുവേണ്ടി പ്രാഥമികമായി തയ്യാറാക്കിയിരുന്ന ഒരു താല്ക്കാലിക ലിസ്റ്റ് മാത്രമാണ്. ഡിപ്പാർട്ട്മെന്റിൽ നിലനിൽക്കുന്ന നടപടിക്രമം അനുസരിച്ച് പ്രോജക്ടിന് അംഗീകാരം ലഭിച്ചതിനുശേഷം, തെരഞ്ഞെടുക്കുന്ന ഗുണഭോക്തൃസമിതിയുടെ കൺവീനർ മുഖേന വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ നൽകിയിട്ടുള്ള 45 ഗുണഭോക്താക്കളുടെ വസ്തുക്കളിലാണ്

മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. അപേക്ഷയിൽ പറഞ്ഞിരിക്കുന്ന ബണ്ടിന്റെ അളവുകൾ തിരുത്തി ക്രമക്കേട് നടത്തിയിട്ടുണ്ട് എന്ന ഓഡിറ്റ് പരാമർശം ശരിയല്ല. യഥാർത്ഥത്തിൽ അപേക്ഷയുടെ ഒരു ഭാഗമായ ഓരോ പ്ലോട്ടിന്റേയും എസ്റ്റിമേറ്റ് സമയക്കുറവുമൂലം വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മുൻപു തന്ന ഓരോ ഗുണഭോക്താവും പറഞ്ഞുകൊടുക്കുന്ന സ്ഥലവിസ്തൃതിക്കനുസൃതമായി ഫീൽഡ് സ്റ്റാഫ് തയ്യാറാക്കിയതാണ്. എന്നാൽ വില്ലേജാഫീസർ നൽകിയ സർട്ടിഫിക്കറ്റിലെ സ്ഥലവിസ്തൃതിക്കനുസൃതമായി ഈ എസ്റ്റിമേറ്റിൽ ഓരോ വസ്തുവിലും അനുവദിക്കാവുന്ന പ്രവൃത്തികൾക്ക് ഏറ്റക്കുറച്ചിൽ വന്നിട്ടുള്ളതും ആയതിനാൽ തിരുത്തലുകൾ ആവശ്യമായി വന്നിട്ടുള്ളതുമാണ്. ടി തിരുത്തലുകളാണ് അപേക്ഷയിൽ പറഞ്ഞിരിക്കുന്ന ബണ്ടിന്റെ അളവുകൾ തിരുത്തി ക്രമക്കേട് നടത്തിയതായി ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്നത്. ഓരോ പ്ലോട്ടുകളിലും ചെയ്ത പണികൾ മാത്രമാണ് മെഷർമെന്റ് ബുക്കിലും സ്റ്റേറ്റ്മെന്റിലും രേഖപ്പെടുത്തിയിട്ടുള്ളത്. മെഷർമെന്റ് ബുക്കിലെയും സ്റ്റേറ്റ്മെന്റിലെയും അളവുകളിൽ വ്യത്യാസം ഇല്ല. എന്നാൽ ഈ അളവുകൾ എല്ലാംതന്നെ എസ്റ്റിമേറ്റ് അനുസരിച്ച് ഓരോ പ്ലോട്ടുകളിലും അനുവദിക്കാവുന്ന അളവുകളിൽ കുറവുമാണ്.

14. പദ്ധതി പ്രദേശത്തെ ജനങ്ങൾ നൽകിയ പരാതിയിൻമേൽ അന്വേഷണം നടത്തി ആയതിനുള്ള മറുപടി R(3) 489/98 dated 22-7-1998, 31-7-1998 എന്നീ കത്തുകൾ പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ നൽകിയിട്ടുള്ളതാണ്.

15. 1997-98 പ്രവൃത്തികളുടെ ഓഡിറ്റ് നടന്നത് 2002-03 ലാണ്. ആ സമയത്ത് ഈ സ്കീമുമായി ബന്ധപ്പെട്ട സോയിൽ കൺസർവേഷൻ ആഫീസിലെ ജീവനക്കാർ ആരുംതന്നെ ഈ ജില്ലയിൽ ഉണ്ടായിരുന്നില്ല. അതിനാലാണ് ഓഡിറ്റ് നടന്ന സമയത്ത് തന്നെ മറുപടി നല്കുവാൻ കഴിയാതിരുന്നത്.

16. ജനകീയാസൂത്രണ പദ്ധതിയുടെ ആദ്യ വർഷത്തിൽ ഡിപ്പാർട്ടുമെന്റിന്റെ നടപടിക്രമങ്ങൾ എല്ലാംതന്നെ പാലിച്ച് വളരെ കുറഞ്ഞ സമയംകൊണ്ട് പൂർത്തീകരിച്ച ടി പ്രവൃത്തിയിലുള്ള ഓഡിറ്റ് പരാമർശം മുകളിൽ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

(3-12-2007-ലെ 70398/എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

17. ഞർക്കാട് മണ്ണു സംരക്ഷണ പ്രോജക്ടിൽ കൺവീനർക്ക് തുക നൽകുന്നതിനുപകരം ഗുണഭോക്താക്കൾക്ക് നേരിട്ട് ധനസഹായം അനുവദിച്ച ഓഡിറ്റ് പരാമർശത്തിൻമേലുള്ള വിശദീകരണവും, പദ്ധതി സ്ഥലത്തെ ജനങ്ങൾ പദ്ധതി നടത്തിപ്പിനെപ്പറ്റി പരാതികൾ നൽകിയതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്നുള്ള സമിതിയുടെ ചോദ്യത്തിന് വകുപ്പിൽ നിന്ന് കൺവീനർക്ക് തന്നെയാണ് ചെക്ക് നൽകിയിരിക്കുന്നതെന്നും ആയതിന് രേഖയുണ്ടെന്നും, പദ്ധതി സംബന്ധിച്ച് പരാതി ഉണ്ടായപ്പോൾത്തന്നെ ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ അന്വേഷണം നടത്തുകയും പരാതിയിൽ കഴമ്പില്ലെന്നു മനസ്സിലായതിന്റെയടിസ്ഥാനത്തിൽ കളക്ടർക്ക് വ്യക്തമായ മറുപടി നൽകി, ആ വിവരം ഓഡിറ്റ് വകുപ്പിനെ അറിയിച്ചതായും സോയിൽ കൺസർവേഷൻ ഓഫീസർ സമിതിയെ അറിയിച്ചു.

18. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ആരാണെന്ന് സമിതി ആരാഞ്ഞതിന് ജില്ലാ പഞ്ചായത്ത് മെമ്പറുടെ സാന്നിദ്ധ്യത്തിൽ കമ്മിറ്റി രൂപീകരിച്ച് കൺവീനറെ തെരഞ്ഞെടുത്തതിനുശേഷം വില്ലേജാഫീസിൽ നിന്ന് കിട്ടുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഓവർസിയറുടെയും ബന്ധപ്പെട്ട വർക്ക് സൂപ്രണ്ടിന്റെയും സർവ്വേയറുടെയും സാന്നിദ്ധ്യത്തിൽ സോയിൽ കൺസർവേഷൻ ഓഫീസറാണ് ഗുണഭോക്താക്കളുടെ ഫൈനൽ ലിസ്റ്റ് തയ്യാറാക്കുന്നതെന്ന് സോയിൽ കൺസർവേഷൻ ഓഫീസർ അറിയിച്ചു. 38 പേരുടെ ലിസ്റ്റാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ഉണ്ടായിരുന്നതെന്നും, പദ്ധതി നടപ്പാക്കിയപ്പോൾ വാട്ടർഷെഡ്ഡിനകത്ത് വരുന്നവരുടെ ആപ്ലിക്കേഷനും കൈവശ സർട്ടിഫിക്കറ്റും ഉള്ളവർക്ക് മാത്രമേ തുക നൽകിയിട്ടുള്ളൂവെന്നും സോയിൽ കൺസർവേഷൻ ഓഫീസർ സമിതിയെ അറിയിച്ചു. ജനകീയാസൂത്രണത്തിന്റെ ആദ്യകാലങ്ങളിൽ ഗുണഭോക്തൃ ലിസ്റ്റ് വേണമെന്ന് നിർബന്ധം ഉണ്ടായിരുന്നുവെങ്കിലും ഗുണഭോക്തൃ ലിസ്റ്റിനെ സംബന്ധിച്ച് ധാരാളം പ്രശ്നങ്ങൾ വന്നതുകൊണ്ട് ഇപ്പോൾ ഗുണഭോക്തൃ ലിസ്റ്റ് വയ്ക്കാറില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സോയിൽ കൺസർവേഷൻ ഓഫീസർ ഹാജരാക്കിയ രേഖകൾ പരിശോധിച്ച് ആയതിന്മേലുള്ള റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നുള്ള സമിതി നിർദ്ദേശമനുസരിച്ച്, 21-1-2008-ലെ എൽ.എഫ്. 20086/സ്പെഷ്യൽ.സെൽ ജി2/07 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പരിശോധന റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

19. "5-12-2007-ൽ ചേർന്ന ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് നിയമസഭാ സമിതി യോഗം ജില്ലാ മണ്ണുസംരക്ഷണ ഓഫീസർക്ക് നിർദ്ദേശം നൽകിയതനുസരിച്ച് 13-12-2007-ൽ നമ്പർ ആർ(3) 981/2007 കത്ത് മുഖേന വിശദീകരണവും ഖണ്ഡികയിൽ പരാമർശിച്ചിരുന്ന വ്യക്തികളുടെ അപേക്ഷകളുടെയും അനുബന്ധരേഖകളുടെയും ഫോട്ടോസ്റ്റാറ്റ് പകർപ്പുകളും പരിശോധനയ്ക്കായി സമർപ്പിച്ചിരുന്നു. ബന്ധപ്പെട്ട ജില്ലാ മണ്ണുസംരക്ഷണ ഓഫീസറുടെ വിശദീകരണങ്ങൾ നേരിൽ കേട്ടതിന്റെയും രേഖകൾ വിശദമായി പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കുറിപ്പുകൾ ചുവടെ ചേർക്കുന്നു:

(1) <u>അപേക്ഷകളിൽ തിരുത്തലുകൾ വന്നതും എം. ബുക്കിലെ അളവുകളുമായി പൊരുത്തപ്പെടാത്തതും-സംബന്ധിച്ച്</u>

പ്രസ്തുത അപാകതയ്ക്ക് ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ നൽകിയ വിശദീകരണം ഇപ്രകാരമാണ്. അപേക്ഷകർ കൈവശാവകാശ സാക്ഷ്യപത്രം സഹിതം അപേക്ഷ സമർപ്പിക്കുന്നതനുസരിച്ച് യഥാക്രമം സർവ്വേയർ/വർക്ക് സൂപ്രണ്ട്, ഓവർസിയർ എന്നിവർ സ്ഥലം സന്ദർശിച്ച് പ്രാഥമിക പരിശോധന നടത്തി ചെയ്യേണ്ട പ്രവൃത്തിയുടെ (കയ്യാല നിർമ്മാണം) അളവ് (എസ്റ്റിമേറ്റ്) തയ്യാറാക്കുകയും പ്രസ്തുത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി തുടങ്ങാൻ മണ്ണു സംരക്ഷണ ഓഫീസർ അനുമതി നൽകുകയുമാണ് ചെയ്യുന്നത്. പിന്നീട് യഥാർത്ഥത്തിൽ ചെയ്ത പണികളുടെ അളവ് കൃത്യമായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തി ചെക്ക് മെഷർ ചെയ്താണ്

ധനസഹായം നൽകുന്നത്. വ്യത്യസ്ത അളവുകൾ ചെയ്യേണ്ടിവരുമെന്ന് വ്യത്യസ്ത തലത്തിലുള്ള ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് ശുപാർശ ചെയ്തതിനാലാകാം അപേക്ഷകളിൽ അപ്രകാരം തിരുത്തലുകൾ വന്നതെന്നും യഥാർത്ഥത്തിൽ ചെയ്ത അളവുകൾക്ക് മാത്രമാണ് (അപേക്ഷയിലുള്ളതിലും കുറവ്) സബ്സിഡി നൽകിയത്. ടി വിശദീകരണം അംഗീകരിക്കാവുന്നതാണെന്ന് കരുതുന്നു.

(2) ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്ത അപേക്ഷകർക്ക് ധനസഹായം അനുവദിച്ചത് സംബന്ധിച്ച്

ടി അപാകത സംബന്ധിച്ച് ബന്ധപ്പെട്ട മണ്ണു സംരക്ഷണ ഉദ്യോഗസ്ഥൻ നൽകിയ വിശദീകരണം ചുവടെ ചേർക്കുന്നു:

"കൃഷി വകുപ്പിന് കീഴിലുള്ള മണ്ണുസംരക്ഷണ വിഭാഗം മണ്ണു ജലസംരക്ഷണ പദ്ധതിക്കായി തയ്യാറാക്കുന്ന പ്രോജക്ട് ഒരു പ്രത്യേക പ്രദേശത്തെ മൊത്തമായി കണക്കാക്കിയാണ് രൂപീകരിക്കുന്നത്. ആയതിനാൽ ടി പ്രദേശത്തിന്റെ പരിധിക്കുള്ള സ്ഥലത്തിന്റെ ഉടമസ്ഥാവകാശമുള്ള ഓരോ വ്യക്തിയും പ്രസ്തുത പ്രോജക്ടിന്റെ ഗുണഭോക്താവായിരിക്കും. ഞർക്കാട് മണ്ണുസംരക്ഷണ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഗുണഭോക്തൃസമിതിയുടെ യോഗം നടത്തിയവേളയിൽ ഹാജരായിരുന്ന ഗുണഭോക്താക്കളുടെ പട്ടികയാണ് ഫയലിൽ സൂക്ഷിച്ചിരുന്നത്. ഇത് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റായിരുന്നില്ല. ഗുണഭോക്തൃസമിതി യോഗത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്ന പ്രസ്തുത പ്രദേശത്ത് സ്ഥലമുള്ള വ്യക്തികൾ കൈവശാവകാശ സാക്ഷ്യപത്രം സഹിതം അപേക്ഷകൾ പിന്നീട് സമർപ്പിച്ചതിനാൽ ആയവരെയും പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ അനുവാദം നൽകിയിരുന്നു. ഫണ്ട് ലഭ്യതക്കുറവുമൂലം (4,00,000 രൂപ അടങ്കൽ) യഥാസമയം പ്രവൃത്തി പൂർത്തീകരിച്ച 35 പേർക്കാണ് ധനസഹായം നൽകാൻ സാധിച്ചത്. തൻമൂലം താമസവേല പൂർത്തീകരിച്ച ചില വ്യക്തികൾക്ക് ധനസഹായം ലഭിക്കാതെ വരികയും പരാതിക്കിടയാവുകയും ചെയ്തു. പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിരുന്നതുമാണ്. പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെട്ടില്ലെങ്കിലും യഥാർത്ഥ ഗുണഭോക്താക്കൾക്കു തന്നെയാണ് സബ്സിഡി വിതരണം നടത്തിയിട്ടുള്ളത്."

ഫയലിനൊപ്പമുള്ള ലിസ്റ്റിൽ ഗ്രാമസഭാ അംഗീകാരം സംബന്ധിച്ച് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെ/പ്രസിഡന്റിന്റെ സാക്ഷ്യപത്രമൊന്നും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, ലിസ്റ്റിൽ ഉൾപ്പെടാതിരുന്ന 7 പേരും പദ്ധതിയുടെ എലുകകൾക്കകത്ത് വരുന്നവരും പ്രാഥമിക ലിസ്റ്റ് തയ്യാറാക്കിയപ്പോൾ വിട്ടുപോയിട്ടുള്ളതുമാണെന്ന് ജില്ലാ മണ്ണു സംരക്ഷണ ഓഫീസ് പ്രസ്താവിക്കുന്നു. ഈ സാഹചര്യത്തിൽ "യോഗത്തിൽ പങ്കെടുത്തവരുടെ പ്രാഥമിക ലിസ്റ്റാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളതെന്നും യഥാർത്ഥ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയത്" എന്നുമുള്ള മണ്ണുസംരക്ഷണ ഓഫീസറുടെ വിശദീകരണം ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റിന് സർക്കാർ സാധൂകരണം ലഭ്യമായാൽ അംഗീകരിക്കാവുന്നതാണ്.

(3) വ്യക്തിഗത ഗുണഭോക്താക്കൾക്ക് നേരിട്ട് ധനസഹായം നൽകിയത്-സംബന്ധിച്ച്

പ്രസ്തുത പദ്ധതി ഗുണഭോക്തൃസമിതി മുഖേന നടത്തുവാനാണ് നിശ്ചയിച്ചിരുന്നത്. ആയതുപ്രകാരം പദ്ധതി നിർവ്വഹണം നടത്തിയ ഗുണഭോക്തൃസമിതി കൺവീനർ തന്നെയാണ് തുക കൈപ്പറ്റിയിട്ടുള്ളത്. തുക കൈപ്പറ്റിയതിന്റെ രേഖ (ചെക്കിന്റെ കൗണ്ടർഫോയിൽ) പരിശോധനാവേളയിൽ ഹാജരാക്കുകയുണ്ടായി.

സ്ഥലംമാറ്റം ലഭിച്ച് വിദൂര ജില്ലയിൽ ജോലി ചെയ്തിരുന്നതിനാൽ 1997-1998 സാമ്പത്തിക വർഷം നടപ്പാക്കിയ പ്രസ്തുത പദ്ധതിയുടെ ഓഡിറ്റ് വേളയിൽ (22-11-2002—13-12-2002) നേരിട്ട് ഹാജരായി വിശദീകരണം നൽകുവാനും ആവശ്യമായ രേഖകൾ ഹാജരാക്കുവാനും സാധിച്ചില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ബോധിപ്പിക്കുകയുണ്ടായി.

ടി പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങാതിരുന്നതിനാൽ, നിലവിലുണ്ടായിരുന്ന പദ്ധതി മാനദണ്ഡങ്ങളനുസരിച്ചല്ല ലിസ്റ്റ് തയ്യാറാക്കിയത് എന്ന് വിലയിരുത്തുന്നു. 9 പ്രോജക്ട് ഫയലിലുള്ള പ്രാഥമിക ഗുണഭോക്തൃലിസ്റ്റിൽ നിന്നും വില്ലേജാഫീസർ നൽകുന്ന കൈവശാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ ടി നടപടിക്ക് സർക്കാരിൽ നിന്നുള്ള സാധൂകരണം ലഭിക്കുന്നപക്ഷം ആയതിന്റെ അടിസ്ഥാനത്തിൽ തടസ്സവാദം ഒഴിവാക്കാവുന്നതാണെന്നും അഭിപ്രായപ്പെടുന്നു.

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

20. **മണ്ണുസംരക്ഷണ പദ്ധതിക്കായി തയ്യാറാക്കിയ പ്രോജക്ട് ഒരു പ്രത്യേക പ്രദേശത്തെ മൊത്തമായി കണക്കാക്കിയാണ് തയ്യാറാക്കുന്നത് എന്നും പദ്ധതിയുടെ എലുകകൾക്കകത്ത് വസ്തുഉള്ളവരും എന്നാൽ ആ പ്രദേശത്ത് താമസിക്കാത്ത വ്യക്തികളും പ്രാഥമിക ലിസ്റ്റ് തയ്യാറാക്കിയപ്പോൾ വിട്ടുപോയിട്ടുള്ളവരുമാണ് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ലിസ്റ്റിൽപ്പെടാത്ത 7 ഗുണഭോക്താക്കളെന്നുമുള്ള മണ്ണുസംരക്ഷണ ഉദ്യോഗസ്ഥരുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്തവർക്കും ധനസഹായം നൽകിയെന്ന ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.**

21. **അപേക്ഷകളിൽ തിരുത്തലുകൾ വന്നതും എം. ബുക്കിലെ അളവുകളുമായി പൊരുത്തപ്പെടാത്തതു സംബന്ധിച്ചും, വ്യക്തിഗത ഗുണഭോക്താക്കൾക്ക് നേരിട്ട് ധനസഹായം നൽകിയതും സംബന്ധിച്ചുള്ള ഓഡിറ്റ് തടസ്സങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയുടെ വെളിച്ചത്തിൽ ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിലകൊടുത്ത ബിറ്റുമിൻ യഥാസമയം ഏറ്റുവാങ്ങാതിരുന്നതിനാൽ നഷ്ടം സംഭവിച്ചു.**

കോട്ടയം ജില്ലാ പഞ്ചായത്ത് ഡിവിഷൻ 1998-99 വർഷം ഏറ്റെടുത്ത മരാമത്ത് പണികളുടെ നടത്തിപ്പിലേക്കായി 2757 ബാരൽ ബിറ്റുമെൻ വാങ്ങിക്കുന്നതിന്

24-3-1999-ൽ കൂടിയ ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും 1374.165 രൂപ പ്രകാരം ക്വാട്ട് ചെയ്ത കൊച്ചിൻ റിഫൈനറിസിന് 2757 ബാരൽ ബിറ്റുമിന്നിന്റെ വില യിനത്തിൽ 37,88,573 രൂപയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് 31-3-1999-ൽ എടുക്കുകയുണ്ടായി. എന്നാൽ ടി ഡ്രാഫ്റ്റ് 15-6-1999-ന് മാത്രമാണ് കൊച്ചിൻ റിഫൈനറീസിന് അയച്ചുകൊടുത്തിട്ടുള്ളത്. ഡ്രാഫ്റ്റ് അയച്ചുകൊടുത്തതിനുശേഷം റിഫൈനറിയിൽ നിന്നും ബിറ്റുമിൻ കൈപ്പറ്റുന്നതിനുള്ള യാതൊരുവിധ നടപടിയും ജില്ലാ പഞ്ചായത്തധികൃതർ നടത്തിയിട്ടില്ല. കൊച്ചിൻ റിഫൈനറി അതിന്റെ മാർക്കറ്റിംഗ് ഇടപാടുകൾ ഇൻഡ്യൻ ഓയിൽ കോർപ്പറേഷനെ ഏൽപ്പിക്കുന്നതിനാൽ 8-9-1999-ന് മുമ്പ് ബിറ്റുമിൻ ഏറ്റുവാങ്ങണമെന്ന് റിഫൈനറി ആവശ്യപ്പെട്ടിരുന്നെങ്കിലും ജില്ലാ പഞ്ചായത്ത് അധികൃതർ അപ്രകാരം ചെയ്തില്ല. ജില്ലാ പഞ്ചായത്തിൽ നിന്നും അടച്ചതും കൊച്ചിൻ റിഫൈനറീസിന്റെ ക്രെഡിറ്റിലുള്ളതുമായ തുകയും സപ്ലൈ ഓർഡറും ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് ട്രാൻസ്ഫർ ചെയ്യാമെന്നും അതിനുള്ള സമ്മതം 21-10-1999-നുമുമ്പ് അറിയിക്കണമെന്നുള്ള റിഫൈനറി അധികൃതരുടെ കത്തിന്മേൽ യാതൊരു നടപടിയും പഞ്ചായത്തധികൃതർ നൽകിയില്ല. അതിനാൽ ബിറ്റുമിന്നിനുവേണ്ടി നൽകിയ 37,88,573 രൂപ തിരിച്ചുനൽകി എങ്കിലും ചെക്ക് തിരികെ സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ആവശ്യപ്പെട്ട ബിറ്റുമിൻ ഇൻഡ്യൻ ഓയിൽ കോർപ്പറേഷനിലൂടെ സപ്ലൈ ചെയ്യണമെന്ന അഭ്യർത്ഥനമാനിച്ച് 1408 ബാരൽ ബിറ്റുമിൻ പഞ്ചായത്തിന് സപ്ലൈ ചെയ്യുകയുണ്ടായി. ആയതിന്റെ വിലയായി 28,43,923 രൂപ ഈടാക്കിയശേഷം 9,44,650 രൂപ ജില്ലാ പഞ്ചായത്തിനെ തിരികെ ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ റിഫൈനറി ആദ്യം നൽകിയ ഇൻവോയിസ് പ്രകാരം ബിറ്റുമിൻ വാങ്ങിയിരുന്നുവെങ്കിൽ 1408 ബാരൽ ബിറ്റുമിന്നിന് 19,34,831 രൂപ മാത്രമേ വില ആകുമായിരുന്നുള്ളൂ. ജില്ലാ പഞ്ചായത്തധികൃതരുടെ കാര്യക്ഷമത ഇല്ലായ്മമൂലം 9,09,092 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക 5.3(3).]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:

22. കൊച്ചിൻ റിഫൈനറീസിന്റെ 30-3-1999-ലെ പ്രൊ ഫോർമ ഇൻവോയ്സ് പ്രകാരം 2757 ബാരൽ ബിറ്റുമിൻ വാങ്ങുന്നതിന് 37,88,573 രൂപയുടെ ഡി.ഡി. എടുക്കുന്നതിന് 31-3-1999-ൽ നടപടി സ്വീകരിക്കുകയും ലഭിച്ച ഡി.ഡി. കൈപ്പറ്റുവാൻ കൊച്ചിൻ റിഫൈനറീസിനെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ കൊച്ചിൻ റിഫൈനറീസ് അധികൃതർ ജില്ലാ പഞ്ചായത്തിൽ വന്ന് ഡി.ഡി. കൈപ്പറ്റാതിരുന്നതിനാലാണ് 15-6-1999-ൽ അയച്ചുകൊടുത്തിട്ടുള്ളത്. ജില്ലാ പഞ്ചായത്തിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്ത് ടി ബിറ്റുമിൻ ഏറ്റെടുത്ത് സൂക്ഷിക്കുവാൻ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 3-6-1999-ലെ കെ.ഡി.പി.3/269/99-ാം നമ്പർ കത്തുപ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഇതിനിടയിൽ കൊച്ചിൻ റിഫൈനറീസ് ബിറ്റുമിന്റെ വിപണനം ഇൻഡ്യൻ ഓയിൽ കോർപ്പറേഷനെ ഏൽപ്പിക്കുകയും അങ്ങനെ 8-9-1999-ന് മുൻപായി ബിറ്റുമിൻ ഏറ്റെടുക്കണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിക്കുകയും ചെയ്തു. എന്നാൽ ജില്ലാ പഞ്ചായത്ത് ഭവൻ നിർമ്മിക്കുവാനുള്ള

സിവിൽ സ്റ്റേഷൻ ഭാഗത്ത് ടി ബിറ്റുമിൻ വാങ്ങി ശേഖരിക്കുന്നത് പാടില്ലായെന്ന് അന്നത്തെ ജില്ലാ കളക്ടർ നിർദ്ദേശിക്കുകയുണ്ടായി. ഇത്രയും ബാരൽ ബിറ്റുമിൻ ശേഖരിച്ച് സൂക്ഷിക്കുന്നതിന് മറ്റൊരു സൗകര്യമില്ലാതിരുന്നതിനാലും ടി ഓഫീസിൽ വാച്ച്മാൻ ഇല്ലാതിരുന്നതിനാലും ഉദ്ദേശിച്ച രീതിയിൽ ബിറ്റുമിൻ ഏറ്റെടുക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ആവശ്യമുള്ള സമയത്ത് ഇൻഡ്യൻ ഓയിൽ കോർപ്പറേഷനിൽ നിന്നും ബിറ്റുമിൻ ശേഖരിക്കുന്നതിനായി കൺവീനർമാർക്കും കോൺട്രാക്ടർമാർക്കും ഇൻഡന്റ് നൽകുകയാണുണ്ടായത്. ഇപ്രകാരം മുഴുവൻ ബിറ്റുമിനും ഇഷ്യൂ ചെയ്തിട്ടുള്ളതാണ്.

(3-12-2007-ലെ 70398/എബി$_1$/07/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

23. കോട്ടയം ജില്ലാ പഞ്ചായത്ത് ഡിവിഷൻ 1998-99 വർഷം ഏറ്റെടുത്ത മരാമത്ത് പണികളുടെ നടത്തിപ്പിലേക്കായി 2757 ബാരൽ ബിറ്റുമിൻ വാങ്ങുന്നതിനായി 31-3-1999-ൽ 37,88,573 രൂപ ഡിമാന്റ് ഡ്രാഫ്റ്റായി പിൻവലിച്ചശേഷം ആയത് കൊച്ചിൻ റിഫൈനറിയിലെ ഉദ്യോഗസ്ഥൻമാർ ജില്ലാ പഞ്ചായത്താഫീസിൽ വന്ന് കൈപ്പറ്റാത്തതുമൂലം 15-6-1999 വരെ കൈവശം സൂക്ഷിച്ചു എന്ന വാദം അംഗീകരിക്കാൻ സാധിക്കുന്നതല്ലെന്നും ഈ സംഭവം വ്യക്തമാക്കുന്നത് ഉദ്യോഗസ്ഥന്മാരുടെ ഉത്തരവാദിത്വമില്ലായ്മയാണെന്നും സമിതി അഭിപ്രായപ്പെട്ടു. മുൻകൂർ പണം പിൻവലിച്ച് D.D. ആക്കി വയ്ക്കുകയും ബിറ്റുമിൻ യഥാസമയം വാങ്ങാതിരിക്കുകയും ചെയ്തതുമൂലം ഏകദേശം 2 ½ മാസക്കാലത്തോളം 37,88,573 രൂപ പഞ്ചായത്തു ഫണ്ടിൽ നിന്നും നിർജ്ജീവമായിപ്പോയെന്നും, കൊച്ചിൻ റിഫൈനറീസ് ആദ്യം നൽകിയ ഇൻവോയിസ് അനുസരിച്ച് യഥാസമയം ബിറ്റുമിൻ വാങ്ങാതിരിക്കുകയും പിന്നീട് കൂടിയ വിലയിൽ വാങ്ങുകയും ചെയ്തതുമൂലം പഞ്ചായത്തിനു 9,09,092 രൂപയുടെ നഷ്ടം ഉണ്ടായെന്നും സമിതി ചൂണ്ടിക്കാട്ടി. ഇതിനുത്തരവാദി പഞ്ചായത്ത് സെക്രട്ടറി തന്നെയാണെന്നും സമിതി വിലയിരുത്തി.

**നിഗമനങ്ങൾ/ശുപാർശകൾ**

**24. ബിറ്റുമിൻ യഥാസമയം ഏറ്റുവാങ്ങാത്തതിനാൽ, ബിറ്റുമിന്റെ വിലവ്യതിയാനംമൂലം പഞ്ചായത്തിന് 9,09,092 രൂപ അധികമായി ചെലവഴിക്കേണ്ടിവന്നതിന് ഉത്തരവാദി പ്രസ്തുത കാലയളവിലെ സെക്രട്ടറി തന്നെയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അധികമായി 9,09,092 രൂപ ചെലവഴിച്ചതിന് കാരണക്കാരനായ സെക്രട്ടറിയുടെ പേരിൽ ബാദ്ധ്യത നിശ്ചയിച്ച് തുക ഈടാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ അനുമതിയില്ലാതെ 30%-ൽ അധികം ടെണ്ടർ എക്സസ് നൽകിയത്—അധിക ചെലവ് നിരാകരിക്കുന്നു**

1997-98 വർഷം ലഭിച്ച പദ്ധതിവിഹിതത്തിൽ നിന്നും 1,44,50,000 രൂപ ഡി.ആർ.ഡി.എ. പ്രോജക്ട് ഓഫീസർക്ക് അനുവദിച്ചിരുന്നു. ടി തുകയിൽ 1,29,53,154 രൂപ പദ്ധതിയേതര നിർമ്മാണ പ്രവർത്തികൾക്കായി വിനിയോഗിച്ചു. എന്നാൽ കരാർ

അടിസ്ഥാനത്തിൽ നിർവ്വഹിക്കപ്പെട്ട ടി പ്രവൃത്തികൾക്ക് സർക്കാർ നിർദ്ദേശം ലംഘിച്ച് 30%-ൽ അധികം ടെന്റർ എക്സസ് നൽകിയിരിക്കുന്നു. സർക്കാർ സർക്കുലർ 21945/ഡി1/98 എൽ.എ.ഡി. 28-5-1998 അനുസരിച്ച് ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിക്കാവുന്ന പരമാവധി ടെന്റർ എക്സസ് 30% ആണ്. അതിനുമുകളിൽ ടെണ്ടർ എക്സസ് നൽകാൻ സർക്കാരിന് മാത്രമേ അധികാരമുണ്ടായിരിക്കയുള്ളൂ എന്നും മുൻകൂട്ടി അനുവാദം വാങ്ങാതെ 30%-ൽ അധികം ടെന്റർ എക്സസ് അനുവദിച്ചാൽ ഒരു കാരണവശാലും സാധൂകരണം നൽകില്ലായെന്നും ടി സർക്കുലറിൽ വ്യക്തമാക്കിയിരിക്കുന്നു. ഇപ്രകാരം 27 പ്രവൃത്തികൾക്കായി 30%-ൽ അധികം ടെന്റർ എക്സസ് നൽകിയതിനാൽ ആകെ 21,43,378 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിക്കാവുന്ന ടെന്റർ എക്സസിന്റെ പരിധി നിശ്ചയിച്ച് സർക്കാർ ഉത്തരവിറക്കിയ 28-5-1998-ന് ശേഷമാണ് എല്ലാ പ്രവൃത്തികൾക്കും കരാർ ഒപ്പിട്ടത് എന്നത് സെക്രട്ടറിയുടെ കൃത്യവിലോപത്തെയാണ് സൂചിപ്പിക്കുന്നത്. നഷ്ടപ്പെട്ട 21,43,378 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക 5.3(4).]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:

25. ജില്ലാ പഞ്ചായത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രസിഡന്റ് എന്നിവർ അടങ്ങിയ ഒരു സമിതിയാണ് ടെന്റർ ഉറപ്പിക്കുന്നതും അംഗീകരിക്കുന്നതും. ടെന്റർ ക്ഷണിച്ചിട്ടും എസ്റ്റിമേറ്റ് തുകയ്ക്കോ ആയതിന്റെ 30 ശതമാനം എക്സസ് തുകയ്ക്കുപോലുമോ ടി പ്രവർത്തികൾ ഏറ്റെടുക്കാൻ ആരും തയ്യാറാകാതിരുന്നതിനാലാണ് ടെന്റർ എക്സസ് നിരക്കിലും അധിക നിരക്കിൽ പ്രവർത്തികൾക്ക് കരാറിൽ ഒപ്പിടേണ്ടിവന്നത്. മാത്രവുമല്ല, ടെണ്ടർ എക്സസ്പരിധി നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഓഫീസിൽ ലഭിച്ചത് ടി പ്രവർത്തികൾക്കായി കരാറിലേർപ്പെട്ടതിനു ശേഷമാണ്. 1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുവാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്യേണ്ടി വന്നത്. ജനകീയാസൂത്രണത്തിന്റെ പ്രാരംഭഘട്ടങ്ങളിൽ വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നില്ല. ഘട്ടംഘട്ടമായിട്ടാണ് ഗവൺമെന്റ് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുള്ളത്. ഇക്കാരണത്താൽ പദ്ധതി നടത്തിപ്പിൽ പല പാകപ്പിഴകളും സംഭവിച്ചിട്ടുണ്ട്. 1997-1998, 1998-1999 വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതികളുടെ ഓഡിറ്റ് നടത്തുന്നതുതന്നെ 2002-2003 വർഷങ്ങളിലാണ്. ആയതിനാൽ ടി സ്കീമുകളെ സംബന്ധിച്ചുള്ള വ്യക്തമായ മറുപടികൾ നൽകുന്നതിനോ ഫയലുകൾ ഹാജരാക്കുന്നതിനോ വ്യക്തമായ ഫയൽ സിസ്റ്റം ഇല്ലാതിരുന്നതിനാലും അന്നത്തെ നിർവ്വഹണോദ്യോഗസ്ഥൻമാർ ആരുംതന്നെ ജില്ലയിൽ ഇല്ലാതിരുന്നതിനാലും വ്യക്തമായ ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകുവാൻ സാധിച്ചിരുന്നില്ല.

(3-12-2007-ലെ 70398/എബി1/07/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

26. 1997-1998, 1998-1999 വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതികളുടെ ഓഡിറ്റ് നടന്നതുതന്നെ 2002-2003 വർഷങ്ങളിലാണെന്നും ആയതിനാൽ ടി സ്കീമുകളെ സംബന്ധിച്ചുള്ള വ്യക്തമായ മറുപടി നൽകുന്നതിനോ ഫയലുകൾ ഹാജരാക്കുന്നതിനോ, വ്യക്തമായ ഫയൽസിസ്റ്റം ഉണ്ടായിരുന്നില്ല എന്ന് മാത്രവുമല്ല അന്നത്തെ നിർവ്വഹണോദ്യോഗസ്ഥർ ആരുംതന്നെ ജില്ലയിൽ ഇല്ലാതിരുന്നതിനാൽ വ്യക്തമായി ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകുവാൻ സാധിച്ചിരുന്നില്ല എന്നും സമിതിക്ക് ലഭ്യമാക്കിയ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

27. അധികത്തുക കൈപ്പറ്റിയ കരാറുകാരിൽനിന്നും തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് നടപടി സ്വീകരിച്ചുവരുന്നതായി കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. എഗ്രിമെന്റ് വച്ച് അതിന്റെ വ്യവസ്ഥകൾ അനുസരിച്ച് എക്സിക്യൂട്ട് ചെയ്യുന്നതിനാൽ, കരാറുകാരനിൽനിന്ന് തുക ഈടാക്കുന്നതിന് എതിരായി കോടതി വിധിയുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

28. ഉദ്യോഗസ്ഥർ ടെൻഡർ ക്ഷണിക്കുകയും, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രസിഡന്റ് എന്നിവർ അടങ്ങുന്ന ജനറൽ കമ്മിറ്റി ടെൻഡർ ഉറപ്പിക്കുകയും ചെയ്യുന്നതിനാൽ സർക്കാർ അനുമതിയില്ലാതെ 30% അധികം ടെൻഡർ എക്സസ് നൽകിയതുമൂലമുണ്ടായ ചെലവ് ജനറൽ കമ്മിറ്റിയിൽനിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുകയും, ടെൻഡർ എക്സസ് നൽകിയതിന് ഗവൺമെന്റിൽനിന്ന് സാധൂകരണം വാങ്ങിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ രണ്ടാഴ്ചയ്ക്കകം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

4-6-2009-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്. 9613/സ്പെ. സെൽ.ജി2/09 നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

29. മുൻകൂർ അനുമതിയില്ലാതെ 30%-ൽ അധികം ടെണ്ടർ എക്സസ് നൽകിയത് ഒരു കാരണവശാലും അനുവദിക്കില്ല എന്ന് നമ്പർ 21945/ഡി1/98/എൽ.എ.ഡി./28-5-1998 സർക്കുലറിലൂടെ ഗവൺമെന്റ് വ്യക്തമാക്കിയിരുന്നതാണ്. കൂടാതെ ജില്ലാ പഞ്ചായത്തിൽ നിന്നും സർക്കാർ സാധൂകരണം തേടിയിരുന്നെങ്കിലും, ലഭിച്ചിട്ടില്ലാത്തതിനാലും, ടി തുക ഈടാക്കുന്നതിന് നടപടികൾ തുടരാവുന്നതാണ്.

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

30. **സർക്കാർ അനുമതി ഇല്ലാതെ 30%-ൽ അധികം ടെൻഡർ എക്സസ് നൽകിയതുമൂലമുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കി ടെൻഡർ ഉറപ്പിച്ച പ്രസ്തുത കാലയളവിലെ ജനറൽ കമ്മിറ്റി അംഗങ്ങളിൽനിന്നും ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം നൽകിയതിലെ അപാകതകൾ**

താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി കോട്ടയം ജില്ലാപഞ്ചായത്ത് 46,12,271 രൂപ ചെലവഴിച്ചതായി കാണുന്നു:

| *പദ്ധതി* | *അനുവദിച്ച തുക* | *ചെലവഴിച്ച തുക* |
|---|---|---|
| 1. സ്വാശ്രയ സംഘങ്ങൾക്ക് സ്ഥിര മൂലധനം നൽകുന്ന പദ്ധതി | 26,20,000 | 25,80,600 |
| 2. വനിതാ വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി | 13,19,302 | 12,04,671 (31-3-1999 വരെയുള്ളത്) |
| 3. പട്ടികജാതി സഹകരണ സംഘങ്ങൾക്കു ധനസഹായം നൽകുന്ന പദ്ധതി | 13,10,000 | 8,27,000 |
| ആകെ | 52,49,302 | 46,12,271 |

ക്രമനമ്പർ ഒന്നിൽപ്പറയുന്ന പദ്ധതിയുടെ നടത്തിപ്പിന് ബി.എൽ.ഇ.സി.-യുടെയോ ഡി.പി.സി.-യുടെയോ അംഗീകാരം ലഭിച്ചതായി കാണുന്നില്ല. 266 സ്വാശ്രയ സംഘങ്ങളുടെ ലിസ്റ്റ് 29-3-1999-ൽ കൂടിയ യോഗം അംഗീകരിച്ചിട്ടുണ്ടെങ്കിലും പേരു് വിവരങ്ങൾ മിനിട്സ് ബുക്കിൽ ചേർത്തിട്ടില്ല. ഇപ്രകാരം സംഭവിക്കാനുള്ള കാരണം ദുരൂഹമായിരിക്കുന്നു. എസ്.എസ്.ഐ. യൂണിറ്റായി രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കുമാത്രം സഹായധനം നൽകാവൂ എന്ന് ബി.എൽ.ഇ.സി. നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും എസ്.എസ്.ഐ. ആയി രജിസ്റ്റർ ചെയ്യാത്തവർക്കും സഹായധനം നൽകിയതായി കാണുന്നു. നിബന്ധന അനുസരിച്ചിട്ടുള്ള വാലുവേഷൻ സർട്ടിഫിക്കറ്റും സ്ഥലത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല. 6 മാസത്തിനകം കൈപ്പറ്റു തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല.

ക്രമനമ്പർ രണ്ടിലെ പദ്ധതി നടത്തിപ്പിന് ഡി.പി.സി.-യുടെ അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല. ജനകീയാസൂത്രണ പദ്ധതിയിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചല്ല ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിരിക്കുന്നത്, പഞ്ചായത്തിന്റെ അധികാര പരിധിക്ക് പുറത്തുവന്നിട്ടുള്ള 11 സ്ഥാപനങ്ങൾക്ക് 1,05,829 രൂപ നൽകിയിട്ടുണ്ട്. ഇത് നിയമവിരുദ്ധമായതിനാൽ ടി തുക നിരാകരിക്കുന്നു.

23-11-1998-ലെ സർക്കാർ സർക്കുലർ നമ്പർ 49905/പി3/98/ത.ഭ.വ. പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതമുപയോഗിച്ച് ക്യാപ്പിറ്റൽ ഗ്രാന്റ്, മാനേജീരിയൽ സബ്സിഡി, ഷെയർ ക്യാപ്പിറ്റൽ ഗ്രാന്റ് മുതലായ സഹായധനങ്ങൾ നൽകുന്നത് നിരോധിച്ചിട്ടുള്ളതാണ്. എന്നാൽ ഇതിനുവിരുദ്ധമായി ക്രമനമ്പർ മൂന്നിൽ പറയുന്ന പദ്ധതിപ്രകാരം പട്ടികജാതി സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിനും സംസ്ഥാനതല വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങൾക്കും വിരുദ്ധമായാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. തൻവർഷം ആകെ ചെലവഴിച്ച 8,27,000 രൂപയിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകിയ 6,15,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട്—ഓഡിറ്റ് ഖണ്ഡിക 5.3(5)]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:

31. സ്വാശ്രയസംഘങ്ങൾക്ക് സ്ഥിരമൂലധനം നൽകുന്ന ടി പദ്ധതി 29-3-1999-ൽ കൂടിയ ജനറൽ കമ്മിറ്റിയുടെ 6-ാം നമ്പർ തീരുമാനപ്രകാരം ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയതാണ്. എസ്.എസ്.ഐ. യൂണിറ്റായി രജിസ്റ്റർ ചെയ്തിട്ടുള്ള സ്വാശ്രയ സംഘങ്ങൾക്ക് മാത്രമേ ധനസഹായം നൽകിയിട്ടുള്ളൂ. ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന സംഘങ്ങളിൽ നിന്നെല്ലാം മതിയായ രേഖകൾ നിർവ്വഹണോദ്യോഗസ്ഥന്റെ ആഫീസിൽ സൂക്ഷിച്ചിട്ടുള്ളതുമായാണ് മനസ്സിലാക്കിയത്.

32. 1997-1998 കാലയളവിൽ (ഡബ്ല്യൂ.ഐ.പി.) വുമൺ ഇന്റസ്ട്രീസ് പ്രോഗ്രാം വിഭാഗത്തിൽ അംഗീകരിച്ചു തെരഞ്ഞെടുത്തിട്ടും വ്യവസായ വകുപ്പുവഴി ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന തുക മതിയാകാതെവന്ന സാഹചര്യത്തിലാണ് ടി വ്യവസായ യൂണിറ്റുകൾക്ക് ജില്ലാ പഞ്ചായത്ത് ധനസഹായം നൽകിയത്. 1998-1999-ലും തുടർന്നും പ്രവർത്തിച്ചുപോരുന്നതാണ്. ടി യൂണിറ്റുകൾ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർമാർ ശുപാർശ ചെയ്തിട്ടുള്ളതും ജനറൽ കമ്മിറ്റി അംഗീകരിച്ചതുമായ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ടി ഗുണഭോക്താക്കൾ അതാത് ജില്ലാ പഞ്ചായത്ത് ഡിവിഷന്റെ പരിധിയിൽ അധിവസിക്കുന്നവരാണ്.

33. പട്ടികജാതി സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്കായി സംഘങ്ങളുടെ അപേക്ഷകൾ എസ്.സി./എസ്.റ്റി. സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ ജില്ലാ പഞ്ചായത്തിൽ നൽകുകയും 24-2-1999-ൽ ചേർന്ന കമ്മിറ്റി ഗുണഭോക്താക്കളായ സംഘങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു. ബന്ധപ്പെട്ട കർമ്മസമിതിയുടെ നിയന്ത്രണത്തിലായിരുന്നു നടപടിക്രമങ്ങൾ എല്ലാംതന്നെ പാലിച്ചത്. ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർമാർ ശുപാർശ ചെയ്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും അംഗീകാരത്തോടെയാണ് ധനസഹായം സംഘങ്ങൾക്ക് നൽകിയിട്ടുള്ളത്. ജനകീയാസൂത്രണത്തിന്റെ പ്രാരംഭ ഘട്ടങ്ങളിൽ വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നില്ല. ഘട്ടംഘട്ടമായിട്ടാണ് ഗവൺമെന്റ് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുള്ളത്. ഇക്കാരണത്താൽ പദ്ധതി നടത്തിപ്പിൽ പല പാകപ്പിഴകളും സംഭവിച്ചിട്ടുണ്ട്. 1997-1998, 1998-1999 വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതികളുടെ ഓഡിറ്റ് നടത്തുന്നതുതന്നെ 2002-2003 വർഷങ്ങളിലാണ്. ആയതിനാൽ ടി സ്കീമുകളെ സംബന്ധിച്ചുള്ള വ്യക്തമായ മറുപടികൾ നൽകുന്നതിനോ, ഫയലുകൾ ഹാജരാക്കുന്നതിനോ, വ്യക്തമായ ഫയൽസിസ്റ്റം ഇല്ലാതിരുന്നതിനാലും അന്നത്തെ നിർവ്വഹണോദ്യോഗസ്ഥൻമാർ ആരുംതന്നെ ജില്ലയിൽ ഇല്ലാതിരുന്നതിനാലും വ്യക്തമായി ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകുവാൻ സാധിച്ചിരുന്നില്ല.

(3-12-2007-ലെ 70398/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

34. സ്വാശ്രയ സംഘങ്ങൾക്ക് പ്രവർത്തനമൂലധനം നൽകാൻ പാടില്ലെന്ന ഗവൺമെന്റ് ഉത്തരവ് നിലനിൽക്കെ സ്വാശ്രയസംഘങ്ങൾക്ക് 46,12,271 രൂപ ധനസഹായം നൽകിയതിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് ജില്ലാ

വ്യവസായ കേന്ദ്രം മാനേജരാണ് പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനെന്നും, എസ്.എസ്.ഐ. യൂണിറ്റായി രജിസ്റ്റർ ചെയ്തിട്ടുള്ള സ്വാശ്രയ സംഘങ്ങൾക്കു മാത്രമാണ് ധനസഹായം നൽകിയിരിക്കുന്നതെന്നും കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

35. ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് അവ്യക്തമായിട്ടുള്ള വിശദീകരണം മാത്രമാണ് വകുപ്പ് നൽകിയിട്ടുള്ളതെന്നും, രണ്ടാഴ്ചയ്ക്കുള്ളിൽ ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് ശരിയായ വിശദീകരണം നല്കി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്താൻ പഞ്ചായത്തിന് സാധിച്ചില്ലെങ്കിൽ, പ്രസ്തുത കാലയളവിൽ സെക്രട്ടറിയും, ഫൈനാൻസ് ആഫീസറും ആയതിന് ഉത്തരവാദിയായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു. പദ്ധതി വിഭാവനം ചെയ്തതനുസരിച്ച് സ്വാശ്രയസംഘങ്ങൾ ആർജിച്ച ആസ്തികൾ എന്തെല്ലാമാണെന്നും ധനസഹായം ലഭിച്ച സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോയെന്നും, പട്ടികജാതി സഹകരണ സംഘങ്ങൾക്ക് മൂലധന സബ്സിഡി ഇനത്തിൽ അനുവദിച്ച 6,15,000 രൂപ സംബന്ധിച്ച് സർക്കാരിൽനിന്ന് സാധൂകരണം ലഭിച്ചിട്ടുണ്ടോയെന്നുമുള്ള വിശദീകരണം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

4-6-2009-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്. 9613/സ്പെ. സെൽ.ജി2/09 നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

36. " ഓഡിറ്റ് പരാമർശം സംബന്ധിച്ച് സാധൂകരണം നൽകണമെന്ന ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ ആവശ്യം 17-1-2009-ലെ 7493/എ.ഡി3/08/ത.സ്വ.ഭ.വ. നമ്പർ ഗവൺമെന്റ് കത്ത് പ്രകാരം അംഗീകാരം നൽകിയിട്ടില്ലാത്ത കാരണത്താലും ഓഡിറ്റ് റിപ്പോർട്ട് പരാമർശങ്ങൾ നിലനിൽക്കുന്നതിനാലും നിരാകരിച്ച തുക ഈടാക്കുന്നതിന് നടപടികൾ തുടരാവുന്നതാണ്. "

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

**37. സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനുവേണ്ടി ചെലവഴിച്ച 46,12,271 രൂപ സംബന്ധിച്ച പൂർണ്ണമായ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ കോട്ടയം ജില്ലാപഞ്ചായത്തിന് കഴിയാത്ത സാഹചര്യത്തിൽ, പ്രസ്തുത കാലയളവിലെ സെക്രട്ടറിയും, ഫിനാൻസ് ഓഫീസറും ഇതിന് ഉത്തരവാദിയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സ്വാശ്രയസംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനുവേണ്ടി ചെലവഴിച്ച 46,12,271 രൂപയിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ 7,20,829 രൂപ പ്രസ്തുത കാലയളവിലെ സെക്രട്ടറി, ഫിനാൻസ് ഓഫീസർ എന്നിവരിൽനിന്ന് തുല്യമായി ഈടാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

### കുടിവെള്ള പദ്ധതികൾ നടപ്പാക്കൽ—അപാകതകൾ

ജില്ലാ പഞ്ചായത്തിന്റെ 1999-2000 വർഷത്തെ പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിരുന്ന 40 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 74,96,360 രൂപയും 2000-2001 വർഷത്തേക്ക് 34 പ്രോജക്ടുകൾക്കായി 14,40,425 രൂപയും നൽകിയിട്ടുണ്ട്. കോർപ്പറേഷനു കൈമാറിയ പദ്ധതികളുടെ പ്രോജക്ട്

റിപ്പോർട്ട് ഉൾപ്പെടെയുള്ള രേഖകൾ ഒന്നുംതന്നെ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. എങ്കിലും സ്ഥിതിവിവര റിപ്പോർട്ട്, പ്രോജക്ട് രജിസ്റ്റർ എന്നിവ അനുസരിച്ച് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിനിർവ്വഹണത്തിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കാണുന്നു.

1999-2000 വർഷം കോർപ്പറേഷനു കൈമാറിയ പദ്ധതികളിൽ 30 പ്രോജക്ടുകൾ മാത്രമാണ് പ്രവൃത്തിപഥത്തിൽ വന്നിട്ടുള്ളത്. ഇവയിൽ 4 പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി ലഭ്യമാക്കിയിട്ടില്ല. 4 പ്രോജക്ടുകൾക്ക് ഗുണഭോക്തൃ സമിതികൾ കരാർ വച്ചിട്ടുള്ളതായി കാണുന്നില്ല. പ്രോജക്ടുകൾക്ക് യഥാർത്ഥത്തിൽ വകയിരുത്തിയ തുകയേക്കാൾ 2,50,000 രൂപ മുൻകൂറിനത്തിൽ നൽകിയിരിക്കുന്നു. 11 പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി തുകയേക്കാൾ അധികം 2,63,047 രൂപ നൽകിയിട്ടുണ്ട്. 16 പ്രോജക്ടുകൾ പൂർത്തിയാക്കിയതായി സ്ഥിതിവിവരക്കണക്കിൽ പറയുന്നുണ്ടെങ്കിലും പ്രോജക്ട് റിപ്പോർട്ട് രജിസ്റ്ററിൽ 14 എണ്ണം മാത്രം പൂർത്തിയാക്കിയതായി പറഞ്ഞിരിക്കുന്നു. പല പ്രോജക്ടുകളുടെയും പണികൾ ഭാഗികമായി നടന്നശേഷം മുടങ്ങിയിരിക്കുന്നതായി കാണുന്നു. പല പ്രോജക്ടുകളിലും യഥാർത്ഥ ചെലവിനെക്കാൾ കുറവായി സ്ഥിതിവിവര റിപ്പോർട്ടിൽ കാണുന്നു.

2000-2001 വർഷത്തെ പ്രോജക്ടുകളിലും മേൽ പ്രതിപാദിച്ചിട്ടുള്ള ക്രമക്കേടുകൾ നടന്നതായി കാണുന്നുണ്ട്. ജില്ലാ പഞ്ചായത്തിൽനിന്നും അടച്ചതുക വകമാറ്റി ചെലവഴിച്ചതുകൊണ്ട് പ്രവൃത്തികൾ നടപ്പാക്കുന്നതിന് യഥാസമയം തുക ലഭ്യമല്ലാത്ത അവസ്ഥ സംജാതമായിട്ടുണ്ട്. ഇത് പ്രോജക്ടിന്റെ നിർവ്വഹണ പുരോഗതിയെ ബാധിച്ചിട്ടുള്ളതായും കാണുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ട് ഓഡിറ്റ് ഖണ്ഡിക 5.3(6)]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭിച്ച മറുപടി:

38. 1999-2000, 2000-01 വർഷങ്ങളിൽ 34 പ്രോജക്ടുകൾക്കായി 89,36,785 രൂപ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനു നല്കിയിരുന്നു. 19 പദ്ധതികൾ പൂർത്തിയാക്കി. 14 പ്രവൃത്തികൾ പുരോഗതിയിലാണ്. 1 പദ്ധതി സാങ്കേതിക തടസ്സംമൂലം ആരംഭിച്ചിട്ടില്ല. ആദ്യഘട്ടത്തിൽ 74,36,360 രൂപയും തുടർന്ന് 14,40,425 രൂപയും ഉൾപ്പെടെ ആകെ 89,36,785 രൂപ KAICO-ക്കു നൽകിയിട്ടുണ്ട്. അതിൽ 65,65,007 രൂപ ചെലവഴിച്ചിട്ടുള്ളതായി KAICO അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചിട്ടുണ്ട്. 23,71,778 രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കാൻ ബാക്കിനിൽക്കുന്നു.

39. അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്ന മരാമത്തുപണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ടി സ്ഥാപനത്തിനു കഴിഞ്ഞില്ലെന്നത് വസ്തുതയാണ്. ഇക്കാര്യം ചൂണ്ടിക്കാട്ടി കോർപ്പറേഷൻ അധികാരികൾക്ക് അയച്ച കത്തുകൾക്ക് തൃപ്തികരമായ മറുപടിയൊന്നും ലഭിക്കാതിരുന്ന സാഹചര്യത്തിൽ, 2007 ഒക്ടോബർ 15-നുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ച വിവരം അറിയിക്കുന്നില്ലെങ്കിൽ നിയമ

നടപടി സ്വീകരിക്കുന്നതാണെന്നു കാണിച്ച് 11-9-2007-ലെ എ2-166/04 നമ്പരായി നോട്ടീസ് നല്കുകയുണ്ടായി. ആയതിന് പ്രതികരണം ഇല്ലാതിരുന്നതിനാൽ ടി സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

(3-12-2007-ലെ 70398/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

40. ജില്ലാ പഞ്ചായത്തിന്റെ 1999-2000, 2000-01 വർഷത്തേക്കുള്ള കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ഏല്പിച്ചത് എന്തുകൊണ്ടാണെന്നുള്ള സമിതിയുടെ ചോദ്യത്തിന് അക്രഡിറ്റഡ് ഏജൻസി എന്നുള്ള നിലയിലാണെന്നും, മോട്ടോറും, പമ്പുമാണ് കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സപ്ലൈ ചെയ്യേണ്ടതെന്നും കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഗവൺമെന്റ് ഏജൻസിയായ വാട്ടർ അതോറിറ്റിയെ വർക്ക് ഏൽപ്പിക്കുന്നതിനുപകരം കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് വർക്ക് കൊടുത്തതിന്റെ യുക്തി വ്യക്തമാകുന്നില്ലന്നും, പദ്ധതി ചെലവ് കാണിക്കുന്നതിനുവേണ്ടി തുക എവിടെയെങ്കിലും ഡെപ്പോസിറ്റ് ചെയ്ത് പിന്നീട് ഉദ്യോഗസ്ഥരുടെ സൗകര്യംപോലെ ചെലവാക്കുകയാണെന്നും സമിതി അഭിപ്രായപ്പെട്ടു.

41. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ഏല്പിച്ച എത്ര പണികൾ പൂർത്തീകരിച്ചുവെന്നും പൂർത്തിയായ പണിക്ക് എത്ര ചെലവ് ഉണ്ടായെന്നും, ഇനി എത്രപണികൾ പൂർത്തിയാക്കേണ്ടതായിട്ടുണ്ട് എന്നുമുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് വ്യക്തമായി ഒരു. മറുപടിയും സമിതി മുമ്പാകെ ഹാജരായ കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകുവാൻ സാധിക്കാത്തതിനാൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും, സമിതി പരിശോധിക്കുന്ന വിഷയങ്ങളിന്മേലുള്ള ഫയലുകൾ ശരിയായി പരിശോധിച്ച് ആവശ്യമായ തെളിവ് നൽകാൻ സെക്രട്ടറിമാർ ശ്രദ്ധിക്കണമെന്നും സമിതി വ്യക്തമാക്കി.

42. നാളിതുവരെ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിക്ഷേപിച്ച തുകകളുടെ വിശദാംശങ്ങളും, ഏതൊക്ക പദ്ധതികൾക്കുവേണ്ടി നിക്ഷേപിച്ചുവെന്നും, അന്തിമമായി പ്രവർത്തനക്ഷമമായിട്ടുണ്ടോയെന്നും പ്രവർത്തനക്ഷമമായിട്ടില്ലെങ്കിൽ ഏതുഘട്ടം വരെയായെന്നും നാളിതുവരെ ഓരോ പദ്ധതികൾക്കും ചെലവഴിക്കപ്പെട്ട തുക തുടങ്ങിയവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

4-6-2009-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്. 9613/സ്പെ. സെൽ.ജി2/09 നമ്പർ കത്ത് പ്രകാരം ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

43. "ജില്ലാ പഞ്ചായത്തിന്റെ 1999-2000 പദ്ധതിരേഖയിൽ ഉൾപ്പെടുത്തി 40 പദ്ധതികളും 2000-01 വർഷത്തെ 3 പദ്ധതികളും നടപ്പാക്കുന്നതിനാണ് വൈക്കം ആസ്ഥാനമായുള്ള കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് തുക നൽകിയിരുന്നത്. അസിസ്റ്റന്റ് എൻജിനീയർ നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം 34 പ്രോജക്ടുകളുടെ വിവരങ്ങളാണ് ചേർത്തിരിക്കുന്നത്. ഇതിൽ 20 എണ്ണം മാത്രമേ പൂർത്തീകരിച്ചതായി കാണിച്ചിട്ടുള്ളൂ. ടി സ്റ്റേറ്റ്മെന്റ് ഒഴികെ മറ്റ് വിവരങ്ങൾ ഒന്നുംതന്നെ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ജില്ലാ പഞ്ചായത്തിൽനിന്നും ലഭ്യമാക്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൽ തൽസ്ഥിതി തുടരുന്നതായി കാണുന്നു. നടപടികൾ തുടരാവുന്നതാണ്. "

**നിഗമനങ്ങൾ/ശുപാർശകൾ**

44. **കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 1999-2000, 2000-2001 വർഷങ്ങളിലെ 89 ലക്ഷം രൂപയ്ക്കുള്ള വിവിധ കുടിവെള്ളപദ്ധതികൾ സർക്കാർ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിയെ ഏൽപ്പിക്കാതെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയ നടപടി ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ആകെയുള്ള 40 പദ്ധതികളിൽ പകുതിമാത്രമേ എട്ട് വർഷങ്ങൾക്ക് ശേഷവും പൂർത്തീകരിക്കാനായിട്ടുള്ളൂ എന്നത് പദ്ധതിനടത്തിപ്പിലെ ശുഷ്കാന്തിക്കുറവാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പ്രസ്തുത കുടിവെള്ള പദ്ധതിയെ സംബന്ധിച്ച് ഭരണ വകുപ്പ് അന്വേഷണം നടത്തി സമഗ്രമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**എസ്.സി.പി/ടി.എസ്.പി. ഫണ്ട് വകമാറ്റി ചെലവഴിക്കുന്നതിനുള്ള കമ്മിറ്റിയുടെ തീരുമാനം ക്രമവിരുദ്ധം**

നിശ്ചിത ആവശ്യങ്ങൾക്കായി സർക്കാരിൽനിന്നും ലഭിച്ച തുകകൾ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകമാറ്റി ചെലവഴിച്ചതായി കാണുന്നു. പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് കൈമാറിയിട്ടുള്ള പദ്ധതിത്തുകയിൽനിന്നും പെൻഡിംഗ് ബില്ലുകളുടെ പെയ്മെന്റ് നടത്തുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിന് 24/4-12-99 പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ശേഷിക്കുന്ന തുക എസ്.സി/എസ്.റ്റി. വിഭാഗത്തിൽപ്പെട്ടതായതിനാൽ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നത് ശരിയല്ലെന്ന സെക്രട്ടറിയുടെ അഭിപ്രായം മറികടന്നായിരുന്നു തീരുമാനം. തൻവർഷം ലഭിക്കുന്ന തുകയിൽനിന്നും ക്രമീകരിക്കുന്നതിന് തീരുമാനിച്ചെങ്കിലും അങ്ങനെ ചെയ്തുകാണുന്നില്ല. ഓരോ വിഭാഗത്തിലുംപെട്ട തുകകളുടെ കണക്കുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മുൻപറഞ്ഞ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എത്രതുക വകമാറ്റിയെന്ന് വ്യക്തമല്ല. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക 5.3(7)]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:

45. പഞ്ചായത്തു കമ്മിറ്റി ഇപ്രകാരം ഒരു തീരുമാനം കൈക്കൊണ്ടിരുന്നുവെങ്കിലും ആയതു നടപ്പാക്കപ്പെട്ടിട്ടുള്ളതായി കണക്കുകൾ പരിശോധിച്ചതിൽ കാണുന്നില്ല.

(3-12-2007-ലെ 70398/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

46. ഓരോ വിഭാഗത്തിലുംപെട്ട തുകകളുടെ കണക്കുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എത്രതുക വകമാറ്റിയെന്ന് വ്യക്തമല്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ഗവൺമെന്റ് തലത്തിൽ അന്വേഷണം നടത്തിയോയെന്ന് സമിതി

ആരാഞ്ഞതിന് അന്വേഷണം നടത്തിയില്ലെന്നും, ഗ്രാമ പഞ്ചായത്തുകളിലെയും ജില്ലാ പഞ്ചായത്തുകളിലെയും ഓഡിറ്റ് നടത്തികഴിഞ്ഞാൽ റിപ്പോർട്ട് പഞ്ചായത്തിനാണ് കൊടുക്കുന്നതെന്നും, അതിന്റെ റിപ്പോർട്ട് ഗവൺമെന്റിന് കിട്ടുന്നില്ലെന്നും, സമാഹൃത റിപ്പോർട്ട് മാത്രമാണ് ഗവൺമെന്റിന് ലഭിക്കുന്നതെന്നും, അതിൽ സംക്ഷിപ്ത കാര്യങ്ങൾ മാത്രമേ ഉണ്ടാകാറുള്ളൂവെന്നും, എന്നാൽ സമാഹൃത റിപ്പോർട്ടിന്റെ കോപ്പി അതാത് പഞ്ചായത്തുകൾക്ക് ലഭിക്കുന്നില്ലെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. എല്ലാ ജില്ലകളിലെയും അതാത് വർഷത്തെ കോപ്പി ഗവൺമെന്റിന് അയയ്ക്കുന്നതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും സമിതിയെ അറിയിച്ചു. എസ്.സി.പി./ടി.എസ്.പി. ഫണ്ട് വകമാറ്റി ചെലവഴിക്കുന്നതിനുള്ള കമ്മിറ്റിയുടെ തീരുമാനം സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ഗവൺമെന്റ് തലത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് 20-2-2009-ലെ 27434/എ.സി3/08/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

47. "5-12-2007-ലെ തെളിവെടുപ്പ് യോഗത്തിൽ കോട്ടയം ജില്ലാ പഞ്ചായത്ത് എസ്.സി.പി./ടി.എസ്.പി. ഫണ്ട് വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷിച്ച് ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിൻപ്രകാരം 27-12-2008-ൽ കോട്ടയം ജില്ലാ പഞ്ചായത്തിൽ സർക്കാർ അന്വേഷണം നടത്തുകയുണ്ടായി. കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ക്യാഷ് ബുക്ക് പ്രകാരം 4-12-1999 മുതൽ 31-3-2000 വരെ എസ്.സി.പി/റ്റി.എസ്.പി. ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട് :

| *ക്രമ നമ്പർ* | *പ്രവൃത്തി* | *പ്രോജക്ട് നമ്പർ* | *പദ്ധതി* |
|---|---|---|---|
| 1 | മഞ്ഞളരുവി-പാക്കാനം റോഡ് എരുമേലി പഞ്ചായത്ത് | 299 | റ്റി.എസ്.പി. |
| 2 | കൊല്ലാനി എരുമപ്പാറ റോഡ് മേലുകാവ് ഗ്രാമപഞ്ചായത്ത് | 292 | റ്റി.എസ്.പി. |
| 3 | മുപ്പതേക്കർ-കടുംപെട്ടി റോഡ് തീക്കോയി ഗ്രാമപഞ്ചായത്ത് | | റ്റി.എസ്.പി. |
| 4 | വെള്ളയാളി മിച്ചഭൂമി കല്ലുപ്പാറ തലനാട് ഗ്രാമപഞ്ചായത്ത് | 333 | റ്റി.എസ്.പി. |
| 5 | മങ്കുടിപ്പടി ഉമ്പിടി ഹരിജൻ കോളനിറോഡ്, തലനാട് ഗ്രാമപഞ്ചായത്ത് | 246 | എസ്.സി.പി. |
| 6 | വെള്ളായണി, അമ്പലം റോഡ്, തലനാട് ഗ്രാമപഞ്ചായത്ത് | 291 | റ്റി.എസ്.പി. |
| 7 | ഞായർക്കുളം റോഡിൽ പാലംപണി തലനാട് ഗ്രാമപഞ്ചായത്ത് | | റ്റി.എസ്.പി. |

48. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ എസ്.സി.പി./റ്റി.എസ്.പി. ഫണ്ട് വകമാറ്റി ചെലവഴിക്കാൻ 4-12-1999-ൽ 24-ാം നമ്പരായി പഞ്ചായത്ത് തീരുമാനം എടുത്തെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല എന്ന് കണ്ടെത്തുകയുണ്ടായി. ഇത് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയറുടെ ക്യാഷ്ബുക്ക് പരിശോധനയിൽത്തന്നെ വ്യക്തമാവുകയുണ്ടായി.''

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

**49. എസ്.സി.പി./റ്റി.എസ്.പി. ഫണ്ട് വകമാറ്റി ചെലവഴിക്കാൻ 4-12-1999-ൽ 24-ാം നമ്പരായി പഞ്ചായത്ത് തീരുമാനം എടുത്തെങ്കിലും പ്രസ്തുത തീരുമാനം നടപ്പിലാക്കിയിട്ടില്ലെന്ന ഗവൺമെന്റ് മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പദ്ധതിവിഹിതം സമയബന്ധിതമായി ചെലവഴിച്ചിട്ടില്ല. 1999-2000-ലെ വിഹിതത്തിൽ ഭീമമായ തുക കുറവ് വന്നു (60387013)**

ഓരോവർഷവും പഞ്ചായത്ത് തയ്യാറാക്കുന്ന പദ്ധതിരേഖയിൽ ഉൾപ്പെടുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് യാതൊരു താൽപ്പര്യവും കാണിച്ചിട്ടില്ല.

1997-1998-ൽ ഏറ്റെടുത്ത പ്രോജക്ടുകൾപോലും പൂർത്തിയാക്കാതെ കിടക്കുന്നുണ്ട്. പല പ്രോജക്ടുകളും പകുതിവഴിയിൽ ഉപേക്ഷിച്ചിരിക്കുകയാണ്. വേണ്ടത്ര സാദ്ധ്യതാപഠനവും ആവശ്യകത തിട്ടപ്പെടുത്തലും നടത്താതെ പ്രോജക്ടുകൾ തയ്യാറാക്കുന്നതുമൂലം ധാരാളം പ്രോജക്ടുകൾ നടപ്പാക്കാൻ സാധിക്കാതെവന്നിട്ടുണ്ട്. ഇതുമൂലം പദ്ധതിത്തുക യഥാസമയം ചെലവഴിക്കാൻ സാധിക്കാതെവരുന്നു. പഞ്ചായത്ത് തയ്യാറാക്കിയ കണക്കുകൾ അനുസരിച്ചുതന്നെ 1998-99 വർഷം ലഭിച്ച തുകയുടെ 37.87% മാത്രമാണ് തൻവർഷം ചെലവഴിച്ചത്. ഇതുമൂലം 1999-2000 വർഷം പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുകയിൽ 6,03,87,013 രൂപയുടെ (94188000-33800987) കുറവുവന്നു. അതുപോലെ 2000-2001 വർഷം ലഭിക്കേണ്ടിയിരുന്നത് 966.35 ലക്ഷം രൂപ ആയിരുന്നെങ്കിലും പ്രസ്തുത വർഷം ലഭിച്ചത് 7,09,09,078 രൂപയാണ്. അതായത് 2000-01 വർഷം 2,57,25,922 രൂപയുടെ കുറവുണ്ടായി. ഇതിൽ 24,15,875 രൂപ നാലാമത്തെ ഗഡു തുകയാണ്. ശേഷിക്കുന്ന 15,67,172 രൂപ പദ്ധതിവിഹിതം ചെലവഴിക്കാതിരുന്നതുമൂലം ഉണ്ടായ ഷോർട്ട് ഫാൾ ആണ്. പഞ്ചായത്ത് അധികൃതരുടെ കാര്യക്ഷമത ഇല്ലായ്മമൂലം ജില്ലയുടെ വികസന പ്രവർത്തനത്തിന് ലഭ്യമാക്കേണ്ടിയിരുന്ന വൻതുക നഷ്ടപ്പെടുകയാണുണ്ടായത്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക 5.3(8)]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:

50. 1997-98, 1998-99 മുതലായ പദ്ധതിവർഷങ്ങളിൽ ജനകീയാസൂത്രണത്തിന്റെ ആദ്യവർഷങ്ങളായതിനാൽ പദ്ധതിപ്രവർത്തനത്തിന്റെ പരിചയക്കുറവുമൂലം പല അപാകതകളും സംഭവിച്ചുപോയിട്ടുണ്ട്. ഇപ്പോൾ ശരിയായ രീതിയിൽ സർക്കാരിന്റെ

മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുവാൻ വളരെയധികം ശ്രദ്ധിക്കുന്നുണ്ട്. 2006-2007 വർഷം പദ്ധതിത്തുകയിൽ 86.31% തുക ചെലവഴിച്ച് നേട്ടം കൈവരിച്ചിട്ടുണ്ട്. 2007-2008 വർഷം പദ്ധതിത്തുക പൂർണ്ണമായും (100%) വിനിയോഗിക്കുവാനുള്ള തീവ്രശ്രമം നടത്തിവരികയാണ്.

(3-12-2007-ലെ 70398/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ചത്)

51. 1998-99 വർഷം പദ്ധതിവിഹിതത്തിൽ നിന്ന് 37.8% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞതെന്നും തന്മൂലം 1999-2000 വർഷത്തിൽ 6,03,87,013 രൂപയുടെയും 2000-01-ൽ 15,67,172 രൂപയുടെയും കുറവുവന്നത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത ഇല്ലായ്മമൂലം ആണെന്നുള്ളത് ജില്ലയുടെ വികസനപ്രവർത്തനത്തിന് ലഭിക്കേണ്ട വൻതുകകൾ നഷ്ടപ്പെടുന്നതിന് ഇടയാകുന്നുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

**52. 1998-99 വർഷം പദ്ധതിവിഹിതത്തിൽ നിന്നും ഗണ്യമായ തുക നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി നൽകിയിട്ടും കേവലം 37.8% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത് എന്നത് പദ്ധതിനിർവ്വഹണത്തിലെ കാര്യക്ഷമതയില്ലായ്മയെയാണ് കാണിക്കുന്നതെന്ന് സമിതി വിലയിരുത്തുകയും, പദ്ധതിവിഹിതം ചെലവഴിക്കാതിരുന്നാൽ തുടർവർഷങ്ങളിൽ വികസനപ്രവർത്തനത്തിന് ലഭിക്കേണ്ട തുകകൾ നഷ്ടപ്പെടുമെന്നതിനാൽ ഭാവിയിലെങ്കിലും ഇത് ആവർത്തിക്കാതിരിക്കാൻ അധികൃതർ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ജില്ലാ പഞ്ചായത്ത് ഭവൻ കെട്ടിട നിർമ്മാണം—സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ട പദ്ധതിത്തുക വകമാറ്റി ചെലവഴിച്ചു**

കോട്ടയം ജില്ലാ പഞ്ചായത്ത് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് 50,00,000 രൂപയും സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ 16.93 ആർ സ്ഥലവും സർക്കാർ അനുവദിച്ചു. എന്നാൽ സർക്കാർനിർദ്ദേശം ലംഘിച്ചുകൊണ്ട് അടിക്കടി എസ്റ്റിമേറ്റ് പരിഷ്കരിക്കുകയും അനുമതിത്തുകയുടെ ഇരട്ടിയിലധികം ചെലവ് ചെയ്ത് മന്ദിരം പണി കഴിപ്പിക്കുകയും ചെയ്തു. കെട്ടിടത്തിന്റെ ഫ്ളോറിംഗിന് ഒറിജിനൽ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തിരുന്ന മൊസൈക്ക് ടൈൽസിനുപകരം വില കുറഞ്ഞ മാർബിൾ ഉപയോഗിച്ച് ഫ്ളോറിംഗ് നടത്തിയതിനുശേഷം വിലകൂടിയ മാർബിളിന്റെ വില നൽകിയതുവഴി 6,78,846 രൂപ ക്രമവിരുദ്ധമായി ചെലവ് ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിന് 1,09,202 രൂപ കോൺട്രാക്ടർക്ക് അധികമായി നൽകിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക 5.3(9)]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:

53. ജില്ലാ പഞ്ചായത്ത് നിർമ്മാണത്തിന് 50 ലക്ഷം രൂപയുടെ ഭരണാനുമതിയും P.W.D. ബിൽഡിംഗ്സ് വിഭാഗം സൂപ്രണ്ടിംഗ് എൻജിനീയറുടെ 55 ലക്ഷം രൂപയ്ക്കുള്ള ടി എസും 1997-1998-ൽ ലഭിച്ചിരുന്നു. തുടർന്ന് D.L.T.C.-യിൽ നിന്നും

സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളതാണ്. ചീഫ് ആർക്കിടെക്ടിൽനിന്നും ലഭിച്ച വിശദമായ സ്ട്രക്ചറൽ ഡിസൈൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ എസ്റ്റിമേറ്റ് തുക 71,11,735 ആയി വർദ്ധിക്കുകയും ടി തുകയ്ക്ക് ഭരണാനുമതിയും സാമ്പത്തികാനുമതിയും തുടർന്ന് 13-2-2000-ൽ D.L.T.C-യിൽ നിന്നും സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം ജില്ലാ പഞ്ചായത്തുഭവന്റെ പ്രതലം മൊസൈക്കിന് പകരം മാർബിൾ വിരിക്കുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ എസ്റ്റിമേറ്റ് തുക 75,40,400 ആയി വർദ്ധിച്ചു. ടി തുകയ്ക്ക് 5-1-2004-ൽ D.L.T.C-യുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതും ടെൻഡർ എക്സസ് അടക്കമുള്ള 91,53,326 രൂപ സ്പിൽ ഓവറിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ഭരണാനുമതിയായി കണക്കാക്കാവുന്നതാണ്. സ്പിൽ ഓവർ പ്രോജക്ടിൽ ഉൾപ്പെടുത്തി D.L.T.C.-അംഗീകാരവും S.L.E.C. അംഗീകാരവും പിന്നീട് വാങ്ങിയിട്ടുള്ളതാണ്. 1996-ലെ P.W.D. ഷെഡ്യൂൾ റേറ്റ് അനുസരിച്ച് അടംഗാ വൈറ്റ് മാർബിളിന്റെ വില $M^2$-ന് 1,170 രൂപയാണ്. വിവിധ മാർബിൾ ഡീലേഴ്സിൽനിന്നും സാമ്പിൾ സ്വീകരിച്ചതിനുശേഷം എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന അതേ ഗുണനിലവാരവും വിലയ്ക്കുമുള്ള അടംഗാ വൈറ്റ് മാർബിൾ ആണ് പ്രതലം വിരിക്കുന്നതിന് ഉപയോഗിച്ചത്. ആയതിനാൽ യാതൊരു അധികചെലവും ഉണ്ടായിട്ടില്ല. കെട്ടിടത്തിന്റെ വൈദ്യുതീകരണം സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന് മറുപടി P.W.D. ഇലക്ട്രിക്കൽ ഡിവിഷനിൽ ആവശ്യപ്പെട്ടപ്പോൾ തിരുവനന്തപുരം P.W.D. ഇലക്ട്രിക്കൽ ഡിവിഷൻ എക്സ്ക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും വാങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചതിനെത്തുടർന്ന് ടി ഓഫീസിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ട് 28-6-2006, 12-2-2007 എന്നീ തീയതികളിലെ C2-1345/04/K.D.P. നമ്പർ കത്തുകൾ അയയ്ക്കുകയും ഫിനാൻസ് ആഫീസർ ഒക്ടോബർ 30-ാം തീയതി നേരിൽപ്പോയി എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി ചർച്ചചെയ്യുകയുണ്ടായി. മറുപടി ഉടൻ ലഭ്യമാക്കാമെന്ന് ഉറപ്പ് നൽകിയിരിക്കുകയാണ്.

(3-12-2007-ലെ 70398/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ചത്)

54. ജില്ലാ പഞ്ചായത്ത് ഭവൻ കെട്ടിടത്തിന്റെ ഫ്ളോറിംഗിന് ഗുണനിലവാരം കുറഞ്ഞ മാർബിൾ ഉപയോഗിച്ചു എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് കമ്മിറ്റിയുടെ തീരുമാനമനുസരിച്ചാണ് ഫ്ളോറിംഗിനായി മാർബിൾ ഉപയോഗിച്ചതെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ഓഡിറ്റ് പരിശോധനാ സമയത്ത് മാർബിളിന്റെ ക്വാളിറ്റി വ്യത്യാസം കണ്ടെത്തിയത് എങ്ങനെയാണെന്നുള്ള സമിതിയുടെ ചോദ്യത്തിന് ടെക്നിക്കൽ വിദഗ്ദ്ധൻമാരുടെ സഹായത്തോടുകൂടി കണ്ടുപിടിച്ചുവെന്നും, എസ്റ്റിമേറ്റിലുള്ളത് നല്ല ക്വാളിറ്റി മാർബിളാണെന്നും, എന്നാൽ ഉപയോഗിച്ചത് കുറഞ്ഞ ക്വാളിറ്റി മാർബിളും ചെലവ് കാണിച്ചത് ഫസ്റ്റ് ക്വാളിറ്റിയുടേതും, അവിടെയാണ് വ്യത്യാസം വന്നതെന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു. മാർബിളിന്റെ ക്വാളിറ്റിയിലുള്ള വ്യത്യാസത്തെക്കുറിച്ച് ഫിനാൻസ് വിംഗിലെ ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

55. കെട്ടിടത്തിന്റെ വൈദ്യുതീകരണം സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും, ആഫീസ് എന്നത് തുടർച്ചയാണെന്നും, സെക്രട്ടറി പുതിയ ആളായാലും, ഫയലുകൾ കൈകാര്യം

ചെയ്ത ഉദ്യോഗസ്ഥരുമായി കൺസൾട്ട് ചെയ്ത് ശരിയായ വിശദീകരണം സമിതിക്ക് ഹാജരാക്കുന്നതിനുപകരം, സമിതിയുടെ ചോദ്യങ്ങൾക്ക് മുൻപിൽ മറുപടി പറയാതിരുന്ന കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിയിൽ അതൃപ്തി രേഖപ്പെടുത്തി. വൈദ്യുതീകരണത്തിന് കരാറുകാരന് 1,09,202 രൂപ അധികമായി നൽകിയത് എന്തുകൊണ്ടെന്നുള്ള വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തെത്തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 14-11-2011-ലെ എൽ.എഫ്. 20086/സ്പെ.സെൽ.ജി.2/07 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവര റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ജില്ലാ പഞ്ചായത്ത് ഭവൻ വൈദ്യുതീകരണം സംബന്ധിച്ച പ്രോജക്ട് ഫയലുകൾ, വർക്ക് ബിൽ, എം. ബുക്ക് എന്നിവ ജില്ലാ പഞ്ചായത്തിൽ നിലവിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് മറ്റ് ഫയലുകൾ പരിശോധിച്ചതിൽ ഈ പ്രവൃത്തി നടപ്പാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ (ഇലക്ട്രിക്കൽ വിംഗ്) ആണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ ബന്ധപ്പെട്ട രേഖകളിൽനിന്നും വ്യക്തമാക്കുന്നത് പ്രവൃത്തിയുടെ മേൽനോട്ടം മാത്രമാണ് പൊതുമരാമത്ത് ചെയ്തതെന്നും, ടെൻഡറിംഗ് നടപടികൾ, കരാർ വയ്ക്കൽ, പാർട്ട് ബിൽ, ഫൈനൽ ബിൽ തുകകൾ നൽകൽ എന്നിവ ജില്ലാ പഞ്ചായത്താണ് നിർവ്വഹിച്ചിരിക്കുന്നത്.

ജില്ലാ പഞ്ചായത്ത് ഭവൻ വൈദ്യുതീകരണത്തിനായി ജില്ലാ പഞ്ചായത്ത് കൊട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് (37% അധികം) ആവശ്യപ്പെട്ട ശ്രീ. ചാക്കോ ആന്റണി (ബ്ലൂസ്റ്റാർ ഏജൻസീസ്, ചങ്ങനാശ്ശേരി)-യുമായി കൂടിയാലോചന നടത്തുന്നതിന് തീരുമാനിക്കുകയും, 20-12-2001-ലെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി 1-ാം നമ്പർ തീരുമാനപ്രകാരം 35% അധികരിച്ച നിരക്കിൽ പ്രവൃത്തി ചെയ്യാൻ കോൺട്രാക്ടർ സമ്മതിക്കുകയും ചെയ്തു. 22-12-2001-ലെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി 1-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 35% അധികരിച്ച നിരക്കിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി (ശ്രീ. വിജയകൃഷ്ണൻ, ഐ.എ.എസ്.) പ്രവൃത്തി ചെയ്യുന്നതിന് കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെട്ടു (എഗ്രിമെന്റ് നമ്പർ 1/DP/EL/2001-02 തീയതി 7-1-2002).

വിൽപ്പനനികുതി വകുപ്പിൽനിന്നുളള സർട്ടിഫിക്കറ്റ് ഹാജരാക്കി എന്ന കാരണത്താൽ, വിൽപ്പനനികുതി ഈടാക്കാതെ 27-3-2002-ലെ ചെക്ക് നമ്പർ SS 9301 പ്രകാരം 3,73,283 രൂപയുടെ പാർട്ട് ബിൽ (ഓഡിറ്റ് ഖണ്ഡികയിൽ 873283 രൂപ എന്നാണ് ചേർത്തിരിക്കുന്നത്) 21-1-2003-ലെ ചെക്ക് നമ്പർ 92126 പ്രകാരം 3,90,645 രൂപയുടെ ബിൽ എന്നിവയും ജില്ലാ പഞ്ചായത്തിൽനിന്നും നൽകി. ഇവ യഥാക്രമം അനുവദിച്ചു നൽകിയിരിക്കുന്നത് തൽസമയത്തെ സെക്രട്ടറി ആയിരുന്ന ശ്രീ. വി. വിജയകൃഷ്ണൻ, ഐ.എ.എസ്, ശ്രീ. എം. പി. മാത്യു (പ്രോജക്ട് ഡയറക്ടർ, പോവർട്ടി അലിവേഷൻ യൂണിറ്റ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല) എന്നിവരാണ്. വിൽപ്പനനികുതി ഈടാക്കാതിരിക്കുന്നതിന് ഹാജരാക്കി എന്നുപറയുന്ന സർട്ടിഫിക്കറ്റ് നിലവിൽ ലഭ്യമല്ല. ഓഡിറ്റ് ഖണ്ഡിക പ്രകാരം ആകെ 12,63,928 രൂപ നൽകിയെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ, 5,00,000 രൂപയുടെ പേയ്മെന്റ് നൽകിയതിന്റെ വിവരംകൂടി ലഭ്യമാകുവാനുണ്ട്.

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (പി.ഡബ്ല്യൂ.ഡി.) ഇലക്ട്രിക്കൽ ഡിവിഷൻ, തിരുവനന്തപുരം) 3-12-2007-ലെ എ4 3287/2007-ാം നമ്പർ കത്തിൽ അധിക നിരക്ക് നൽകിയതിന് ഉത്തരവാദി പൊതുമരാമത്ത് വകുപ്പ് അല്ലെന്നും, ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതും കരാർവച്ചതും ജില്ലാ പഞ്ചായത്താണെന്നും, കൂടാതെ വിൽപ്പന നികുതി വകുപ്പിൽനിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയതിനാലാണ് സെയിൽടാക്സ്, റിക്കവറി ബില്ലിൽ ഉൾപ്പെടുത്താതിരുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 35% അധികരിച്ച നിരക്കിൽ ടെണ്ടർ നൽകി കരാർവച്ചതും വിൽപ്പനനികുതി ഈടാക്കാതെ ബിൽത്തുക നൽകിയതും ജില്ലാ പഞ്ചായത്തിൽ നിന്നായതിനാൽ, കരട് ഓഡിറ്റ് പരാമർശത്തിലെ നഷ്ടത്തിന് ഉത്തരവാദി ജില്ലാ പഞ്ചായത്തിലെ ബന്ധപ്പെട്ട അധികാരികൾ തന്നെയാണ്. ജില്ലാ പഞ്ചായത്തിന് പരമാവധി അനുവദിക്കാവുന്ന ടെണ്ടർ എക്സസ് 30% മാത്രമാണെന്ന വിവരം സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താതെ 35% അധികനിരക്കിൽ കോൺട്രാക്ടറു മായി കരാറിൽ ഒപ്പിട്ടതും, വിൽപ്പനനികുതി ഈടാക്കാതെ 27-3-2002-ൽ 3,73,283 രൂപയുടെ ബിൽ അനുവദിച്ചുനൽകിയ സെക്രട്ടറി ശ്രീ. വി. വിജയകൃഷ്ണൻ, ഐ.എ.എസ്., 21-1-2003-ൽ 3,90,645 രൂപയുടെ ബിൽ അനുവദിച്ച സെക്രട്ടറി ഇൻ-ചാർജ് ശ്രീ. എം. പി. മാത്യു എന്നിവർ ഓഡിറ്റ് റിപ്പോർട്ടിലെ അപാകതകൾക്ക് ഉത്തരവാദികളാണ്.

ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽവിലാസങ്ങൾ താഴെ ചേർക്കുന്നു:

1. ശ്രീ. വി. വിജയകൃഷ്ണൻ, ഐ.എ.എസ്. (റിട്ടയേർഡ്),
   വേങ്ങക്കുന്നേൽ വീട്, പുളിക്കൽ കവല പി.ഒ.,
   കോട്ടയം.

2. ശ്രീ. എം. പി. മാത്യു,
   മൂലയിൽ വീട്,
   വാകത്താനം പി.ഒ., കോട്ടയം.

പ്രവൃത്തിയുടെ ആകെ മൂല്യം, ലഭ്യമാക്കുവാനുള്ള 5,00,000 രൂപയുടെ ചെലവിന്റെ വിവരങ്ങൾ എന്നിവ അടിയന്തിരമായി ലഭ്യമാക്കുവാൻ ജില്ലാ പഞ്ചായത്തിനോട് നേരിട്ടും, രേഖാമൂലവും ആവശ്യപ്പെട്ടിട്ടുണ്ട്. ടി വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അടിയന്തിരമായി അറിയിക്കുന്നതാണ്''.

സമിതി നിർദ്ദേശപ്രകാരം ഓഡിറ്റ് തടസ്സത്തെക്കുറിച്ച് അന്വേഷണം നടത്തി തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

ധനകാര്യ വകുപ്പിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോട്ടയം ജില്ലാ പഞ്ചായത്തിന്റെ പരാമർശവിഷയമായ ഫ്ളോറിംഗ്പണി നടന്നകാലത്തെ എൻജിനീയർമാരായ ശ്രീമതി വിശ്വൻ ബിന്ദു, ശ്രീ. പി. എൻ. സുകുമാരൻ, ശ്രീമതി സലോമിയ, സി. റ്റി., ശ്രീ. പി. എം. മാത്യു എന്നിവരുടെ വിശദീകരണം അംഗീകരിച്ചുകൊണ്ട് ഇവർക്കെതിരെ അച്ചടക്കനടപടി ഒന്നും കൈക്കൊള്ളുന്നില്ല. എന്നിരുന്നാലും സമാന നിർവ്വഹണത്തിലുള്ള ഇവരുടെ നോട്ടക്കുറവിലുള്ള സർക്കാരിന്റെ അതൃപ്തി ഇവരെയും

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറെയും അറിയിച്ചിട്ടുണ്ട്. അതോടൊപ്പം പണിനടന്ന കാലത്തെ എഞ്ചിനീയറായിരുന്ന ശ്രീ. അബ്ദുൾ ഖാദർ കുഞ്ഞ് നൽകിയ വിശദീകരണത്തിൽ മാർബിൾപ്പണി നടന്നത് തന്റെ കാലയളവിലാണെന്നും ആയത് ചെക്ക് മെഷർ ചെയ്തത് താനാണെന്ന് സമ്മതിക്കുകയും മാർബിളിന്റെ ഗുണനിലവാരത്തെക്കുറിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനർ കണ്ടെത്തിയ വാദങ്ങളെ ഖണ്ഡിക്കുകയും ചെയ്തു. എന്നാൽ ചീഫ് ടെക്നിക്കൽ എക്സാമിനർ തങ്ങളുടെ അഭിപ്രായത്തിൽ ഉറച്ചുനിൽക്കുന്ന സാഹചര്യത്തിൽ ശ്രീ. അബ്ദുൾ ഖാദർ കുഞ്ഞിന്റെ പരാമർശങ്ങൾ ശരിയല്ലെന്ന് ബോദ്ധ്യപ്പെടുകയുണ്ടായി.

ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിൽ MS reinforcement work-ൽ over payment ആയി നൽകിയ 3,824.87 രൂപ കോൺട്രാക്റുടെ ബില്ലിൽ നിന്ന് കുറവുചെയ്യാൻ കോട്ടയം ജില്ലാ പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നിലവാരം കുറഞ്ഞ മെറ്റീരിയൽ ഉപയോഗിച്ചതുമൂലം ജില്ലാ പഞ്ചായത്തിനുണ്ടായ നഷ്ടം നിർണ്ണയിച്ചറിയിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നഷ്ടം നിർണ്ണയിച്ച് നൽകുന്ന മുറയ്ക്ക് ശ്രീ. അബ്ദുൾ ഖാദർ കുഞ്ഞിൽ നിന്നും, കോൺട്രാക്ടറുടെ ബില്ലിൽ നിന്നും തുക തുല്യമായി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## നിഗമനങ്ങൾ/ശുപാർശകൾ

56. കോട്ടയം ജില്ലാ പഞ്ചായത്ത് ഭവൻ കെട്ടിടത്തിന്റെ ഫ്ളോറിംഗിന് ഗുണനിലവാരം കുറഞ്ഞ മാർബിൾ ഉപയോഗിച്ചതിനുശേഷം കൂടിയ മാർബിളിന്റെ വിലനല്കിയ സാഹചര്യം ധനകാര്യ വകുപ്പിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെടുകയുണ്ടായി. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിലെ നിഗമനപ്രകാരം കരാർവ്യവസ്ഥ പ്രകാരമുള്ള നിർദ്ദിഷ്ട ഇനമായ 'White Adanga Marble' അല്ല ഫ്ളോറിംഗിനായി ഉപയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാകുന്നു. നിർദ്ദിഷ്ട 'White Adanga Marble'-നേക്കാൾ ഗുണനിലവാരം കുറഞ്ഞ മെറ്റീരിയൽ ഉപയോഗിച്ചതിനാൽ ഈയിനത്തിൽ സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കുവാനും ആയത് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കുവാനും ആവശ്യമായ നടപടി ഭരണവകുപ്പ് സ്വീകരിക്കണമെന്നും പ്രസ്തുത റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്നു. കൂടാതെ, നിലവാരംകുറഞ്ഞ പ്രവൃത്തി ചെയ്യിച്ച ഉദ്യോഗസ്ഥരുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്നും 'MS reinforcement work'-ൽ അധികമായി നല്കുവാൻ നിർദ്ദേശിച്ച തുക കോൺട്രാക്ടറുടെ ബില്ലിൽനിന്നും ഈടാക്കണമെന്നും ചീഫ് ടെക്നിക്കൽ എക്സാമിനർ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

57. ധനകാര്യ വകുപ്പ് ചീഫ് ടെക്നിക്കൽ എക്സാമിനർ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, കോട്ടയം ജില്ലാ പഞ്ചായത്ത് ഭവൻ കെട്ടിടത്തിന്റെ ഫ്ളോറിംഗ് പ്രവൃത്തിക്ക് തുക ചെലവാക്കിയതിൽ ഓഡിറ്റ് ചൂണ്ടിക്കാട്ടിയവിധം ഗുരുതരമായ സാമ്പത്തികക്രമക്കേട് നടന്നതായി സമിതി വിലയിരുത്തുന്നു. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടും ഓഡിറ്റ് പരാമർശിച്ച സാമ്പത്തികക്രമക്കേടിന് ശക്തിപകരുന്നതാണെങ്കിലും ആയതിന്മേൽ

ഉചിതമായ നടപടി സ്വീകരിക്കുന്നതിൽ ഭരണവകുപ്പ് പരാജയപ്പെട്ടതായി സമിതി നിരീക്ഷിക്കുന്നു. ലക്ഷക്കണക്കിന് രൂപ ക്രമവിരുദ്ധമായി ചെലവഴിക്കപ്പെട്ടതിനുശേഷം ഓഡിറ്റും, ചീഫ് ടെക്നിക്കൽ എക്സാമിനറും വ്യക്തമായി ചൂണ്ടിക്കാട്ടിയിട്ടും, ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടും അവരിൽ ഒരാളെ ഒഴിച്ച് എല്ലാപേരെയും അവർ നല്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടികളിൽനിന്നും നഷ്ടത്തുക ഈടാക്കുന്നതിൽനിന്നും ഒഴിവാക്കിയ നടപടി തികച്ചും നിരുത്തരവാദപരമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതിൻപ്രകാരം **83,85,452** രൂപ ചെലവാക്കി പണികഴിപ്പിച്ച ജില്ലാപഞ്ചായത്ത് ഭവൻ കെട്ടിടനിർമ്മാണത്തിന്റെ ഒരു പ്രവൃത്തിയിൽ മാത്രം ലക്ഷക്കണക്കിനു രൂപയുടെ നഷ്ടം വരുത്തിയതിനെ കേവലമൊരു നോട്ടക്കുറവായിക്കണ്ട് അതൃപ്തി മാത്രം രേഖപ്പെടുത്തി ഉത്തരവാദികളായ ഉദ്യോഗസ്ഥരെ ബാധ്യതയിൽനിന്നും ഒഴിവാക്കിയ സർക്കാർ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. യഥാർത്ഥ നഷ്ടം നിർണ്ണയിക്കുന്നതിന് പ്രവൃത്തി നടന്ന **1999-2000**-ലെ മാർബിളിന്റെ കമ്പോളവില ലഭ്യമാക്കുവാൻ പ്രയാസമാണെന്ന തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ വാദവും സ്വീകാര്യമല്ല.

58. ആയതിനാൽ, ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിലെ നിഗമനത്തിന്റെ വെളിച്ചത്തിൽ കോട്ടയം ജില്ലാ പഞ്ചായത്തുഭവൻ കെട്ടിട നിർമ്മാണത്തിന്റെ ഫ്ളോറിംഗിന് ഗുണനിലവാരം കുറഞ്ഞ മാർബിൾ ഉപയോഗിച്ചതിനുശേഷം ഗുണനിലവാരംകൂടിയ മാർബിളിന്റെ വില നല്കിയതിലൂടെ ഉണ്ടായ നഷ്ടം കണക്കാക്കി നഷ്ടത്തുക ബന്ധപ്പെട്ട കോൺട്രാക്ടറിൽ നിന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കി രണ്ടു മാസത്തിനകം റിപ്പോർട്ട് നല്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, ഗുരുതരമായ ഈ ക്രമക്കേടിനുത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.

59. **'MS reinforcement work'**-നായി അധികം ശുപാർശ ചെയ്ത **3,825** രൂപ കോൺട്രാക്ടറുടെ ബില്ലിൽനിന്നും ഈടാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.

60. ജില്ലാ പഞ്ചായത്ത് ഭവൻ കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിന് കരാറുകാരന് **1,09,202** രൂപ അധികമായി നല്കിയെന്നുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ തെളിവെടുപ്പുവേളയിൽ ഹാജരായ ഉദ്യോഗസ്ഥർക്ക് വ്യക്തമായ മറുപടി നല്കുവാൻ സാധിച്ചിരുന്നില്ല. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് പിന്നീട് രേഖാമൂലം സമർപ്പിച്ച റിപ്പോർട്ടിൽ ഇതു സംബന്ധിച്ച പ്രോജക്ട് ഫയലുകൾ, വർക്ക് ബിൽ, എം. ബുക്ക് എന്നിവ ജില്ലാപഞ്ചായത്തിൽ ലഭ്യമല്ലെന്നും മറ്റു ഫയലുകൾ പരിശോധിച്ചതിൽനിന്നും പ്രവൃത്തിയുടെ മേൽനോട്ടം മാത്രമാണ് പൊതുമരാമത്ത് ചെയ്തതെന്നും ടെൻഡറിംഗ്, കരാർ, പാർട്ട് ബിൽ, ഫൈനൽ ബിൽ നല്കൽ എന്നിവ ജില്ലാ പഞ്ചായത്താണ് നിർവ്വഹിച്ചതെന്നും പരാമർശിച്ചിരിക്കുന്നു.

35% അധികരിച്ച നിരക്കിൽ ടെണ്ടർ നൽകി കരാർ അംഗീകരിച്ചതിനും വില്പനനികുതി ഈടാക്കാതെ ബിൽത്തുക നല്കിയതിനും അന്നത്തെ ജില്ലാപഞ്ചായത്ത് സെക്രട്ടറിമാരായ ശ്രീ. വി. വിജയകൃഷ്ണൻ, ഐ.എ.എസ്., ശ്രീ. എം. പി. മാത്യു എന്നിവരാണ് ഉത്തരവാദികളെന്നും പ്രവൃത്തിയുടെ ആകെ മൂല്യം, 5,00,000 രൂപയുടെ ചെലവിന്റെ വിവരങ്ങൾ എന്നിവ ഇനിയും ലഭ്യമാകാനുണ്ടെന്നും റിപ്പോർട്ടുചെയ്യുന്നു.

61. ഈ സാഹചര്യത്തിൽ, പ്രവൃത്തിയുടെ ആകെ മൂല്യം, 5,00,000 രൂപയുടെ വിനിയോഗവിവരം എന്നിവ സംബന്ധിച്ച് അടിയന്തിരമായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് റിപ്പോർട്ട് നല്കുവാൻ സമിതി ആവശ്യപ്പെടുന്നതോടൊപ്പം അനുവദനീയമായതിനേക്കാൾ അധികരിച്ച നിരക്കിൽ ടെണ്ടർ നല്കി കരാർ ഉറപ്പിച്ചതിന്റെയും വില്പന നികുതി ഈടാക്കാതെ ബിൽത്തുക നല്കിയതിന്റെയും ഫലമായി ഉണ്ടായ യഥാർത്ഥ നഷ്ടം നിർണ്ണയിച്ച് പ്രസ്തുത തുക കരാറുകാരനിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരായ അന്നത്തെ ജില്ലാപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. വിജയകൃഷ്ണൻ. ഐ.എ.എസ്, സെക്രട്ടറി-ഇൻ-ചാർജ് ശ്രീ. എം. പി. മാത്യു എന്നിവരിൽനിന്നും പലിശസഹിതം ഈടാക്കുന്നതിനും പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**റബ്ബർ പാർക്ക് രൂപീകരണം—നിർവ്വഹണത്തിലെ അപാകതകൾ**

കോട്ടയം ജില്ലാ പഞ്ചായത്ത് റബ്ബർ ബോർഡ്, തിരഞ്ഞെടുക്കപ്പെട്ട റബ്ബർ ഉത്പാദക സംഘങ്ങൾ എന്നിവ സംയുക്തമായി നടപ്പിലാക്കുവാനുദ്ദേശിച്ച പദ്ധതിയാണിത്. 172.40 ലക്ഷം രൂപ അടങ്കൽ വരുത്തിയിട്ടുള്ള പ്രസ്തുത പദ്ധതിക്ക് ഡി.പി.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും സാങ്കേതിക അനുമതി ലഭ്യമാക്കിയതായി കാണുന്നില്ല.

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി 1956-ലെ കമ്പനി നിയമപ്രകാരം "മിനി റബ്ബർ പാർക്ക് (കേരള) പ്രൈവറ്റ് ലിമിറ്റഡ്" എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ച് രജിസ്റ്റർ ചെയ്യുകയും കമ്പനിയുടെ പേരിൽ ജില്ലാ സഹകരണ ബാങ്കിൽ തുടങ്ങിയിട്ടുള്ള അക്കൗണ്ടിലേക്ക് 26-3-2002-ൽ 1,000 രൂപയും 14-7-2002-ൽ 19,99,960 രൂപയും ഉൾപ്പെടെ ആകെ 22,10,330 രൂപ നൽകിയിട്ടുണ്ട്. ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ അക്കൗണ്ടിലേക്ക് പ്ലാൻ ഫണ്ടിൽനിന്നും ഇത്രയും ഭീമമായ തുക നൽകുവാനുണ്ടായ സാഹചര്യം ദുരൂഹമായിരിക്കുന്നു. സർക്കാർ പണം ഒരു പ്രൈവറ്റ് കമ്പനിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത് ഒരു കാരണവശാലും അംഗീകരിക്കാവുന്നതല്ല. തുക മുഴുവൻ പഞ്ചായത്ത് ഫണ്ടിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കമ്പനി രജിസ്റ്റർ ചെയ്ത ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽനിന്നും 44,000 രൂപ ചെലവാക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

റബ്ബർ പാർക്കിന് ആവശ്യമായ സ്ഥലം വിലയ്ക്കുവാങ്ങുന്ന നടപടികളിൽ ആരംഭത്തിൽത്തന്നെ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കാണുന്നു. ടി പദ്ധതിയെപ്പറ്റി സർക്കാർതലത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക 5.3(10).]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:

62. ഡി/05/1216/2000-2002/ഡി.പി.ഒ./കെ.ടി.എം. നമ്പരായി റബ്ബർ പാർക്ക് പദ്ധതിക്ക് DPC അംഗീകാരം ലഭിച്ചുവെങ്കിലും സാമ്പത്തിക വിശകലനത്തിൽ വരുത്തിയ മാറ്റം അംഗീകരിക്കുന്നതിന് DPC-യോട് 16-4-2002-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി പദ്ധതിനിർവ്വഹണവുമായി മുന്നോട്ട് പോകേണ്ടതില്ലെന്ന് പിന്നീട് തീരുമാനിച്ചതിനാൽ TS ലഭ്യമാക്കിയില്ല. മിനി റബ്ബർ പാർക്ക് (കേരള) പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് നൽകിയ 20 ലക്ഷം രൂപ കമ്പനി അക്കൗണ്ടിൽനിന്നും തിരികെ ജില്ലാ പഞ്ചായത്തിൽ വാങ്ങി ഇപ്പോൾ ഗവൺമെന്റ് അക്കൗണ്ടിലേക്ക് അടച്ചിട്ടുണ്ട്. കമ്പനി രജിസ്ട്രേഷനും അനുബന്ധ ചെലവുകൾക്കുമായാണ് 44,000 രൂപ റബ്ബർ പാർക്കിന് നൽകിയിട്ടുള്ളത്.

(3-12-2007-ലെ 70398/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ചത്)

63. റബ്ബർ പാർക്ക് രൂപീകരണത്തിന് പ്രൈവറ്റ് കമ്പനി രജിസ്റ്റർ ചെയ്തതിന്റെ ചെലവ് ആരാണ് വഹിച്ചതെന്ന് സമിതി ആരാഞ്ഞതിന് പ്രൈവറ്റ് കമ്പനി രജിസ്റ്റർ ചെയ്യുന്നതിനുള്ള ചെലവ് ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ചാണെന്ന് കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രൈവറ്റ് കമ്പനി രജിസ്റ്റർ ചെയ്യുന്നതിനുള്ള തീരുമാനം എടുത്ത പഞ്ചായത്ത് കൗൺസിൽ, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി, സാങ്കേതിക പ്രശ്നം ചൂണ്ടിക്കാണിക്കാത്ത സെക്രട്ടറി എന്നിവരിൽനിന്ന് തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുകയും, റബ്ബർ പാർക്ക് രൂപീകരണത്തിലെ അപാകതകളെ സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ അന്വേഷണം നടത്തി ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു.

സമിതി നിർദ്ദേശാനുസരണം ഓഡിറ്റ് പരാമർശത്തിനെക്കുറിച്ച് അന്വേഷണം നടത്തി ഗവൺമെന്റ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

64. "റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് കോട്ടയം ജില്ലാ പഞ്ചായത്തും റബ്ബർ ബോർഡും തെരഞ്ഞെടുക്കപ്പെട്ട റബ്ബർ ഉല്പാദക സംഘങ്ങളും ചേർന്ന് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതിക്ക് ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗീകാരം നല്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിൽ ഒരു കമ്പനി രൂപീകരിക്കുന്ന കാര്യം വിഭാവന ചെയ്തിരുന്നില്ല. റബ്ബർ പാർക്കിന്റെ നിയന്ത്രണം ജില്ലാ പഞ്ചായത്തിന്റേതായിരിക്കുമെന്നും ജില്ലാ പഞ്ചായത്ത് മെമ്പറുടെ

നേതൃത്വത്തിൽ രൂപീകരിക്കുന്ന നാലംഗ സമിതി പദ്ധതിയുടെ മോണിറ്ററിംഗ് നടത്തു മെന്നുമാണ് അംഗീകൃത പദ്ധതിരേഖകളിൽ കാണുന്നത്.

65. 8-3-2002-ൽ കൂടിയ സ്റ്റാന്റിംഗ് കമ്മിറ്റിയാണ് മിനിറബ്ബർ പാർക്ക് കേരള ലിമിറ്റഡ് എന്ന കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്യാനും രജിസ്ട്രേഷൻ ചെലവുകൾക്കുമായി 44,000 രൂപ നല്കുന്നതിനും തീരുമാനിച്ചത്. ടി യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ പങ്കെടുത്തിരുന്നു:

ശ്രീമതി ലതികാ സുഭാഷ്, പ്രസിഡന്റ്

ശ്രീ. ഫിലിപ്പ് ജോസഫ്, ചെയർമാൻ

ശ്രീമതി അജിതാ സാബു, മെമ്പർ

ശ്രീമതി കെ. ജി. ശശികല, മെമ്പർ

ശ്രീ. തോമസ് കുന്നപ്പള്ളി, മെമ്പർ

താഴെപ്പറയുന്നവരായിരുന്നു കമ്പനിയുടെ ഡയറക്ടർമാരും പ്രൊമോട്ടർമാരും:

ശ്രീമതി ലതികാ സുഭാഷ്, പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്

ശ്രീ. ഫിലിപ്പ് ജോസഫ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

ശ്രീ. തോമസ് കുന്നപ്പള്ളി, വൈസ് പ്രസിഡന്റ്

ശ്രീ. കെ. എസ്. ഗോപാലകൃഷ്ണൻ, ട്രെയിനിംഗ് ആന്റ് ടെക്നിക്കൽ-കൺസൾട്ടൻസി, റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം

ശ്രീ. കെ. വി. ചാക്കോ, പ്രസിഡന്റ്, ചിറക്കടവ് RPS

ശ്രീ. അഗസ്തി അഗസ്റ്റിൻ

66. 22-4-2002-ൽ ജില്ലാ പഞ്ചായത്തിന്റെ വിഹിതമായ 20,00,000 രൂപയും കടനാട് പഞ്ചായത്തിന്റെ വിഹിതമായ 2,10,000 രൂപയും കോട്ടയം ജില്ലാ ബാങ്കിലെ കമ്പനിയുടെ കറണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. 3-12-2004-ൽ ജില്ലാ പഞ്ചായത്തിന്റെ ജനറൽ ബോഡി കമ്പനിയുടെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുവാൻ തീരുമാനിക്കുകയുണ്ടായി. കറണ്ട് അക്കൗണ്ട് നിക്ഷേപത്തിൽനിന്നും 20 ലക്ഷം രൂപ 4-4-2006-ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും 2,10,000 രൂപ 26-6-2006-ൽ കടനാട് ഗ്രാമപഞ്ചായത്തിനും നല്കുകയുണ്ടായി. ടി 20 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് 25-8-2006-ൽ ഗവൺമെന്റ് അക്കൗണ്ടിലേക്ക് അയയ്ക്കുകയായിരുന്നു. തുക കറണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നതിനാൽ നിക്ഷേപത്തീയതി മുതൽ പിൻവലിച്ച തീയതിവരെ പലിശ നല്കിയിട്ടില്ല. കമ്പനി രജിസ്ട്രേഷനും മറ്റ് അനുബന്ധ കാര്യങ്ങൾക്കുമായി 44,275 രൂപ ചെലവഴിച്ചിട്ടുണ്ട്."

(22-3-2008-ലെ 7364/എ.ബി1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ചത്)

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

67. **കോട്ടയം ജില്ലാപഞ്ചായത്ത് വിഭാവനംചെയ്ത "റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റുകൾ" എന്ന പദ്ധതിയിൻകീഴിൽ ഈ ആവശ്യത്തിനായി ഒരു കമ്പനി രൂപീകരിക്കുന്ന കാര്യം വിഭാവനം ചെയ്തിട്ടില്ലായിരുന്നുവെന്നും ഇപ്രകാരം ഒരു പ്രൈവറ്റ് കമ്പനി രൂപീകരിക്കുന്നതിന് ഡി.പി.സി. അംഗീകാരമില്ലായിരുന്നുവെന്നും വ്യക്തമായ സാഹചര്യത്തിൽ ഈ തീരുമാനം കൈക്കൊണ്ട സ്റ്റാൻഡിംഗ് കമ്മിറ്റിയാണ് പ്രോജക്ടിൽനിന്നുമുള്ള വ്യതിചലനത്തിനും 22,10,330 രൂപയുടെ നിർജ്ജീവ നിക്ഷേപത്തിനും 44,275 രൂപയുടെ പാഴ്ച്ചെലവിനും ഉത്തരവാദിയെന്നും സമിതി വിലയിരുത്തുന്നു. പദ്ധതിയിൽനിന്നുള്ള വ്യതിചലനം യഥാസമയം ജില്ലാ പഞ്ചായത്തു സെക്രട്ടറി സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ എന്നും പ്രൈവറ്റ് കമ്പനി രൂപീകരിക്കുന്നതിനെതിരെ തന്റെ വിയോജിപ്പ് ഫയലിൽ രേഖപ്പെടുത്തിയിരുന്നോയെന്നും വ്യക്തമല്ല. ആയതിനാൽ പഞ്ചായത്തിനുണ്ടായ 44,275 രൂപയുടെ നഷ്ടം പലിശസഹിതം സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളിൽനിന്നും ജില്ലാ പഞ്ചായത്തു സെക്രട്ടറിയിൽനിന്നും തുല്യമായി ഈടാക്കണമെന്നും തുക ഈടാക്കിയ വിവരം സമിതിയെ അറിയിക്കണമെന്നും ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പട്ടികജാതി വനിതകൾക്ക് തയ്യൽമെഷീൻ വിതരണം ക്രമക്കേടുകൾ—പഞ്ചായത്ത് ഫണ്ടിന് നഷ്ടം**

പട്ടികജാതി വനിതകൾ അംഗങ്ങളായ സ്വാശ്രയ സംഘങ്ങൾക്ക് തയ്യൽ മെഷീനും മറ്റ് അനുബന്ധസാധനങ്ങളും വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിക്കുവേണ്ടി തയ്യൽമെഷീനുകൾ വാങ്ങിയ ഇനത്തിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി. പദ്ധതിപ്രകാരം യഥാർത്ഥത്തിൽ ആവശ്യമായ മെഷീനുകളുടെ എണ്ണം 189 ആണെന്നിരിക്കെ 348 മെഷീനുകൾ വാങ്ങിയിരിക്കുന്നതായി കാണുന്നു. ലഭിച്ച കൊട്ടേഷനുകളിൽ ഏറ്റവുംകുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിരുന്ന സ്ഥാപനത്തിൽനിന്നും 2,200 രൂപ നിരക്കിൽ 136 മെഷീനുകൾ മാത്രം വാങ്ങുകയും ബാക്കി 212 മെഷീനുകൾ 2,350 രൂപ നിരക്കിൽ മറ്റൊരു സ്ഥാപനത്തിൽനിന്നും വാങ്ങിയിരിക്കുന്നതായി കാണുന്നു. ടി ഇനത്തിൽ പഞ്ചായത്തിന് 31,800 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഓഡിറ്റ് തീയതിവരെ 206 മെഷീനുകൾ മാത്രം വിതരണംചെയ്തതായി കാണുന്നു. അവശേഷിക്കുന്ന 142 മെഷീനുകൾ നാളിതുവരെ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല. ഇതിൽനിന്നും മനസ്സിലാക്കുന്നത് സപ്ലൈ ഓർഡർ നൽകിയ മുഴുവൻ മെഷീനുകളും നിശ്ചിത ഗുണമേന്മയോടെ പഞ്ചായത്തിൽ ലഭിക്കുന്നതിനു മുൻപ് തുക നൽകിയിരിക്കുന്നുവെന്നാണ്. ഇത് ഗുരുതരമായ ക്രമക്കേടാണ്.

ആവശ്യത്തിൽ കൂടുതൽ മെഷീനുകൾ വാങ്ങിയതുകാരണം 3,49,800 രൂപയുടെ അധികച്ചെലവ് പഞ്ചായത്തിനുണ്ടായിട്ടുണ്ട്. പഞ്ചായത്തിന് ഇനിയും ലഭ്യമാക്കാത്ത മെഷീനുകളുടെ വില 3,12,400 രൂപയാണ്. അതിനാൽ ടി ഇടപാടുമായി ബന്ധപ്പെട്ട് അധികം ചെലവഴിച്ച 3,44,200 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

പദ്ധതിക്കായി ചെലവഴിച്ച 7,97,400 രൂപയിൽ നിരാകരിച്ച 3,44,200 രൂപ ഒഴികെയുള്ള 4,53,200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-2004 ഓഡിറ്റ് ഖണ്ഡിക 5.3(11)]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:

68. ജനകീയാസൂത്രണത്തിന്റെ ഭാഗമായി സമയബന്ധിതമായി പദ്ധതി നടപ്പിലാക്കണമെന്ന ഗവൺമെന്റ് നിർദ്ദേശം നിലവിലുള്ളതിനാലും പദ്ധതിത്തുക മുഴുവൻ വിനിയോഗിക്കേണ്ടിയിരുന്നതിനാലുമാണ് 189 മെഷീനുകൾക്ക് പകരം 348 തയ്യൽമെഷീനുകൾ വാങ്ങിയത്. കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്തിരുന്ന സ്ഥാപനം നിശ്ചിതസമയത്ത് മുഴുവൻ മെഷീനുകളും സപ്ലൈ ചെയ്യുവാൻ സാധിക്കില്ലായെന്നറിയിച്ച തിനാലാണ് 136 മെഷീനുകൾ അവിടെനിന്നും വാങ്ങുകയും ബാക്കി 212 മെഷീനുകൾ കുറഞ്ഞ രണ്ടാമത്തെ വില ക്വാട്ട് ചെയ്തിരുന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയും ചെയ്തത്. കൊട്ടേഷൻ സമർപ്പിച്ചശേഷം മുഴുവൻ എണ്ണം മെഷീനുകളും സപ്ലൈ ചെയ്യാൻ സാധിക്കുകയില്ലെന്നറിയിച്ചിട്ടും ടി സ്ഥാപനത്തിന്റെ കൊട്ടേഷൻ റദ്ദുചെയ്യാതിരുന്നത് ഉയർന്നനിരക്കിൽ വാങ്ങുമ്പോഴുണ്ടാകുന്ന ചെലവ് അത്രയെങ്കിലും കുറയ്ക്കുന്നതിനുവേണ്ടിയാണ്. മുഴുവൻ തയ്യൽമെഷീനുകളും സപ്ലൈ ചെയ്യുകയും ആയവ പട്ടികജാതി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളതുമാണ്. 5-2-2002-ലെ 2-ാം നമ്പർ ജനറൽ കമ്മിറ്റി തീരുമാനപ്രകാരമാണ് പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും മെഷീനുകൾ വാങ്ങാൻ തീരുമാനിച്ചത്. പ്രസ്തുത സാഹചര്യത്തിൽ ഓഡിറ്റിൽ നിരാകരിച്ച തുക ക്രമപ്പെടുത്തി ചെലവ് തടസ്സപ്പെടുത്തിയ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(3-12-2007-ലെ 70398/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

69. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് വിതരണം ചെയ്യുന്നതിലേക്ക് 348 തയ്യൽ മെഷീൻ വാങ്ങാൻ പണം മുടക്കിയിട്ട് 206 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ എന്ന ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് സഹകരണ സംഘങ്ങൾ മുഖേന സബ്സിഡിയായി തയ്യൽമെഷീനുകൾ വിതരണം ചെയ്തതായി കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഏതൊക്കെ സഹകരണ സംഘങ്ങൾ വഴിയാണ് തയ്യൽമെഷീൻ വിതരണം ചെയ്തതെന്നും 2000-01-ൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് തന്നെയാണോ 2005-ൽ തയ്യൽമെഷീൻ വിതരണം ചെയ്തതെന്നും വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്ററുണ്ടോ എന്നിങ്ങനെയുള്ള സമിതിയുടെ ചോദ്യങ്ങൾക്ക് വ്യക്തമായി ഉത്തരം നല്കുവാൻ കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് സാധിച്ചില്ല.

70. പട്ടികജാതി വനിതകൾക്ക് നല്കുന്നതിനായി തയ്യൽമെഷീൻ വാങ്ങിയതിന്റെയും വിതരണം ചെയ്തതിന്റെയും രേഖ ഓഡിറ്റിന് രണ്ടാഴ്ചയ്ക്കകം നല്കുവാനും, പട്ടികജാതി വനിതകൾക്ക് തയ്യൽമെഷീനുകൾ വിതരണം ചെയ്തതിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഗവൺമെന്റ്തലത്തിൽ അന്വേഷണം നടത്തി വകുപ്പുതലത്തിൽ നടപടിയെടുത്ത് റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശാനുസരണം ഗവൺമെന്റ് ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

(22-3-2008-ലെ 7364/എ.ബി1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ചത്)

71. "പട്ടികജാതി വനിതകൾ അംഗങ്ങളായ സഹകരണ സംഘങ്ങൾക്ക് തയ്യൽ മെഷീനുകൾ വിതരണം ചെയ്യുന്നതിനുവേണ്ടി 8,00,000 രൂപ വകകൊള്ളിച്ചിരുന്ന പദ്ധതിയായിരുന്നു ഇത്. അതനുസരിച്ച് കൊട്ടേഷൻ ക്ഷണിക്കുകയും രണ്ട് സ്ഥാപനങ്ങ ളിൽ നിന്നായി 348 തയ്യൽ മെഷീനുകൾ വാങ്ങാൻ നിശ്ചയിക്കുകയും ചെയ്തു. അപർണ ഏജൻസീസ്, ഏറ്റുമാനൂർ എന്ന സ്ഥാപനത്തിൽനിന്നും തയ്യൽമെഷീന് 2,200 രൂപ വിലയിൽ 136 എണ്ണവും ജയലക്ഷ്മി ഏജൻസീസ്, കോട്ടയം എന്ന സ്ഥാപന ത്തിൽ നിന്ന് ഒന്നിന് 2,350 രൂപ വിലയിൽ 212 തയ്യൽമെഷീനുമാണ് വാങ്ങിയിരിക്കുന്നത്. ഒരേദിവസം തന്നെയാണ് രണ്ട് സ്ഥാപനങ്ങൾക്കും ഓർഡർ നല്കിയിരിക്കുന്നത് (20-3-2002). അന്നേദിവസംതന്നെ രണ്ട് സ്ഥാപനങ്ങളുമായി കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഒരേദിവസം രണ്ടു സ്ഥാപനങ്ങളിൽ നിന്നായി വ്യത്യസ്ത റേറ്റിൽ തയ്യൽ മെഷീനുകൾ വാങ്ങാൻ തീരുമാനിച്ചതിന് വ്യക്തമായ കാരണങ്ങൾ ഫയലിൽ ലഭ്യമല്ല. രണ്ടു സ്ഥാപനങ്ങളോടും തയ്യൽമെഷീനുകൾ ജില്ലാ പഞ്ചായത്തിൽ എത്തിക്കണമെന്ന് അവർക്കുള്ള കത്തിൽ പറയുന്നുണ്ടെങ്കിലും മെഷീനുകൾ പഞ്ചായത്തിൽ എത്തിച്ചിരുന്നു എന്നുളളതിന് രേഖയില്ല. പഞ്ചായത്തിൽ അതിനുവേണ്ടി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിരുന്നതായി കണ്ടില്ല. ഏഴു ദിവസത്തിനകം തയ്യൽമെഷീനുകൾ നല്കണമെന്ന് പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അടുത്ത ദിവസംതന്നെ (21-3-2002) ജയലക്ഷ്മി ഏജൻസീസ് തയ്യൽമെഷീനുകൾ പഞ്ചായത്തിന് കൈമാറിയിരിക്കുന്നു എന്ന് കത്ത് കൊടുത്തിട്ടുണ്ട്. അപർണ ഏജൻസീസും അത്തരത്തിൽ ഒരു കത്ത് പഞ്ചായത്തിൽ (തീയതിയില്ല) നല്കിയിട്ടുണ്ട്. മറ്റൊരവസരത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ കിട്ടുന്നതിനുവേണ്ടി ജയലക്ഷ്മി ഏജൻസീസ് കൊടുത്ത കത്തിൽ (തീയതിയില്ല) വിവിധ സ്ഥലങ്ങളിൽ വിതരണംചെയ്ത 212 മെഷീനുകളുടെ വിശദവിവരങ്ങൾ കത്തിനോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നുവെന്നാണ് പറഞ്ഞിട്ടുള്ളത് (ഉള്ളടക്കം ഫയലിൽ ലഭ്യമല്ല). ഇതിൽനിന്നും തയ്യൽമെഷീനുകൾ പഞ്ചായത്താഫീസിൽ എത്തിയിട്ടില്ല എന്ന് മനസ്സിലാക്കാം.

72. വിതരണത്തിന് അർഹതയുള്ള സഹകരണസംഘങ്ങളെ ഗ്രാമസഭവഴി തെരഞ്ഞെടുത്തതായി കാണുന്നില്ല. ജില്ലാ പഞ്ചായത്ത് അംഗങ്ങൾ സംഘങ്ങളുടെ പേര് നിർദ്ദേശിക്കുകയാണ് ചെയ്തിട്ടുളളത്. അങ്ങനെ നിർദ്ദേശിക്കപ്പെട്ട സഹകരണ സംഘങ്ങൾ നിയമപരമായി രജിസ്റ്റർ ചെയ്യപ്പെട്ടവയാണോ എന്ന് വ്യക്തമല്ല. ടി 90 സഹകരണ സംഘങ്ങൾ പഞ്ചായത്തുമായി എഗ്രിമെന്റ് വച്ചതായി കാണുന്നുണ്ട്. എഗ്രിമെന്റിൽ അവയുടെ രജിസ്റ്റർനമ്പർ കാണുന്നില്ല. ഭൂരിഭാഗം എഗ്രിമെന്റിലും

തയ്യൽമെഷീനുകളുടെ എണ്ണത്തിന്റെ ഭാഗം ശൂന്യമായി ഒഴിച്ചിട്ടിരിക്കുകയാണ്. എഗ്രിമെന്റിനോടൊപ്പം വച്ചിരിക്കുന്ന കൈപ്പറ്റ് രസീതുകളും അപൂർണ്ണമാണ്. ശ്രീമതി 'ഓമനക്കുട്ടി, ഗ്രാമശ്രീ സഹകരണസംഘം കൊടുത്തിരിക്കുന്ന എഗ്രിമെന്റിൽ 4 തയ്യൽമെഷീൻ കിട്ടി എന്നും കൈപ്പറ്റു രസീതിൽ 3 മെഷീൻ കൈപ്പറ്റി എന്നും കാണിച്ചിരിക്കുന്നു. പല കൈപ്പറ്റുരസീതുകളിലും കൈപ്പറ്റിയ മെഷീനുകളുടെ എണ്ണം കാണിച്ചിട്ടില്ല. അതിനാൽ എഗ്രിമെന്റിന്റേയും കൈപ്പറ്റുരസീതുകളുടേയും അടിസ്ഥാനത്തിൽ ഒരു നിഗമനത്തിൽ എത്താൻ സാധ്യമല്ല. തയ്യൽ മെഷീനുകളുടെ വിതരണം കാണിക്കുന്ന ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. തയ്യൽ മെഷീൻ വിതരണം ചെയ്യപ്പെട്ട സംഘത്തിന്റെയും സെക്രട്ടറിയുടെയും പേരും തയ്യൽ മെഷീനുകളുടെ എണ്ണവും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് 67 സംഘങ്ങൾക്കായി 229 തയ്യൽമെഷീനുകൾ വിതരണം ചെയ്തിട്ടുണ്ട്. അവയ്ക്കുതാഴെ ചില സംഘങ്ങളുടെ പേരുകൾ എഴുതിയിട്ടുണ്ടെങ്കിലും വിതരണംചെയ്ത മെഷീനുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. മേൽപ്പറഞ്ഞതിൽനിന്നും ടി പദ്ധതി കുറ്റമറ്റ രീതിയിലല്ല നിർവ്വഹിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാം."

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

**73. 'പട്ടികജാതി വനിതകൾക്ക് തയ്യൽമെഷീൻ വിതരണം' എന്ന പദ്ധതി കുറ്റമറ്റ രീതിയിൽ നിർവ്വഹിച്ചിട്ടില്ലെന്ന് ഗവൺമെന്റ് ലഭ്യമാക്കിയ റിപ്പോർട്ടിൽനിന്ന് സമിതി മനസ്സിലാക്കുന്നു. മാത്രമല്ല പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സൂക്ഷിക്കേണ്ട രേഖകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉദാസീനതയ്ക്ക് ഉത്തമ ഉദാഹരണമാണെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു.**

**74. തയ്യൽമെഷീനുകളുടെ വിതരണംകാണിക്കുന്ന രജിസ്റ്റർപ്രകാരം 229 തയ്യൽ മെഷീനുകൾ വിതരണം ചെയ്തതായി പറയുന്നുവെങ്കിലും പല കൈപ്പറ്റു രസീതുകളും സൂക്ഷിച്ചതായി കാണുന്നില്ല. ആയതിനാൽ അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണോ തയ്യൽമെഷീനുകൾ ലഭിച്ചതെന്ന് കണ്ടെത്താൻ സാധിക്കുന്നില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ രേഖകൾ യഥാവിധി സൂക്ഷിക്കാൻ ബാദ്ധ്യസ്ഥനായ പദ്ധതിനിർവ്വഹണ ഉദ്യോഗസ്ഥനായ അന്നത്തെ ജില്ലാപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. വിജയകൃഷ്ണൻ, ഐ.എ.എസ്.-ന്റെ പേരിൽ വകുപ്പുതല നടപടികൾക്ക് സമിതി ശുപാർശ ചെയ്യുന്നു.**

**75. കൂടാതെ തയ്യൽമെഷീനുകളുടെ വിതരണംകാണിക്കുന്ന രജിസ്റ്റർ പ്രകാരം ഇനിയും വിതരണംചെയ്യാനുള്ള 119 മെഷീനുകളുടെ വിതരണം വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കുവാൻ സാധിക്കാത്തതിനാൽ 119 മെഷീനുകളുടെ വില പദ്ധതിനിർവ്വഹണ ഉദ്യോഗസ്ഥനായ അന്നത്തെ ജില്ലാപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. വിജയകൃഷ്ണൻ, ഐ.എ.എസ്-ൽ നിന്ന് ഈടാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ നിർദ്ദേശം ലംഘിച്ച് ടാറിന്റെ വില തിരികെ നൽകിയതിനാൽ അധിക സാമ്പത്തിക ബാധ്യത**

1998 മുതൽ 2001 വരെയുള്ള കാലഘട്ടത്തിൽ ഗുണഭോക്തൃസമിതികൾ ഏറ്റെടുത്തുനടത്തിയ റോഡുപണികൾക്ക് പഞ്ചായത്തിൽനിന്നും വിതരണംചെയ്ത ടാറിന്റെ വിലയിനത്തിൽ ഈടാക്കിയ അധികനിരക്ക് തിരികെനൽകുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. 16,50,000 രൂപയുടെ അടങ്കലുള്ള ടി പദ്ധതി അംഗീകരിക്കുവാൻ നിർവ്വാഹമില്ലെന്നുള്ള സർക്കാരിന്റെ രേഖാമൂലമുള്ള നിർദ്ദേശത്തെ അവഗണിച്ചാണ് തുക നൽകിയിരിക്കുന്നത്.

കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡ് പ്രകാരം ഡിപ്പാർട്ടുമെന്റലായി സാധനങ്ങൾ വിതരണംചെയ്യുമ്പോൾ ആയതിന് മാർക്കറ്റുവില ഈടാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ കാലയളവിൽ പൂർത്തിയാക്കിയ റോഡുപണികൾക്ക് അവസാന ബിൽത്തുക നൽകിയ വേളയിൽ ടാറിന്റെ മാർക്കറ്റ്വില ഈടാക്കിയിട്ടുണ്ട്. ഗുണഭോക്തൃ സമിതി കൂടി അവസാന കണക്കുകൾ അംഗീകരിച്ചതിനുശേഷമാണ് ബിൽത്തുക നൽകിയിരിക്കുന്നത്. എന്നിട്ടും ടാറിന്റെ അധികവില നൽകുന്നതിനുവേണ്ടി പ്രത്യേക പ്രോജക്ട് തയ്യാറാക്കി വിലയിലുള്ള വ്യത്യാസം കൺവീനർമാർക്കു നൽകുകവഴി അനധികൃതമായി ചെലവഴിച്ച 13,18,142 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-2004 ഓഡിറ്റ് ഖണ്ഡിക 5.3(12)]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:

76. 1998-99 മുതൽ 2000-01 വരെ ഗുണഭോക്തൃസമിതികൾ മുഖേന നടപ്പിലാക്കിയ റോഡുപണികൾക്ക് ജില്ലാ പഞ്ചായത്തിൽനിന്നും ടാർ വിതരണം ചെയ്യുമ്പോൾ Indian Oil Corporation വിലയും P.W.D. ഷെഡ്യൂൾ റേറ്റും തമ്മിലുള്ള വ്യത്യാസം ബില്ലിൽ പിടിച്ചിരുന്നില്ല. എന്നാൽ 2001-02 വർഷത്തിൽ ജില്ലാ പഞ്ചായത്തിൽനിന്നും ടാർവിതരണം ചെയ്യാതിരുന്നതിനാലും എസ്റ്റിമേറ്റിൽ അധികമായ തുക ഉൾക്കൊള്ളിക്കാതിരുന്നതിനാലും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-4-2000-ലെ 14259/N2/2000-ാം നമ്പർ സർക്കുലർ പ്രകാരം 2001-02-ൽ ചെയ്ത വിവിധ റോഡുവർക്കുകളുടെ ടാറിന്റെ വിലവ്യത്യാസത്തിന് 16,50,000 രൂപയുടെ പ്രോജക്ട് തയ്യാറാക്കിയത് 7-9-2001-ൽ SLEC അംഗീകരിച്ചിട്ടുണ്ട്. 31-10-2001-ൽ സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. പൊതുമരാമത്ത് ചട്ടങ്ങളനുസരിച്ച് ടാറിന്റെ P.W.D. ഷെഡ്യൂൾറേറ്റ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയും പൊതുമരാമത്ത് വകുപ്പിൽനിന്നും ടാർ വിതരണം ചെയ്യുകയും ടാറിന്റെ ഷെഡ്യൂൾറേറ്റ് മാത്രം ബില്ലിൽനിന്നും റിക്കവർ ചെയ്യുകയുമാണ് പൊതുമരാമത്ത് വകുപ്പിൽ തുടർന്നുവരുന്ന രീതി. നിലവിലുള്ള സർക്കാർ ഉത്തരവനുസരിച്ച് ജില്ലാ പഞ്ചായത്ത് ടാർ വാങ്ങി വിതരണം ചെയ്യേണ്ടതും

Indian Oil Corporation വിലയും ഷെഡ്യൂൾറേറ്റും തമ്മിലുള്ള വ്യത്യാസത്തിന് ഒരു സ്റ്റേറ്റ്മെന്റ് ഉണ്ടാക്കി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും അധിക തുകയ്ക്ക് തനതുഫണ്ടിൽ തുക കണ്ടെത്തേണ്ടതുമാണ്. ആയതിനാൽ ടാറിന്റെ അധികത്തുക നൽകിയ നടപടി സാധൂകരിക്കേണ്ടതാണ്. കൂടാതെ 2-8-2001-ലെ സർക്കാർ ഉത്തരവ് നമ്പർ P-189/01/എൽ.എസ്.ജി.ഡി.പ്രകാരം ബെനിഫിഷ്യറി കമ്മിറ്റികൾ ഏറ്റെടുത്തു നടത്തുന്ന ടാറിംഗ് വർക്കുകൾക്ക് ഉപയോഗിക്കുന്ന ടാറിന് അധികവില നല്കാവുന്നതുമാണ്.

(3-12-2007-ലെ 70398/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

77. 1998 മുതൽ 2001 വരെയുള്ള കാലയളവിൽ ഗുണഭോക്തൃസമിതികൾ മുഖേന ഏറ്റെടുത്തപണികളുടെ ഫൈനൽബിൽ യഥാസമയം ക്രമീകരിച്ചതിനുശേഷം, പ്രത്യേകം അപേക്ഷകളോ, സർക്കാർ നിർദ്ദേശങ്ങളോ ഉണ്ടായതിന്റെ അടിസ്ഥാനത്തിലാണോ ടാറിന്റെ അധിക വിലയിനത്തിൽ വിവിധ കൺവീനർമാർക്ക് 13,18,142 രൂപ തിരികെനല്കിയതെന്നുള്ള സമിതിയുടെ ചോദ്യത്തിന് ബെനിഫിഷ്യറി കമ്മിറ്റികൾ ഏറ്റെടുത്ത വർക്കുകൾക്ക് ഉപയോഗിക്കുന്ന ടാറിന് അധിക വിലയിനത്തിൽ ഈടാക്കുന്ന തുക തിരികെനല്കാമെന്ന് 2-8-2001-ൽ ഗവൺമെന്റ് ഉത്തരവ് ഉണ്ടായിരുന്നതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ഉത്തരവിന് മുൻകാല പ്രാബല്യം ഉണ്ടായിരുന്നോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് മുൻകാല പ്രാബല്യം കൊടുക്കുവാൻ സാധിക്കുകയില്ലെന്ന് ഗവൺമെന്റ് ജില്ലാ പഞ്ചായത്തുകളെ അറിയിച്ചിട്ടുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

**78. ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾക്ക് ടെണ്ടർ എക്സസ് അനുവദനീയമല്ലെങ്കിലും പൊതുമരാമത്ത് വകുപ്പിൽ ആയത് അനുവദനീയമായ സാഹചര്യത്തിലും 2-8-2001-ലെ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിലും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തുക വകമാറ്റി ചെലവഴിച്ചു**

താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി സർക്കാരിൽനിന്നും ലഭിച്ച തുകകൾ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകമാറ്റി ചെലവഴിച്ചതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം ചെയ്യുന്നതിന് സർക്കാരിന്റെയോ ജില്ലാ പ്ലാനിംഗ് കമ്മറ്റിയുടെയോ അംഗീകാരം ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

(1) 22-1-1998-ലെ 4-ാം നമ്പർ തീരുമാനപ്രകാരം ജീവനക്കാരുടെ ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കുമായി 4,00,000 രൂപ അൺടൈഡ് ഫണ്ടിൽനിന്നും വകമാറ്റുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 21-9-1998-ൽ തീരുമാനിച്ചു.

(2) പൊതുമരാമത്ത് വകുപ്പിൽനിന്നും ഓർഡിനറി റിപ്പയർ, സ്പെഷ്യൽ റിപ്പയർ, റിനൂവൽ പ്രോഗ്രാം തുടങ്ങിയ ശീർഷകങ്ങളിൽ വരവ് കൊള്ളിച്ചിരിക്കുന്ന യഥാക്രമം 1,58,200 രൂപ, 60,40,100, 52,72,000 രൂപ ഡെവലപ്മെന്റ് ആന്റ് ഇംപ്രൂവ്മെന്റ് എന്ന ശീർഷകത്തിലേക്ക് വകമാറ്റിയതായി കാണുന്നു.

(3) ജില്ലാ പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളം, അംഗങ്ങളുടെ ഓണറേറിയം, മറ്റു ചെലവുകൾ തുടങ്ങിയവയ്ക്ക് അനുവദിച്ച ഗ്രാന്റ് പ്രസ്തുത ആവശ്യങ്ങൾക്ക് മതിയാകാതെ വന്നതിനാൽ ഉപാധിരഹിത ഫണ്ടിൽനിന്നും 3,00,000 രൂപ വീതം വകമാറ്റുന്നതിന് 17-10-1997-ലും 26-11-1997-ലും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനിച്ചു.

(4) വിജയശ്രീ എന്ന പദ്ധതിക്ക് വകയിരുത്തിയ 45,000 രൂപയിൽനിന്നും നാട്ടകം ഡിവിഷനിലെ 30 സ്വയംസഹായ സംഘങ്ങൾക്ക് 1,500 രൂപ വീതം ഗ്രാന്റ് അനുവദിക്കുന്നതിനുവേണ്ടി 11-6-1998-ലെ 26-ാം നമ്പർ തീരുമാനപ്രകാരം ജില്ലാ പഞ്ചായത്ത് തീരുമാനിച്ചു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-2004 ഓഡിറ്റ് ഖണ്ഡിക 5.1 പൊതുപരാമർശം 1)

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:

79. (1) ജീവനക്കാരുടെ ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കുമായാണ് 1997-1998 വർഷം 4,00,000 രൂപ അൺടൈഡ് ഫണ്ടിൽനിന്ന് വകമാറ്റുന്നതിന് 21-1-1998-ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചത്. പ്രസ്തുത ആവശ്യങ്ങൾ നിറവേറ്റുന്നതിന് ജില്ലാ പഞ്ചായത്തിന് തനതു ഫണ്ടില്ലാത്തതിനാലും എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റിൽ മതിയായ തുക ഇല്ലാത്ത സാഹചര്യത്തിലുമാണ് ഇപ്രകാരം തുക വകമാറ്റി ചെലവഴിച്ചത്. ഓഡിറ്റ് പരാമർശത്തിനുശേഷം ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിച്ചിട്ടില്ല.

(2) ഗൗരവമായി ശ്രദ്ധിച്ചു. ഓഡിറ്റ് പരാമർശത്തിനു ശേഷം ഇത്തരത്തിലുള്ള വകമാറ്റലുകൾ നടത്തിയിട്ടില്ല.

(3) ഗൗരവമായി ശ്രദ്ധിച്ചു. ഓഡിറ്റ് പരാമർശത്തിനു ശേഷം ഇത്തരത്തിലുള്ള വകമാറ്റലുകൾ നടത്തിയിട്ടില്ല.

(4) ജനകീയാസൂത്രണ പദ്ധതിയിൽ യഥാസമയം പൂർത്തീകരിക്കുവാൻ സാധിക്കാതെവരുന്ന പദ്ധതികളിൽനിന്നും തുക വകമാറ്റി മറ്റ് പദ്ധതികൾ രൂപീകരിച്ച് തുക ചെലവാക്കണമെന്ന് ജില്ലാ പ്ലാനിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് വിജയശ്രീ എന്ന പദ്ധതിയിൽ ചെലവാകാതെനിന്ന തുകയിൽ നിന്നും 45,000 രൂപ അതേ ഡി.പി.സി. തന്നെ അംഗീകരിച്ച നാട്ടകം ഡിവിഷനിലെ 30 സ്വയംസഹായ സംഘങ്ങൾക്ക് 1,500 രൂപ വീതം ഗ്രാന്റ് അനുവദിക്കുന്നതിന് 11-6-1998-ലെ 26-ാം നമ്പർ തീരുമാനപ്രകാരം ജില്ലാ പഞ്ചായത്ത് അംഗീകരിച്ചത്.

(3-12-2007-ലെ 70398/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

80. തുക വകമാറ്റി ചെലവഴിക്കാൻ പാടില്ലെന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ തുക വകമാറ്റി ചെലവഴിക്കാനുണ്ടായ കാരണം സമിതി ആരാഞ്ഞതിന് ശമ്പളം കൊടുക്കുന്നതിനും, മറ്റ് ചെലവുകൾക്കും വേണ്ടിയാണ് തുക വകമാറ്റി ചെലവഴിച്ചതെന്നും, ഇതുപോലുള്ള വീഴ്ചകൾ ഓഡിറ്റ് പരാമർശത്തിനുശേഷം ഉണ്ടായിട്ടില്ലെന്നും കോട്ടയം ജില്ലാപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

81. **കോട്ടയം ജില്ലാ പഞ്ചായത്തിൽ വകമാറ്റി ചെലവഴിക്കുന്ന പ്രവണത കൂടിവരുന്നതായി സമിതി നിരീക്ഷിക്കുന്നു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ഇത്തരം വകമാറ്റൽ എന്നത് വളരെ ഗൗരവം അർഹിക്കുന്ന സംഗതിയാണ്. ധനകാര്യ മാനേജ്മെന്റും അച്ചടക്കവും പാലിക്കാൻ നിയോഗിക്കപ്പെട്ട കമ്മറ്റി തന്നെ ഇത്തരം അച്ചടക്കമില്ലായ്മയും ചട്ടവിരുദ്ധ പ്രവൃത്തികളും നടത്തുന്നത് തികച്ചും അപലപനീയമാണ്. പരാമർശവിധേയമായ സംഗതികൾ ധനകാര്യ സ്റ്റാൻഡിംഗ് സമിതിയെ ഉപദേശിക്കേണ്ട ഉദ്യോഗസ്ഥൻ എന്നനിലയിൽ സെക്രട്ടറിയും പരാജയപ്പെട്ടതായി സമിതി വിലയിരുത്തുന്നു. ഇപ്രകാരമുള്ള വകമാറ്റൽ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പു സ്വീകരിക്കണമെന്നും അനധികൃതമായ ഇത്തരം വകമാറ്റൽ നടത്തുന്ന പഞ്ചായത്തുകൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല**

(1) ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ കന്യാവിവാഹ പദ്ധതി എന്ന പ്രോജക്ട് പ്രകാരം പട്ടികവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ഇൻഷ്വർ ചെയ്യുന്നതിലേക്കുവേണ്ടി 29,00,000 രൂപ ചെലവാക്കിയതായി കാണുന്നു. എന്നാൽ ഇതു സംബന്ധിച്ച ഫയൽ ഭരണവകുപ്പിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറുടെ കൈവശമായതിനാൽ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

(2) 22-1-1998-ൽ കൂടിയ ജില്ലാ പഞ്ചായത്ത് യോഗം 'പശു വളർത്തൽ' എന്ന പദ്ധതി അംഗീകരിക്കുകയും പദ്ധതി നടത്തിപ്പിനായി 7,50,000 രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-2004 ഓഡിറ്റ് ഖണ്ഡിക 5.2 പൊതു പരാമർശം 2)

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:

82. അത്യുല്പാദന ശേഷിയുള്ളതും മെച്ചപ്പെട്ട ജനുസ്സിൽപ്പെട്ടതുമായ പശുക്കളെ വാങ്ങിക്കുന്നതിന് 1997-1998 കാലയളവിൽ ഏകദേശം 40,000 രൂപ വിലമതിച്ചിരുന്നു. ആയതിനാലാണ് പരമാവധി 10,000 രൂപ വരെ സബ്സിഡി

നൽകുവാൻ തീരുമാനിച്ചത്. ഗ്രാമപ്പഞ്ചായത്തുകളിൽ നിന്നും ഗുണഭോക്താക്കളുടെ ലിസ്റ്റ് ആവശ്യപ്പെട്ടിരുന്നുവെങ്കിലും വേണ്ടസമയത്ത് ഗുണഭോക്തൃലിസ്റ്റ് ലഭിക്കുകയുണ്ടായില്ല. ഡി.പി.സി.-യുടെ അംഗീകാരം പിന്നീട് വാങ്ങിയിട്ടുള്ളതാണ്. അതാത് പഞ്ചായത്തിലെ വെറ്ററിനറി സർജൻമാർ നൽകിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാന ത്തിലാണ് വിവിധതരത്തിൽ സബ്സിഡിത്തുക നൽകിയിട്ടുള്ളത്.

83. കന്യാവിവാഹ നടത്തിപ്പിനെപ്പറ്റിയുള്ള വകുപ്പുതല അന്വേഷണത്തിനായി 11-4-2002-ലെ ജി.ഒ.(ആർറ്റി.) നമ്പർ 869/02 സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടറായിരുന്ന ശ്രീ. വി. ആർ. പത്മനാഭൻ, ഐ.എ.എസ്. നിയുക്തനാവുകയും അദ്ദേഹത്തിന് അന്വേഷണത്തിനായി ഫയൽ 24-7-2002-ൽ കൈമാറുകയും ചെയ്തിട്ടുണ്ട്. തുടർന്ന് അന്വേഷണം കഴിഞ്ഞ് ടി ഫയൽ ശ്രീ. വി. ആർ. പത്മനാഭൻ, ഐ.എ.എസ്. സിവിൽ സപ്ലൈസ് ഡയറക്ടറായിരിക്കെ 22-1-2003-ൽ ആണ് ജില്ലാ പഞ്ചായത്തിൽ തിരികെ ലഭിച്ചത്. 1997-1998 വർഷത്തെ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം 22-11-2002 മുതലുള്ള ഒരു മാസക്കാലത്താണ് ജില്ലാ പഞ്ചായത്തിൽ ഉണ്ടായിരുന്നത്. തുടർന്ന് വിജിലൻസ് അന്വേഷണത്തിനായി ടി ഫയൽ 4-8-2003-ൽ വിജിലൻസിന് നൽകിയത് 19-8-2006-ലാണ് അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ചത്. തുടർന്ന് 8-9-2006-ലെ 3312/പി.1/06/LSGD നമ്പർ സർക്കാർ കത്തിലെ നിർദ്ദേശപ്രകാരം എൽ.ഐ.സി.-യിൽ അടച്ച 28,55,588 രൂപ തിരികെവാങ്ങുവാൻ 26-12-2006-ലെ 9-ാം നമ്പർ തീരുമാനപ്രകാരം ജില്ലാ പഞ്ചായത്ത് തീരുമാനിക്കുകയും ചെയ്തു. ടി തുക തിരികെ ജില്ലാ പഞ്ചായത്തിൽ അടയ്ക്കണമെന്ന് ആവശ്യപ്പെട്ട് 5-1-2007-ലെ സി2 429/98/ കെ.ഡി.പി. നമ്പർ കത്ത് പ്രകാരം എൽ.ഐ.സി. സീനിയർ ഡിവിഷൻ മാനേജരെ അറിയിക്കുകയും ചെയ്തു. തുടർന്ന് പണം തിരികെ ലഭിക്കാത്ത സാഹചര്യത്തിൽ 16-6-2007, 1-10-2007 എന്നീ തീയതികളിൽ ഓർമ്മക്കുറിപ്പ് അയയ്ക്കുകയും ചെയ്തു. എന്നിട്ടും എൽ.ഐ.സി.-യിൽ അടച്ച തുക തിരികെ നൽകാത്ത സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് ഫിനാൻസ് ഓഫീസർ എൽ.ഐ.സി.-യിൽ നേരിട്ടുപോയി ടി വിഷയം ചർച്ചചെയ്യുകയും ഒരാഴ്ചയ്ക്കുള്ളിൽ ടി തുക തിരിച്ചടയ്ക്കണമെന്ന് കാണിച്ചുകൊണ്ട് രജിസ്റ്റേർഡ് കത്തും അയയ്ക്കുകയുണ്ടായി. എൽ.ഐ.സി. മറുപടി 29-11-2007-ൽ നൽകിയിട്ടുണ്ട്.

84. ഒരുതവണ മാത്രമേ എൽ.ഐ.സി.-ൽ പ്രീമിയം അടച്ചിട്ടുള്ളൂ. ഗവൺമെന്റ് നിർദ്ദേശത്തെത്തുടർന്ന് പിന്നീട് പ്രീമിയം തുക അടച്ചിട്ടില്ല. ഇപ്പോൾ എൽ.ഐ.സി. ബ്രാഞ്ച് മാനേജർ നൽകിയ മറുപടി അനുസരിച്ച് 1938-ലെ ഇൻഷ്വറൻസ് ആക്ടിലെ 113-ാം വകുപ്പുപ്രകാരം 1-4-1973-ന് ശേഷം 3 തവണയെങ്കിലും പ്രീമിയം തുക അടച്ചുകഴിഞ്ഞാൽ മാത്രമേ പോളിസി തുകയുടെ സറണ്ടർ വാല്യുവിന് അവകാശമുള്ളൂ എന്ന് അസന്നിഗ്ദ്ധമായി പ്രസ്താവിച്ചിരിക്കുന്നു. ആയതിനാൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ ഒരു തീരുമാനം കൈക്കൊള്ളണമെന്ന് അറിയിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(3-12-2007-ലെ 70398/എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

85. കന്യാവിവാഹ് എന്ന സ്കീം ഉണ്ടായിരുന്നോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ കന്യാവിവാഹ് പദ്ധതിപ്രകാരം പട്ടികവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ഇൻഷ്വർ ചെയ്യുന്നതിനുവേണ്ടി ആദ്യതവണ തുക അടച്ചുകഴിഞ്ഞതിനുശേഷം ആ തുക തിരിച്ചുവാങ്ങണമെന്ന് ഗവൺമെന്റ് അറിയിച്ചതനുസരിച്ച്, തുക തിരികെ ആവശ്യപ്പെട്ട് എൽ.ഐ.സി. സീനിയർ മാനേജർക്ക് കത്ത് കൊടുത്തുവെങ്കിലും, മൂന്ന് പ്രീമിയം അടച്ചാൽമാത്രമേ പോളിസി ലൈവ് ആവുകയുള്ളൂവെന്നും, അതുകൊണ്ട് തുക തിരികെനൽകാൻ നിർവ്വാഹമില്ലെന്ന് എൽ.ഐ.സി. സീനിയർ മാനേജർ അറിയിച്ചതായി കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഡി.പി.സി. അംഗീകരിച്ച പ്രോജക്ട് നടപ്പാക്കാതെ പോയത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് ഗവൺമെന്റ് എതിർത്തിരുന്നു വെന്ന് കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇൻഷ്വറൻസ് പദ്ധതികൾ അനുവദിക്കരുതെന്ന് 4-6-1998-ൽ ഉത്തരവ് ഉള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

86. പശുവളർത്തലിന് ഏഴരലക്ഷം രൂപ വകയിരുത്തി ചെലവാക്കിയതിനെ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടവർ പണാപഹരണം നടത്തിയെന്നാണ് മനസ്സിലാക്കേണ്ടതെന്ന് സമിതി അഭിപ്രായപ്പെടുകയും പശുവളർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നില്ലെങ്കിൽ തുക തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

87. ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ഡി.പി.സി.-യുടെ അംഗീകാരമുള്ള പ്രോജക്ടിൽ 29 ലക്ഷം രൂപ എൽ.ഐ.സി.-ലേക്ക് നൽകിയതിനുശേഷം ഗവൺമെന്റുതന്നെ വേണ്ട എന്നുപറയുന്നത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് ഡി.പി.സി.-യുടെ അംഗീകാരം എന്നുപറഞ്ഞാൽ ഒരു ചടങ്ങു മാത്രമാണെന്നും, പദ്ധതി നന്നായി വിശകലനം ചെയ്തിട്ടായിരിക്കില്ല ഡി.പി.സി അംഗീകാരം നൽകിയതെന്നും ഇൻഷ്വറൻസ് പദ്ധതികൾ അനുവദിക്കരുതെന്ന കണ്ടീഷൻ ഉള്ളതിനാൽ, പദ്ധതി അംഗീകരിക്കപ്പെടേണ്ടതല്ല എന്നാണ് മനസ്സിലാക്കാൻ കഴിയുന്നതെന്ന് ലോക്കൽ ഫണ്ട് ഡയറക്ടർ സമിതിയെ അറിയിച്ചു.

88. ഡി.പി.സി. അംഗീകാരത്തോടെ സാമൂഹ്യക്ഷേമകരമായ പദ്ധതികൾക്ക് പകുതി പണം ചെലവാക്കിയതിനുശേഷം പദ്ധതികൾ നടപ്പിലാക്കാൻ പറ്റില്ലെന്ന് ഗവൺമെന്റ് ഉത്തരവ് ഇറക്കിയാൽ ചെലവാക്കിയ തുക തിരിച്ചുപിടിക്കുന്നതിനുള്ള ബാദ്ധ്യതകൂടി ഗവൺമെന്റിനുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

89. **ഇൻഷ്വറൻസ് പദ്ധതികൾ അനുവദിക്കരുത് എന്ന ഗവൺമെന്റ് ഉത്തരവുണ്ടായിട്ടും ആയതിനെ മറികടന്ന് ഇൻഷ്വറൻസ് പദ്ധതി തയ്യാറാക്കുകയും ആയതിന്റെ ആദ്യപ്രീമിയമായി 29 ലക്ഷം രൂപ ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കുകയും ചെയ്ത കോട്ടയം ജില്ലാപഞ്ചായത്ത് മാനദണ്ഡങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി സമർപ്പിച്ച പദ്ധതിക്ക് അംഗീകാരം നൽകിയ ജില്ലാ പ്ലാനിംഗ്**

കമ്മിറ്റിയുടെ നടപടി അപലപനീയമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള പദ്ധതിപ്പണം എപ്രകാരം ദുർവിനിയോഗം ചെയ്യപ്പെടുന്നുവെന്നതിന് ഒരു ഉത്തമ ഉദാഹരണമാണ് ഇതെന്ന് സമിതി നിരീക്ഷിക്കുന്നു. ഈ പദ്ധതി സംബന്ധിച്ച് മുൻ പഞ്ചായത്ത് ഡയറക്ടറും, വിജിലൻസും അന്വേഷണം നടത്തിയതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ, മേൽപ്പറഞ്ഞ അന്വേഷണങ്ങളുടെ വിശദവിവരം സമിതിക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ ഈ രണ്ടു അന്വേഷണങ്ങളുടെയും റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.

90. 1973-നു ശേഷം ഇൻഷ്വറൻസ് ആക്ടിലെ 113-ാം വകുപ്പു പ്രകാരം 3 തവണയെങ്കിലും പ്രീമിയം അടച്ച് പിന്നീട് മുടക്കംവന്നാൽ മാത്രമേ തുക റീഫണ്ടിന് അർഹതയുള്ളൂവെങ്കിലും ഗവൺമെന്റുതലത്തിൽ ഇടപെടൽ നടത്തി ജില്ലാ പഞ്ചായത്ത് അടച്ച 29 ലക്ഷം രൂപ ഇൻഷ്വറൻസ് കമ്പനിയിൽനിന്നും തിരികെ വാങ്ങാനുള്ള നടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു.

91. 1997-98 വർഷം ആവിഷ്കരിച്ച് നടപ്പിലാക്കിയ കന്യാവിവാഹ് പദ്ധതി നിർത്തലാക്കിയതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

92. പശുവളർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ നാളിതുവരെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് പരിശോധനയ്ക്ക് ഹാജരാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പശുവളർത്തൽ പദ്ധതിക്ക് വകയിരുത്തിയ 7,50,000 രൂപയുടെ രേഖകൾ ലോക്കൽ ഫണ്ട് വകുപ്പിന് ലഭ്യമാക്കണമെന്നും അതിനുകഴിഞ്ഞില്ലെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും പ്രസ്തുത തുക തിരികെ പിടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**അംഗീകാരമില്ലാത്ത പദ്ധതി നടപ്പിലാക്കി**

(1) 1998-99 വർഷം പ്രോജക്ട് നമ്പർ 66 പ്രകാരം നടപ്പിലാക്കിയ സ്വാശ്രയ സംഘങ്ങൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി നടത്തിപ്പിനായി ആകെ 25,80,600 രൂപ ചെലവഴിച്ചതായി കാണുന്നു. ടി പദ്ധതിക്ക് ബി.എൽ.ഇ.സി.-യുടെയോ ഡി.പി.സി.-യുടെയോ അംഗീകാരം ലഭിച്ചിട്ടില്ല

(2) പ്രോജക്ട് നമ്പർ 67 പ്രകാരം നടപ്പിലാക്കിയ വനിതാവ്യവസായ യൂണിറ്റുകൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി പ്രകാരം 95 പേർക്കായി ആകെ 12,04,671 രൂപ 31-3-1999 വരെ ചെലവഴിച്ചതായി കാണുന്നു. ടി പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-2004 ഓഡിറ്റ് ഖണ്ഡിക 5.3 പൊതുപരാമർശം 3)

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ലഭ്യമാക്കിയ മറുപടി :

93. ജനകീയാസൂത്രണ പദ്ധതിയുടെ ആരംഭഘട്ടമായ 1998-99 വർഷം പദ്ധതിപ്പണം 100% തുക ചെലവഴിക്കുന്നതിനുവേണ്ടി പ്രോജക്ടുകൾ ചെയ്ഞ്ച് ചെയ്യാമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് 29-3-1999-ൽ കൂടിയ ജനറൽ കമ്മിറ്റി 6-ാം നമ്പരായി സ്വാശ്രയസംഘങ്ങൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകി നടപ്പിലാക്കിയിട്ടുള്ളത്. സാമ്പത്തിക വർഷാവസാനമായതുകൊണ്ട് ഡി.പി.സി.-യുടെ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി കാത്തുനിൽക്കാതെ സ്വാശ്രയസംഘങ്ങൾക്ക് ധനസഹായം അനുവദിച്ചു വിതരണംനടത്തിയിട്ടുള്ളതാണ്. കുറഞ്ഞ സമയപരിധിയിൽ നടപ്പിലാക്കിയതുമൂലമുണ്ടായ കുറവുകൾ പരിഹരിച്ചു തരണമെന്ന് അപേക്ഷിക്കുന്നു.

94. ജില്ലാ വ്യവസായകേന്ദ്രം മാനേജർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ളതാണ് വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി ജില്ലാ വ്യവസായ കേന്ദ്രം മാനേജർ സാങ്കേതികാനുമതി നൽകിയ വനിതാ വ്യവസായ യൂണിറ്റുകൾക്കാണ് ജനറൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ ധനസഹായം നൽകിയിട്ടുള്ളത്. 1997-98 കാലയളവിൽ WIP വിഭാഗത്തിൽ അംഗീകരിച്ച് തെരഞ്ഞെടുത്തിട്ടും വ്യവസായ വകുപ്പുവഴി ഗവൺമെന്റിൽനിന്നും ലഭിക്കുന്ന തുക മതിയാകാതെവന്ന സാഹചര്യത്തിൽ ആണ് ടി വ്യവസായ യൂണിറ്റുകൾക്ക് ജില്ലാപഞ്ചായത്ത് പദ്ധതി വിഹിതത്തിൽനിന്നും ധനസഹായം നൽകിയത്. ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർമാർ ശുപാർശ ചെയ്തിട്ടുള്ളതും ജനറൽ കമ്മിറ്റി അംഗീകരിച്ചതുമായ ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകിയത്. സാമ്പത്തിക വർഷത്തിന്റെ അവസാനമായതിനാലും ജില്ലാ ആസൂത്രണ സമിതിയോഗം പിന്നീട് കൂടാതിരുന്നതിനാലുമാണ് ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങാതിരുന്നത്. ആയതിനാൽ ടി സ്ഥാപനങ്ങൾക്ക് ആനുകൂല്യം നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി ക്രമപ്രകാരമാക്കണമെന്നും നിരാകരിച്ച തുക ക്രമപ്പെടുത്തി ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന തടസ്സം ഒഴിവാക്കിത്തരണമെന്നും അഭ്യർത്ഥിക്കുന്നു.

(3-12-2007-ലെ 70398/എ.ബി/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

**നിഗമനങ്ങൾ/ശുപാർശകൾ**

95. **1998-99 വർഷം നടപ്പിലാക്കിയ സ്വാശ്രയ സംഘങ്ങൾക്ക് ഗ്രാന്റ് നൽകൽ, വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഗ്രാന്റ് നൽകൽ എന്നീ പദ്ധതികൾക്ക് ഡി.പി.സി.-യുടെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കുറഞ്ഞ സമയപരിധിക്കുള്ളിൽ പദ്ധതികൾ നടപ്പിലാക്കിയതിനാൽ അവയ്ക്ക് ഡി.പി.സി.-യുടെ അംഗീകാരം വാങ്ങുന്നതിന് സാധിച്ചില്ലെന്നുള്ള ഗവൺമെന്റ് മറുപടി പരിഗണിച്ച്, പദ്ധതികൾക്ക് സബ്സിഡി/ഗ്രാന്റ്**

റാറ്റിഫിക്കേഷൻ വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ഓഡിറ്റ് പരാമർശത്തിനുള്ള വിശദീകരണവും രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ അതിന്മേൽ യാതൊരു നടപടിയും കോട്ടയം ജില്ലാപഞ്ചായത്ത് സെക്രട്ടറിയോ, ഭരണവകുപ്പോ സ്വീകരിക്കുകയുണ്ടായില്ല. സമിതി മുൻപാകെ ഹാജരായി രേഖകൾ ഹാജരാക്കാമെന്ന് ഉറപ്പുനൽകിയ പഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. എം. മോഹനൻ സമിതിക്ക് നൽകിയ ഉറപ്പ് പാലിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. നിയമസഭാ സമിതി മുമ്പാകെ നൽകിയ ഉറപ്പ് ലംഘിച്ച ടി പഞ്ചായത്ത് സെക്രട്ടറിയിൽനിന്നും വിശദീകരണം തേടുകയും ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

96. സമിതി ആവശ്യപ്പെട്ട രേഖകൾ അടിയന്തിരമായി സമിതിക്കും ഓഡിറ്റിനും സമർപ്പിക്കണമെന്നും ഓഡിറ്റ് ആയതു പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

97. കോട്ടയം ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ ഗവൺമെന്റിൽനിന്ന് ലഭ്യമായ മറുപടി പരിശോധിക്കുമ്പോൾ പ്രോജക്ടുകളെ സംബന്ധിച്ച ഫയലുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും, വ്യക്തമായ ഫയൽ സിസ്റ്റം ഉണ്ടായിരുന്നില്ലെന്നുമാണ് വ്യക്തമാകുന്നത്. അക്കൗണ്ടന്റ് ജനറലിന്റെയും, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റിന്റെയും, ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെയും ഓഡിറ്റു സംബന്ധമായ എല്ലാ കാര്യങ്ങളും നോക്കേണ്ടത് ഫിനാൻസ് ഓഫീസർമാരുടെ പ്രത്യേക ചുമതലയാണെന്നിരിക്കെ ഓഡിറ്റിന് ശരിയായ സമയത്ത് മറുപടി നൽകാത്തത് ഫിനാൻസ് ഓഫീസർമാരുടെ വീഴ്ചയാണെന്നും പ്രസ്തുത കൃത്യവിലോപത്തിന്മേൽ ഫിനാൻസ് ഓഫീസർമാരിൽനിന്നും വിശദീകരണം വാങ്ങുന്നതിലും, നടപടി സ്വീകരിക്കുന്നതിലും സെക്രട്ടറിമാർ വീഴ്ച വരുത്തുന്നതായും സമിതിക്ക് ബോധ്യമാകുന്നു.

98. തെളിവെടുപ്പുവേളയിൽ സമിതി ആവശ്യപ്പെട്ട വിവരങ്ങൾക്ക് വ്യക്തമായ ഉത്തരം നൽകുന്നതിന് സമിതിമുമ്പാകെ ഹാജരായ കോട്ടയം ജില്ലാപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. എം. മോഹനന് സാധിച്ചിട്ടില്ല. കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാതെ സമിതി മുമ്പാകെ ഹാജരായ കോട്ടയം ജില്ലാപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. എം. മോഹനന്റെ നടപടിയെ സമിതി അപലപിക്കുന്നു.

99. പഞ്ചായത്ത് സെക്രട്ടറിമാർ സമിതി മുൻപാകെ ഹാജരായി തെളിവ് നൽകുമ്പോൾ ശരിയായ തയ്യാറെടുപ്പോടെയാണ് ഹാജരാകേണ്ടതെന്നും, അല്ലാത്ത പക്ഷം ആയത് സമിതിയുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നതോടൊപ്പം പഞ്ചായത്തിനെക്കുറിച്ച് അവമതിപ്പ് ഉണ്ടാകുന്നതിന് ഇടയാക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. കോട്ടയം ജില്ലാപഞ്ചായത്തിന്റെ പ്രവർത്തനത്തിൽ ഗുരുതരമായ വീഴ്ചകൾ ഉണ്ടാകുന്നതായി ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനാവേളയിൽ സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. ഈ വിഷയം സർക്കാരിന്റെ അടിയന്തിര ശ്രദ്ധയിൽ വരണമെന്നും പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ വീക്ഷിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റുതലത്തിൽ ശ്രമം ഉണ്ടാകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## ഇടുക്കി ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ലൈബ്രറി കെട്ടിട നിർമ്മാണം—ലൈബ്രറികൾക്കുള്ള ധനസഹായം—തുക ഉപയോഗിക്കാതെ അനധികൃതമായി കൈവശം സൂക്ഷിക്കുന്നു**

ഇടുക്കി ജില്ലയിലെ വിവിധസ്ഥലങ്ങളിൽ പണിതുകൊണ്ടിരിക്കുന്ന ലൈബ്രറി കളിലേക്ക് ധനസഹായമായി 87,500 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി ലൈബ്രറികളുടെ പണികൾ ഇതുവരെയും തുടങ്ങിയിട്ടില്ല എന്നുകാണുന്നു. 20-12-2000-ലെ 12-ാം നമ്പർ തീരുമാനപ്രകാരം ടി ലൈബ്രറി കെട്ടിടങ്ങളുടെ നിർമ്മാണം നാളിതുവരെയായും തുടങ്ങാത്തതിനാൽ അതാതു കൺവീനർമാർക്ക് നൽകിയ പണം തിരിച്ചടയ്ക്കുവാൻ കത്തുമുഖാന്തിരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആരുംതന്നെ തുക തിരിച്ചടച്ചിട്ടില്ല. ഈ ഇനത്തിൽ കുമളി ജയകേരളം വായനശാല, എഴുകുംവയൽ പബ്ലിക് ലൈബ്രറി, വെള്ളാംകുടി പബ്ലിക് ലൈബ്രറി എന്നിവയ്ക്ക് 12,500 രൂപ വീതവും അന്യാർ തൊളു പബ്ലിക് ലൈബ്രറിക്ക് 50,000 രൂപയും നൽകിയിട്ടുണ്ട്. പ്രോജക്ടിൽ പറഞ്ഞിരി ക്കുന്നതിന് വിപരീതമായി പണിപോലും തുടങ്ങിയിട്ടില്ലാത്ത ടി ലൈബ്രറികൾക്കു നൽകിയ 87,500 രൂപ പിഴപ്പലിശ സഹിതം പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടയ്ക്കുവാൻ ഓഡിറ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-2003 ഖണ്ഡിക VII.I.6.13(i)]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:

100. ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 1999-2000 വർഷത്തെ 156 നമ്പർ പദ്ധതി പ്രകാരം ജില്ലയിലെ നാല് ലൈബ്രറികൾക്ക് കെട്ടിടനിർമ്മാണത്തിന് ധനസഹായമായി 50,000 രൂപവീതം ആകെ 2 ലക്ഷം രൂപ വകയിരുത്തി. ആയതുപ്രകാരം 4 ലൈബ്രറി കൾക്കുമായി 87,500 രൂപ ലൈബ്രറി കെട്ടിടം പണിക്കായി അഡ്വാൻസ് നൽകി. ഗ്രന്ഥശാലാ സംഘത്തിന്റെ ധനസഹായത്തോടുകൂടിയാണ് കെട്ടിടം പണിയാൻ ഉദ്ദേശിച്ചത്. ഗ്രന്ഥശാലാ സംഘത്തിൽനിന്നും യഥാസമയം ധനസഹായം ലൈബ്രറികൾക്ക് ലഭിക്കാത്തതിനാൽ ജില്ലാ പഞ്ചായത്ത് വിഹിതം ടി വർഷം ചെലവഴിക്കാൻ കാലതാമസം ഉണ്ടായി. പിന്നീട് കെട്ടിടംപണി പൂർത്തിയാക്കി വാല്യുവേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതമായ 50,000 രൂപയിൽ അഡ്വാൻസ് തുക കുറച്ച് ബാക്കി തുക ഓരോ ലൈബ്രറികൾക്കും നൽകി.

(1) റൂറൽ ലൈബ്രറി എഴുകുംവയൽ : യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച തീയതി: 23-5-2002 ബാക്കിത്തുക നൽകിയ തീയതി: 2-12-2003.

(2) ദർശന കോമ്പയാർ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച തീയതി: 10-2-2004 ബാക്കിത്തുക നൽകിയ തീയതി: 4-3-2004.

(3) ജയകേരളം കുമളി : യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച തീയതി : 4-6-2003 ബാക്കിത്തുക നൽകിയ തീയതി: 20-6-2003.

(4) വെള്ളയാംകുടി പബ്ലിക് ലൈബ്രറി : പൂർത്തീകരിച്ച വർഷം: 2004-2005.

(3-12-2007-ലെ 70398/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

101. ലൈബ്രറി കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ധനസഹായം നൽകിയതിനെ സംബന്ധിച്ചുള്ള സമിതിയുടെ ചോദ്യത്തിന് കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽനിന്നു ലഭിക്കുന്ന ധനസഹായംകൂടി ചേർത്താണ് പണി നടത്തുവാൻ ഉദ്ദേശിച്ചിരുന്നതെന്നും, ഗ്രാന്റ് ലഭിക്കുന്നതിന് കാലതാമസം നേരിട്ടപ്പോൾ അഡ്വാൻസ് മാത്രം നൽകുകയും പണി പൂർത്തിയായപ്പോൾ ബാക്കിത്തുക കൂടി നൽകിയെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. കെട്ടിടംപണി പൂർത്തിയായ തിന്റെ രേഖയുണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ടെന്നും, ഫിസിക്കൽ വെരിഫിക്കേഷൻ നടത്താൻ സാധിച്ചിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

102. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകളും, ഫിസിക്കൽ വെരിഫിക്കേഷൻ നടത്തിയതിന്റെ റിപ്പോർട്ടും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു. സമിതിയുടെ നിർദ്ദേശാനുസരണം ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടും, അതിന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

**റൂറൽ ലൈബ്രറി, എഴുകുംവയൽ**

103. "ജില്ലാ പഞ്ചായത്ത് വിഹിതവും ലൈബ്രറി കൗൺസിൽ നല്കിയ 3 ലക്ഷവും എം.പി. ഫണ്ട് ഒരു ലക്ഷവും ഉപയോഗിച്ച് ലൈബ്രറി അംഗങ്ങളുടെ പരിശ്രമത്തിലൂടെ ഉദ്ദേശം 2500 ച. അടിയുള്ള 2 നില കെട്ടിടം പണിതിട്ടുണ്ട് (തേപ്പും മറ്റു പണികളും പൂർത്തിയാക്കുവാനുണ്ട്). 06/യു.ഡി.എ/3905 നമ്പരായി ലൈബ്രറിക്ക് രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ട്. വളരെ ഭംഗിയായി ഈ സ്ഥാപനം പ്രവർത്തിച്ചുവരുന്നുണ്ട് എന്ന് നേരിട്ട് കണ്ട് ബോധ്യപ്പെട്ടിട്ടുണ്ട്.

**ദർശന, കോമ്പയാർ**

104. ഉടുമ്പൻചോല താലൂക്കിൽ നെടുങ്കണ്ടം കോമ്പയാർ റോഡ്സൈഡിൽ താന്നിമൂട് എന്ന സ്ഥലത്ത് കെട്ടിടംപണി പൂർത്തിയാക്കിയിട്ടുണ്ട്. നെടുങ്കണ്ടം പഞ്ചായത്ത് V/34 നമ്പർ കെട്ടിടത്തിൽ ഈ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെന്ന് നേരിട്ട് കണ്ട് ബോധ്യപ്പെട്ടിട്ടുണ്ട്. രജിസ്റ്റർ നമ്പർ 1103/97.

**ജയകേരളം—അമരാവതി, കുമളി**

105. കുമളി മൂന്നാർ ഹൈവേയുടെ സൈഡിൽ അമരാവതി എന്ന സ്ഥലത്ത് കുമളി പഞ്ചായത്തിന്റെ 6/403 നമ്പർ കെട്ടിടത്തിൽ ലൈബ്രറി പ്രവർത്തിച്ചുവരുന്നതായി നേരിട്ടുകണ്ടു ബോധ്യപ്പെട്ടിട്ടുണ്ട്. കെട്ടിടംപണി പൂർത്തിയാക്കിയിട്ടുണ്ട്. ലൈബ്രറിയിൽ കമ്പ്യൂട്ടർപരിശീലനം നൽകുന്നതിനും ടി.വി. പ്രദർശിപ്പിക്കുന്നതിനുമുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. രജിസ്റ്റർ നമ്പർ 3977.

**പബ്ലിക് ലൈബ്രറി—വെള്ളയാംകുടി**

106. കെട്ടിടം നിലവിലുണ്ട്. പബ്ലിക് ലൈബ്രറി പ്രവർത്തനം ഇപ്പോൾ നടക്കുന്നില്ല എന്ന് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്."

**പരിശോധനാ റിപ്പോർട്ട്**

107. ലൈബ്രറി കെട്ടിടങ്ങളുടെ തൽസ്ഥിതി സെക്രട്ടറി പരിശോധിച്ച് ബോധ്യപ്പെട്ട് ലഭ്യമാക്കിയ വിനിയോഗ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചിട്ടുണ്ട്.

(11-3-2008-ലെ എൽ.എഫ്. 20086/സ്പെഷ്യൽ സെൽ. ജി2/07 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

108. **വിനിയോഗ സർട്ടിഫിക്കറ്റുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മണ്ണിര കമ്പോസ്റ്റ് പദ്ധതി—അനധികൃതമായി പിൻവലിച്ച തുക ഫണ്ടിൽ തിരിച്ചടച്ചിട്ടില്ല**

1999-2000-ൽ പഞ്ചായത്തും ഹരിത ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും ചേർന്നുനടപ്പിലാക്കുന്ന മണ്ണിര കമ്പോസ്റ്റ് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഓഫീസറായ ശ്രീ. എം. വി. മാത്യു സൊസൈറ്റി സെക്രട്ടറിയായ ശ്രീ. വിനോദ് ഒ. ഗോപിനാഥിന് മുൻകൂർ ഇനത്തിൽ 75,000 രൂപ നൽകിയിട്ടുണ്ട്. ഇത് പദ്ധതി തുകയുടെ ഏകദേശം 60% ആണ്. ജനകീയാസൂത്രണപദ്ധതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് 25% മാത്രമേ മുൻകൂർ നൽകാവൂ. മുൻകൂറായി അധികംതുക നൽകിയത് വിവാദമായപ്പോൾ സെക്രട്ടറിയിൽനിന്നും അധികമായി നൽകിയ 43,000 രൂപ തിരികെ വാങ്ങുകയുണ്ടായി. എന്നാൽ പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചതായി കാണുന്നില്ല. ഹോർട്ടിക്കൾച്ചർ ഡെപ്യൂട്ടി ഡയറക്ടർ കൂടിയായിരുന്ന ശ്രീ. എം. വി. മാത്യു മരണപ്പെടുന്നതുവരെ ഇങ്ങനെ സൊസൈറ്റിയിൽനിന്നും തിരികെവാങ്ങിയ 43,000 രൂപ ട്രഷറിയിൽ തിരിച്ചടച്ചിട്ടില്ല. അതിനാൽ ടിയാന്റെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കി പെൻഷൻ ആനുകൂല്യങ്ങളിൽനിന്നും പ്രസ്തുത തുക ഈടാക്കി പദ്ധതി ഫണ്ടിൽ ഒടുക്കുവാൻ ഓഡിറ്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-2003 ഖണ്ഡിക VII.I.6.13 (ii) ]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:

109. 1999-2000-ൽ മണ്ണിര കമ്പോസ്റ്റ് പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ഇംപ്ലിമെന്റിംഗ് ഓഫീസറായിരുന്ന കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എം. വി. മാത്യു അനധികൃതമായി പിൻവലിച്ച 43,000 രൂപ തിരിച്ചടച്ചിട്ടില്ലാത്ത സാഹചര്യത്തിലും

സർവ്വീസിലിരിക്കെ ടിയാൻ മരണപ്പെട്ടുപോയതിനാൽ ടി തുക ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ ബാധ്യതയായി നിശ്ചയിച്ച് നൽകിയിട്ടുള്ളതും ടി തുക ഈടാക്കി നൽകുവാൻ പ്രിൻസിപ്പൽ കൃഷി ആഫീസറുടെ ഐ.ഡി.പി. എ63175/01 തീയതി 20-7-2002 നമ്പർ കത്തുപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. തുക ലഭിച്ചിട്ടില്ല.

(3-12-2007-ലെ 70398/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

110. മണ്ണിര കമ്പോസ്റ്റ് പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഓഫീസറായ ശ്രീ. എം. വി. മാത്യുവിന്റെ ബാദ്ധ്യതയായി തിട്ടപ്പെടുത്തിയ 43,000 രൂപ ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടി:

111. "കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എം. വി. മാത്യുവിന്റെ പേരിൽ ബാധ്യത ആക്കിയിട്ടുള്ള 43,335 രൂപ ടിയാന്റെ പെൻഷൻ ആനുകൂല്യത്തിൽനിന്നും പിടിച്ച് 8448-109-96-01-ഡി.പി.എഫ്. എന്ന ഹെഡിൽ ചെലാൻ നമ്പർ: 1/29-9-2006-ൽ മുണ്ടക്കയം സബ് ട്രഷറിയിൽ അടച്ചിട്ടുള്ളതായി പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിന്നും 11-1-2008-ൽ അറിയിച്ചിട്ടുണ്ട്." എന്നാൽ കൃഷി ഡെപ്യൂട്ടി ഡയറക്ടറുടെ ബാധ്യതയായി തിട്ടപ്പെടുത്തിയ 43,335 രൂപ ടി ഉദ്യോഗസ്ഥന്റെ പെൻഷൻ ആനുകൂല്യത്തിൽനിന്ന് ഈടാക്കിയതായി അറിയിച്ചിട്ടുണ്ടെങ്കിലും പണം ഒടുക്കിയതിന്റെ ചെലാൻ ലഭ്യമാക്കിയിട്ടില്ലെന്ന് 11-3-2008-ലെ എൽ.എഫ്. 20086/സ്പെഷ്യൽ സെൽ ജി2/07 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

112. **കൃഷി ഡെപ്യൂട്ടി ഡയറക്ടറുടെ ബാധ്യതയായി തിട്ടപ്പെടുത്തിയ 43,335 രൂപ ഈടാക്കിയതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. ആയത് പരിശോധിച്ചു ബോധ്യപ്പെടുന്നപക്ഷം ഓഡിറ്റുതടസ്സം ഒഴിവാക്കാനും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സംഘത്തിന് അനധികൃതമായി ധനസഹായം നൽകി**

കുമളി പഞ്ചായത്തിലെ അട്ടപ്പള്ളത്ത് തെങ്ങ്, കമുക്, കുടംപുളി തുടങ്ങിയവയുടെ നഴ്സറി ഉണ്ടാക്കുന്നതിനുവേണ്ടി അട്ടപ്പള്ളം 'കർഷക സഹായ സംഘം' എന്ന സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് 1,22,500 രൂപ നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി പദ്ധതിരേഖ തയ്യാറാക്കുകയോ തുക വകയിരുത്തുകയോ അംഗീകാരം വാങ്ങുകയോ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ ചെയ്തിട്ടില്ല. കൃഷി കർമ്മസമിതി അംഗങ്ങൾ ടി നഴ്സറി സന്ദർശിച്ച വേളയിൽ നഴ്സറിയുടെ പ്രവർത്തനം തൃപ്തികരമല്ലെന്നും ജില്ലാ പഞ്ചായത്തിന്റെ പണം ദുർവിനിയോഗം ചെയ്തിരിക്കുന്നതായും സ്ഥിരീകരിച്ചിട്ടുണ്ട്. അവിഹിതമായി ധനസഹായം നേടിയെടുക്കുന്നതിന്

താൽക്കാലികമായി തട്ടിക്കൂട്ടി എടുത്ത ഒരു സ്ഥാപനമാണിതെന്ന് പരാമർശിക്കേണ്ടി യിരിക്കുന്നു. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ ടി സംഘത്തിനു നൽകിയ 1,22,500 രൂപ നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്ഥാപിത താൽപ്പര്യങ്ങൾക്ക് അനുസരിച്ചാണ്. ടി തുക വസൂലാക്കുവാൻ ഓഡിറ്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-2003 ഖണ്ഡിക VII.I.6.13 (iii)]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:

113. കുമളി അട്ടപ്പള്ളത്ത് തെങ്ങ്, കമുക്, കുരുമുളക് നഴ്സറിക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എം. വി. മാത്യു 1,22,500 രൂപ സംഘം സെക്രട്ടറിയുടെ പേരിൽ നൽകുക യുണ്ടായി. ടിയാൻ 25-9-2000-ൽ നിര്യാതനായി. ടിയാന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും ടി തുക റിക്കവറി നടത്തി തുക ജില്ലാ പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നതിന് എ6-3175/2001 തീയതി 24-1-2007 പ്രകാരം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുക ലഭിച്ചിട്ടില്ല.

(3-12-2007-ലെ 70398/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

114. സംഘത്തിന് പദ്ധതി വിഹിതമായി നൽകിയ 1,22,500 രൂപ പലിശസഹിതം ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

115. കുമളി അട്ടപ്പള്ളം കർഷക സഹായ സംഘത്തിന് 1,22,500 രൂപ ധനസഹായ മായി നൽകിയത് കൃഷി ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. എം. വി. മാത്യുവാണ്. ടിയാൻ സർവ്വീസിലിരിക്കെ മരണമടയുകയുണ്ടായി. ടിയാന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും തുക ഈടാക്കിയിട്ടുണ്ടോ എന്ന് 12-12-2007-ലും 2-1-2008-ലും കത്ത് നൽകിയിരുന്നു. 11-1-2008-ൽ പ്രിൻസിപ്പൽ കൃഷി ഓഫീസറിൽനിന്നും ലഭിച്ച മറുപടിയിൽ ടി തുക ഈടാക്കിയതായി അറിയിച്ചിട്ടില്ല.

**പുനഃപരിശോധനാ റിപ്പോർട്ട്**

116. അട്ടപ്പള്ളം കർഷക സഹായസംഘം എന്ന സ്ഥാപനത്തിന് അനധികൃതമായി നൽകിയ തുക ടി സംഘത്തിൽനിന്നോ ഉത്തരവാദിയായ കൃഷി ഡെപ്യൂട്ടി ഡയറക്ടർ പരേതനായ ശ്രീ. എം. വി. മാത്യുവിന്റെ പെൻഷൻ ആനുകൂല്യങ്ങളിൽനിന്നോ ഈടാക്കുന്നതിന് ഭരണവകുപ്പ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

(11-3-2008-ലെ എൽ.എഫ്. 20086/സ്പെഷ്യൽ സെൽ ജി2/07 നമ്പർ കത്ത് പ്രകാരം)

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

117. കുമളി പഞ്ചായത്തിലെ അട്ടപ്പള്ളത്ത് തെങ്ങ്, കമുക്, കുടംപുളി തുടങ്ങിയവയുടെ നഴ്സറി ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള പദ്ധതിക്ക് പദ്ധതിരേഖ തയ്യാറാക്കി അംഗീകാരം വാങ്ങാതെയും, ഗുണഭോക്താവിനെ നിർണ്ണയിക്കാതെയും പദ്ധതിവിഹിതം അനുവദിച്ച ജില്ലാ പഞ്ചായത്തിന്റെ നടപടി ക്രമവിരുദ്ധമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

118. കൃഷി കർമ്മസമിതി അംഗങ്ങൾ നഴ്സറി സന്ദർശിച്ച വേളയിൽ നഴ്സറിയുടെ പ്രവർത്തനം തൃപ്തികരമല്ലെന്നും, ജില്ലാ പഞ്ചായത്തിന്റെ പണം ദുർവിനിയോഗം ചെയ്തതായും സ്ഥിരീകരിച്ചിട്ടും കർമ്മസമിതിയുടെ റിപ്പോർട്ടിന്മേൽ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാണിച്ചു.

119. ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നതിന് മുൻപ് പദ്ധതിവിഹിതമായി 1,22,500 രൂപ നൽകിയത് വ്യക്തമായ ധനദുർവിനിയോഗമായതിനാൽ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഡെപ്യൂട്ടി ഡയറക്ടർ പരേതനായ എം. വി. മാത്യുവിന്റെ പെൻഷൻ ആനുകൂല്യത്തിൽ നിന്ന് തുക ഈടാക്കി ആയതിന്റെ വിശദാംശം സമിതിക്ക് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**സ്വാശ്രയ സംഘങ്ങൾക്ക് നിയമവിരുദ്ധമായി പ്രവർത്തന മൂലധനം അനുവദിച്ചു—5,29,000 രൂപ**

23-11-1998-ലെ 49905/P3/98/LA നമ്പർ സർക്കുലറിൽ പ്രവർത്തന മൂലധനം പദ്ധതിവിഹിതത്തിൽ നിന്നും അനുവദിക്കുവാൻ പാടില്ലെന്ന് സ്പഷ്ടമാക്കിയിട്ടുണ്ട്. ഇതിനു വിരുദ്ധമായി താഴെപ്പറയുന്ന സ്വാശ്രയ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം പദ്ധതിവിഹിതത്തിൽ നിന്നും നൽകിയിട്ടുള്ളതായി കാണുന്നു:

| | *സ്ഥാപനത്തിന്റെ പേര്* | *നൽകിയ തുക* |
|---|---|---|
| 1. | കൈരളി വനിതാ സംഘം, ഈട്ടിസിറ്റി | 60,000 |
| 2. | അതുല്യ വനിതാ സ്വാശ്രയ സംഘം, കുതിരക്കല്ല് | 60,000 |
| 3. | ഐശ്വര്യ മഹിളാ സംഘം, അയ്യപ്പൻകോവിൽ | 60,000 |
| 4. | പ്രിയദർശിനി സ്വാശ്രയ സംഘം, പൂപ്പാറ | 60,000 |
| 5. | സജീവനി വനിതാ സംഘം, ഇടപെട്ടി | 89,000 |
| 6. | പട്ടികവർഗ്ഗ മാർക്കറ്റിംഗ് സൊസൈറ്റി, ഉടുംബന്നൂർ | 50,000 |
| 7. | പട്ടികവർഗ്ഗ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കുമളി | 1,00,000 |
| 8. | പട്ടികജാതി സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തങ്കമണി | 50,000 |
| | ആകെ | 5,29,000 |

പ്രവർത്തനമൂലധന ഗ്രാന്റിനത്തിൽ സഹകരണ സംഘങ്ങൾക്ക് അർഹതയില്ലാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 5,29,000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്തിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-2003, ഖണ്ഡിക VII.I. 6.13 (iv)]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി

120. സ്വാശ്രയ സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി അനുവദിച്ച തുക ഓഡിറ്റ് നിരാകരിച്ച സാഹചര്യത്തിൽ തുക തിരിച്ചടയ്ക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറോട് എ6 3042/02 തീയതി 31-1-2007 നമ്പർ കത്തുപ്രകാരം ആവശ്യപ്പെട്ടിട്ടുളളതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ. കെ. ജി. സജിത്കുമാർ 2006-ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തു. നാളിതുവരെ തുക തിരിച്ചടച്ചിട്ടില്ല.

(3-12-2007-ലെ 70398/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

121. സർക്കാർ നിർദ്ദേശം ലംഘിച്ചു കൊണ്ട് സംഘങ്ങൾക്ക് ധനസഹായം നൽകിയിരുന്നോവെന്നും, സംഘങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോയെന്നുള്ള സമിതിയുടെ ചോദ്യത്തിന് സ്വാശ്രയ സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി അനുവദിച്ച തുക ഓഡിറ്റ് നിരാകരിച്ച സാഹചര്യത്തിൽ തുക തിരിച്ചടയ്ക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുള്ളതായി ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

122. സംഘങ്ങൾക്ക് ധനസഹായം നൽകുന്നത് ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമായതിനാൽ സർക്കാരിൽ നിന്ന് റാറ്റിഫിക്കേഷൻ വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

123. സർക്കാരിൽ നിന്നും സാധൂകരണം വാങ്ങിയിട്ടില്ലെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും, സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി നൽകിയ പണം ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതിന് പഞ്ചായത്ത്/ഭരണ വകുപ്പ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് 11-3-2008-ലെ എൽ.എഫ്. 20086/സ്പെഷ്യൽ സെൽ.ജി2/07/നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

124. **സ്വാശ്രയ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം അനുവദിച്ചത് ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമായതിനാൽ, ഇപ്രകാരം നൽകിയ തുക ബന്ധപ്പെട്ട സഹകരണ സംഘങ്ങളിൽ നിന്നും ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇതിനു കഴിയുന്നില്ലെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. കെ. ജി. സജികുമാർ ക്രമവിരുദ്ധമായി തുക**

**നൽകുന്നതിനോട് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അന്നത്തെ ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവരിൽ നിന്നും 5,29,000 രൂപ തുല്യമായി ഈടാക്കി ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ധനസഹായം പണമായി അനുവദിച്ചത് അംഗീകരിക്കുന്നില്ല—3,86,000 രൂപ**

1999-2000 വർഷത്തിൽ ജില്ലാ സാമൂഹ്യക്ഷേമ പദ്ധതിയുടെ ഭാഗമായി തൊടുപുഴ ദുർബല വനിതാ സ്വയംതൊഴിൽ സഹായ പദ്ധതിയിൽ 193 വനിതകൾക്കായി 2,000 രൂപ വീതം ആകെ 3,86,000 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഗുണഭോക്താക്കളിൽ പണം കൈപ്പറ്റിയ തീയതിയിൽ നൽകിയ രസീതിൽ തന്നെ അന്നേദിവസം വിനിയോഗ സർട്ടിഫിക്കറ്റും നൽകിയതായി കാണുന്നു. വിവിധ തൊഴിൽ പദ്ധതികൾക്കായി ഉപയോഗിച്ചുവെന്ന ബന്ധപ്പെട്ട ഗുണഭോക്താവിന്റെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഓരോ അപേക്ഷയ്ക്കും പണം നൽകിയതായി കാണുന്നു. 10-9-1998-ലെ സർക്കുലർ നമ്പർ 37804/P3/98/ത.ഭ.വ പ്രകാരം ക്യാഷ്ഡോൾ ആയി ധനസഹായം നൽകാൻ വ്യവസ്ഥയില്ല. അതുകൊണ്ട് ഈയിനത്തിൽ ചെലവു ചെയ്ത 3,86,000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-2003, ഖണ്ഡിക VII.I. 6.13 (v).]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:

125. എൽ.എഫ്.ഐ. 521/2003 തീയതി 19-10-2003 നമ്പർ കത്തുപ്രകാരം ഓഡിറ്റ് വകുപ്പിൽ നിന്നും പരാമർശം ഒഴിവാക്കി ലഭിച്ചിട്ടുണ്ട്.

(3-12-2007-ലെ 70398/എബി1/07/തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

126. ധനസഹായം പണമായി നൽകിയ ഓഡിറ്റ് തടസ്സം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ഒഴിവാക്കി തന്നിട്ടുളളതായി ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. നിയമസഭയിൽ സമാഹൃത റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാനുള്ള അധികാരം സമിതിക്ക് മാത്രമാണുള്ളതെന്ന് സമിതി ചൂണ്ടിക്കാണിച്ചു.

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

127. **സർക്കാർ മറുപടിയുടേയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിദ്യാഭ്യാസ മേഖല: ജനകീയാസൂത്രണ ഫണ്ട് വിനിയോഗത്തിൽ ക്രമക്കേട്**

വിവിധ പദ്ധതികൾക്ക് ഇടുക്കി ജില്ലാ വിദ്യാഭ്യാസ ഡയറക്ടർ പിൻവലിച്ച തുക അനധികൃതമായി കൈവശം സൂക്ഷിച്ചതായും വിനിയോഗ രേഖകൾ ഹാജരാക്കാത്തതായും കാണുന്നു.

ജില്ലാ വിദ്യാഭ്യാസ ഡയറക്ടർ കട്ടപ്പന ഡി.ഇ.ഒ.-യ്ക്ക് 31-3-2000-ൽ സ്കൗട്ട് ആന്റ് ഗൈഡ് വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണത്തിന് ഏൽപ്പിച്ച 1,15,000 രൂപയുടെ ചെക്ക് 29-6-2000-ൽ ട്രഷറിയിൽ നിന്നും പിൻവലിക്കുകയും പദ്ധതി നടപ്പിലാക്കാതെ രണ്ടു വർഷത്തിലധികം കൈവശം സൂക്ഷിച്ചതിനുശേഷം 4-12-2002-ൽ ജില്ലാ പഞ്ചായത്തിൽ തിരിച്ചടച്ചതായും കാണുന്നു. ആയിരം രൂപയിലധികം പണമായി പിൻവലിച്ച് സൂക്ഷിക്കുവാൻ അധികാരം നൽകിയിട്ടില്ലാത്തതിനാൽ രണ്ടു വർഷത്തിലധികം പണം കൈവശം സൂക്ഷിച്ചത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണ്.

സ്പെഷ്യൽ കോച്ചിംഗ്, താൽക്കാലിക അദ്ധ്യാപകരുടെ നിയമനം എന്നീ പദ്ധതികൾക്ക് സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി സെൽഫ് ചെക്കെഴുതി പിൻവലിച്ച 4,40,000 രൂപയിൽ 1,31,200 രൂപയുടെ വിനിയോഗ വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും കൂടുതൽ സമയം അനുവദിച്ചിട്ടും രേഖകൾ ഹാജരാക്കാത്തതിനാൽ 1,31,200 രൂപയുടെ ചെലവ് ഓഡിറ്റിൽ അനുവദിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-2005 ഓഡിറ്റ് ഖണ്ഡിക 3.6.II (i).]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:

128. പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എം. ഒ. പുഷ്പേന്ദ്രൻ അനധികൃതമായി പിൻവലിച്ചതും ഓഡിറ്റിൽ നിരാകരിച്ചതുമായ തുക തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെട്ടിരുന്നു. തുക നാളിതുവരെ തിരിച്ചടച്ചിട്ടില്ല. ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടി തുക ടിയാന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് പെൻഷൻ ആനുകൂല്യത്തിൽ നിന്നും പിടിച്ച് തിരിച്ചടയ്ക്കുവാൻ എ6 2698/04 തീയതി 28-6-2007 നമ്പർ കത്തുപ്രകാരം ഇടുക്കി ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ജി5/926/04 തീയതി 20-8-2007 പ്രകാരം നിരാകരിച്ച തുക ശ്രീ. എം. ഒ. പുഷ്പേന്ദ്രന്റെ പേരിൽ താൽക്കാലിക ബാധ്യതയായി നിശ്ചയിച്ച് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

(3-12-2007-ലെ 70398/എബി1/07/തസ്വഭവ നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

129. പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എം. ഒ. പുഷ്പേന്ദ്രനിൽ നിന്ന് തുക ഈടാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നുള്ള സമിതിയുടെ ചോദ്യത്തിന് ശ്രീ. എം. ഒ. പുഷ്പേന്ദ്രൻ

സർവ്വീസിൽ നിന്നും വിരമിച്ചെന്നും, അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കേണ്ടത് ഇടുക്കി ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാണെന്നും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ബാധ്യതയായി നിശ്ചയിച്ച തുക പെൻഷൻ ആനുകൂല്യത്തിൽ നിന്ന് ഈടാക്കി തിരിച്ചടയ്ക്കാൻ ഇടുക്കി ജില്ലാ ഡയറക്ടറോട് ആവശ്യപ്പെട്ടതായും സമിതിയെ ധരിപ്പിച്ചു. ശ്രീ. എം. ഒ. പുഷ്പേന്ദ്രനിൽ നിന്ന് പലിശയോടുകൂടി തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു. സമിതി നിർദ്ദേശപ്രകാരം ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് നൽകിയ മറുപടിയും അതിന്മേലുള്ള ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടും ചുവടെ ചേർക്കുന്നു:

130. ശ്രീ. എം. ഒ. പുഷ്പേന്ദ്രനിൽ നിന്നും തുക ഈടാക്കി ലഭിച്ചിട്ടില്ല. ടിയാന്റെ പേരിൽ ബാധ്യതയാക്കിയിട്ടുള്ള തുക ഈടാക്കിയിട്ടുണ്ടോ എന്ന് ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി നേരിട്ടുപോയി അന്വേഷിക്കുകയും 12-12-2007-ൽ രേഖാമൂലം കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. തുക ഈടാക്കിയിട്ടുണ്ടോയെന്ന് അറിയില്ലെന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർക്കേ അറിയൂ എന്നും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും കത്ത് ലഭിച്ചതുപ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് 2-1-2008-ൽ കത്ത് നൽകി മറുപടി ലഭിച്ചിട്ടില്ല.

**പുനഃപരിശോധനാ റിപ്പോർട്ട്**

131. തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ 21-8-2007-ലെ ജി5/926/04-ാം നമ്പർ കത്ത് പ്രകാരം 1,31,200 രൂപ 15 ദിവസത്തിനകം തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ട് ശ്രീ. എം. ഒ. പുഷ്പേന്ദ്രന് കത്ത് നൽകിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

132. ഈ കത്തിൻമേൽ പരാമർശിച്ച തുകയുടെയും അനധികൃതമായി കൈവശം സൂക്ഷിച്ച തുകയുടെയും പലിശ ഒടുക്കാൻ നിർദ്ദേശിച്ചിട്ടില്ല. പഞ്ചായത്ത്/ഭരണ മേലധികാരി ഉത്തരവാദിത്വം നിർണ്ണയിക്കേണ്ടതിനുപകരം ഉയർന്ന തസ്തികയിലുള്ള ഒരു ഓഫീസർക്കെതിരെ കീഴ്ജീവനക്കാരനായ ഒരു ഓഫീസർ ബാധ്യത നിർണ്ണയിച്ച നടപടി ഉചിതമല്ലായെന്ന് അഭിപ്രായപ്പെട്ടുകൊള്ളുന്നു. ദുർവിനിയോഗം ചെയ്ത പണം ഈടാക്കുന്നതിന് പഞ്ചായത്ത് റവന്യൂ റിക്കവറി നടപടികൾ യാതൊന്നും സ്വീകരിച്ചിട്ടില്ല.

(11-3-2008-ലെ എൽ.എഫ്. 20086/സ്പെഷ്യൽ സെൽ ജി2/07 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

**നിഗമനങ്ങൾ/ശുപാർശകൾ**

133. **പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ബാധ്യതയായി തിട്ടപ്പെടുത്തിയ 1,31,200 രൂപ പലിശസഹിതം ഈടാക്കി ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മെഡിക്കൽ കോളേജ് : പദ്ധതിപണം ദുർവിനിയോഗം ചെയ്തു**

ജില്ലാ പഞ്ചായത്ത് ജില്ലാ ആസ്ഥാനത്ത് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് 5-8-2000-ൽ സൊസൈറ്റി രജിസ്റ്റർ ചെയ്ത് 5,00,000 രൂപ വകയിരുത്തുകയുമുണ്ടായി. 31-8-2000-ൽ മെഡിക്കൽ കോളേജിനുവേണ്ടി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷ താഴെപ്പറയുന്ന രേഖകളുടെ അഭാവത്തിൽ നിരസിക്കുകയുണ്ടായി:

1. എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്
2. യൂണിവേഴ്സിറ്റി അഫിലിയേഷൻ സർട്ടിഫിക്കറ്റ്
3. 25 ഏക്കർ സ്ഥലത്തിന്റെ ഉടമസ്ഥ/കൈവശാവകാശ സർട്ടിഫിക്കറ്റുകൾ
4. 300 കിടക്കകളുള്ള ആശുപത്രിയുടെ ഉടമസ്ഥതയും നടത്തിപ്പും തെളിയിക്കുന്ന രേഖ
5. സ്ഥലവിനിയോഗത്തിന്റെ പ്ലാൻ.

ഇത്തരത്തിലുള്ള പദ്ധതി നടപ്പിലാക്കുമ്പോൾ ആവശ്യം വേണ്ടുന്ന രേഖകളും അനുമതികളും ഉൾപ്പെടുത്തണമെന്ന് അറിയാമായിരുന്നിട്ടും രേഖകളില്ലാതെ സമർപ്പിച്ചതുമൂലം പാഴ്ചെലവായി തീർന്ന 4,71,521 രൂപ അംഗീകരിക്കാവുന്നതല്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 173-ാം വകുപ്പ് (5-ാം പട്ടിക) പ്രകാരം പഞ്ചായത്തിനു നൽകപ്പെട്ടിട്ടുള്ള ചുമതലകളുടെ നിർവ്വഹണത്തിനോ 213-ാം വകുപ്പു പ്രകാരം അനുവദനീയമായ ഇനങ്ങൾക്കോ അല്ല ചെലവ്. ബാങ്കിൽ നീക്കിയിരിപ്പുണ്ടായിരുന്ന 28,479 രൂപയും അപേക്ഷാ ഫീസിനത്തിൽ മെഡിക്കൽ കൗൺസിൽ തിരികെ നൽകിയ 3,50,000 രൂപയും ചേർത്ത് 3,78,479 രൂപ 31-3-2001-ൽ സെക്രട്ടറിയുടെ പി. ഡി. അക്കൗണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്. ബാക്കി തുകയായ 1,21,521 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-2005, ഓഡിറ്റ് ഖണ്ഡിക 3.6.II(2).]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:

134. പ്രസിഡന്റ് ശ്രീമതി മേരി സിറിയക്ക്, സെക്രട്ടറി ശ്രീ. സി. പി. റാം മനോഹർ എന്നിവർക്ക് എൽ.എഫ്. 245/Spl.Cell(SC2)/06 തീയതി 18-5-2006 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർച്ചാർജ്ജ് നോട്ടീസ് നൽകിയിട്ടുണ്ട് (സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് നൽകിയതിന് ശേഷമേ ജില്ലാ പഞ്ചായത്തിന് തുടർ നടപടി സ്വീകരിക്കാൻ സാധിക്കൂ).

(3-12-2007-ലെ 70398/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

135. ജില്ലാ ആസ്ഥാനത്ത് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിലേക്കായി നിയമവിരുദ്ധമായി ചെലവഴിച്ച 1,21,521 രൂപ ഈടാക്കുന്നതിന്റെ ഭാഗമായി 18-5-2006-ൽ സർച്ചാർജ്ജ് നോട്ടീസ് നൽകിയെങ്കിലും അതിന്മേൽ മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്ന് ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സർച്ചാർജ്ജ് നോട്ടീസ് നൽകിയതിൻപ്രകാരം തുടർനടപടി സ്വീകരിച്ച് ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു. തുടർന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നും സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് സത്വര നടപടി സ്വീകരിക്കുന്നതാണെന്ന് ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും നിയമവിരുദ്ധമായി ചെലവഴിച്ച തുകയ്ക്ക് റാറ്റിഫിക്കേഷൻ ഉത്തരവ് ലഭ്യമാക്കാമെന്ന് ഉത്തരവാദിയായ മുൻ പ്രസിഡന്റ് അറിയിച്ചിരുന്നുവെങ്കിലും നാളിതുവരെ ലഭ്യമാക്കാത്തതിനാൽ സർച്ചാർജ്ജ് നടപടി തുടർന്നു വരുന്നുവെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും 11-3-2008-ലെ എൽ.എഫ്. 20086/Spl.Cell (G2)/07 നമ്പർ കത്ത് പ്രകാരം സമിതിയെ അറിയിച്ചു.

### നിഗമനങ്ങൾ/ശുപാർശകൾ

**136. ജില്ലാ ആസ്ഥാനത്ത് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിലേക്കായി നിയമവിരുദ്ധമായി ചെലവഴിച്ച 1,21,521 രൂപ ഈടാക്കുന്നതിനായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സർച്ചാർജ്ജ് നോട്ടീസ് നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. സർച്ചാർജ്ജ് നടപടികൾ ത്വരിതപ്പെടുത്തി പ്രസ്തുത തുക ഈടാക്കി ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

**ഓഡിറ്റ് ഖണ്ഡിക**

**സ്വാശ്രയ വനിതാ സംഘത്തിന് ധനസഹായം**

ഉത്പാദനക്ഷമത കൂടിയ ഫലവൃക്ഷത്തൈകൾ ഉത്പാദിപ്പിക്കാൻ ലക്ഷ്യമിട്ട പദ്ധതിക്ക് 4-12-1999-ൽ പ്രിയദർശിനി സ്വാശ്രയ വനിതാ സഹകരണ സംഘത്തിന് 1,00,000 രൂപ കൈമാറിയിട്ടുണ്ട്. കരാറിന് വിരുദ്ധമായി പദ്ധതി ലക്ഷ്യത്തിൽ വ്യതിചലിച്ച് തൈകൾ ഉത്പാദിപ്പിച്ചിരിക്കുന്നതായി കുമളി കൃഷി ഓഫീസറുടെ റിപ്പോർട്ടിൽ വ്യക്തമാകുന്നു. സംഘത്തിന്റെ വരവുചെലവ് കണക്കുകൾ പരിശോധിച്ചതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച കണക്കുകളും ഇപ്പോഴത്തെ കണക്കുകളും തമ്മിൽ ഭീമമായ വ്യത്യാസം കാണുന്നു. പല ചെലവുകളും യഥാർത്ഥത്തിൽ നടത്തിയതാണെന്ന് കണക്കാക്കാനാവില്ല. നിരന്തരം ആവശ്യപ്പെട്ടിട്ടും രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. സ്പിൽ ഓവറായി 25,000 രൂപ അനുവദിച്ച നടപടി ക്രമവിരുദ്ധമാണ്. പദ്ധതിവിഹിതം കൈക്കലാക്കുന്നതിനുവേണ്ടി മാത്രം താത്ക്കാലികമായി രൂപമെടുത്ത കടലാസ് സംഘടനയാണിതെന്ന് ഓഡിറ്റ് അനുമാനിക്കുന്നു.

5-4-1999-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 21/99/ആസൂത്രണം പ്രകാരം സഹകരണസംഘങ്ങൾക്ക് പ്രവർത്തന മൂലധനം, മാനേജീരിയൽ സബ്സിഡി എന്നിവ അനുവദിക്കാൻ വ്യവസ്ഥയില്ല. എന്നാൽ ഇവിടെ പ്രവർത്തന മൂലധനമായാണ് ധനസഹായം അനുവദിച്ചിരിക്കുന്നത്. നിയമങ്ങളും ചട്ടങ്ങളും മറികടന്ന് ചെലവ് ചെയ്ത 1,00,000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-2005, ഓഡിറ്റ് ഖണ്ഡിക 3.6.II(3).]

ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി:

137. ഓഡിറ്റിൽ നിരാകരിച്ച തുക ഈടാക്കുന്നതിന് വനിതാ സഹകരണ സംഘം പ്രസിഡന്റ് ശ്രീമതി മോനിക്കുട്ടി മാണിക്കെതിരെ റവന്യൂ റിക്കവറി നടപടികൾ നടപ്പാക്കുകയും ടിയാൻ ബഹു. പീരുമേട് മുനിസിഫ് കോടതി മുമ്പാകെ O.S. 134/05 നമ്പരായി ടി ജപ്തിക്കെതിരെ അന്യായം ഫയൽ ചെയ്യുകയും കോടതിയുടെ നിർദ്ദേശാനുസരണം 1 ലക്ഷം രൂപ കോടതിയിൽ രസീത് നമ്പർ ആർ.സി.ഡി. 52/05-06 തീയതി 21-2-2006 പ്രകാരം കെട്ടിവെച്ചിട്ടുണ്ട്. തുടർ ഉത്തരവ് കോടതിയിൽ നിന്നും ലഭിച്ചിട്ടില്ല.

(3-12-2007-ലെ 70398/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)

ഓഡിറ്റിൽ നിരാകരിച്ച തുക ഈടാക്കുന്നതിന് വനിതാ സഹകരണ സംഘം പ്രസിഡന്റ് ശ്രീമതി മോനിക്കുട്ടി മാണിക്കെതിരെ റവന്യൂ റിക്കവറി നടപടികൾ നടപ്പാക്കുകയും ടിയാൾ പീരുമേട് മുനിസിഫ് കോടതിയിൽ അന്യായം ഫയൽ ചെയ്യുകയും, കോടതി നിർദ്ദേശാനുസരണം ഒരു ലക്ഷം രൂപ കോടതിയിൽ കെട്ടിവച്ചതായി ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. കോടതിയിൽ കെട്ടിവച്ച തുക സർക്കാരിലേക്ക് മുതൽകൂട്ടിയതിന്റെയും കേസിന്റെ ഇപ്പോഴത്തെ അവസ്ഥയേയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

138. മുനിസിഫ് കോടതിയിൽ കെട്ടിവെച്ചിട്ടുള്ള 1,00,000 രൂപ ഖജനാവിലേക്ക് മുതൽകൂട്ടിയിട്ടുണ്ടോ എന്നും കേസ് സംബന്ധിച്ച തൽസ്ഥിതിയും അറിയിക്കണമെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസറോട് 12-12-2007-ലും 3-1-2008-ലും കത്ത് നൽകിയിട്ടുണ്ട്; മറുപടി ലഭിച്ചിട്ടില്ല. തൽസ്ഥിതി അറിഞ്ഞതിനുശേഷം കേസ് വക്കീൽ മുഖാന്തിരം ത്വരിതപ്പെടുത്താൻ ജില്ലാ പഞ്ചായത്ത് നടപടികൾ എടുക്കുന്നതാണെന്ന് ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും വനിതാ സഹകരണ സംഘത്തിന്റെ പ്രസിഡന്റിനെതിരെ മുനിസിഫ് കോടതിയിൽ നൽകിയിട്ടുള്ള കേസ് സംബന്ധമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. ഓഡിറ്റിൽ നിരാകരിച്ച തുക ഈടാക്കി ഫണ്ടിൽ കൂട്ടിയിട്ടില്ലാത്തതിനാൽ തടസ്സം നിൽക്കുന്നുവെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും 11-3-2008-ലെ LF 20086/Spl.Cell(G2)/07 നമ്പർ കത്ത് പ്രകാരം സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

139. **പീരുമേട് മുൻസിഫ് കോടതിയിൽ കെട്ടിവച്ച തുക കോടതി വിധിക്കു ശേഷം സർക്കാരിലേക്ക് മുതൽകൂട്ടി ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2013 ഏപ്രിൽ 9.

1010/2013.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനം | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| | | **തദ്ദേശസ്വയംഭരണ വകുപ്പ്** | |
| 1 | 10 | കോട്ടയം ജില്ലാ പഞ്ചായത്ത് | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിക്ഷ്ണറി വാങ്ങുവാൻ തീരുമാനിക്കുന്നതിനു മുമ്പ് ഇത്രയും ഡിക്ഷ്ണറികൾ ആവശ്യമുണ്ടോ എന്നതു സംബന്ധിച്ച് കണക്കെടുക്കുകയോ ഈ പദ്ധതിക്ക് ഡി.പി.സി. യുടെ അംഗീകാരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. 50% വിലക്കുറവിന് എൻ.ബി.എസ്. പോലുള്ള സ്ഥാപനങ്ങൾ ഡിക്ഷ്ണറികൾ നൽകാം എന്ന് അറിയിച്ചിട്ടും വില്പനനികുതി രജിസ്ട്രേഷൻ പോലുമില്ലാത്ത ഒരു സ്ഥാപനത്തിന് 28% വിലക്കുറവിൽ ഓർഡർ നൽകുകയാണുണ്ടായത്. മാത്രമല്ല ഈ സ്ഥാപനം നല്കിയ ഡിക്ഷ്ണറിയുടെ നിലവാരം ഏതെങ്കിലും വിദഗ്ദ്ധ സമിതി പരിശോധിച്ചിട്ടുമില്ല. 7000 ഡിക്ഷ്ണറികൾ വാങ്ങിയതിനു ശേഷം അടുത്ത 3000 ഡിക്ഷ്ണറികൾക്ക് ഓർഡർ നൽകുന്നത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നേരിട്ടാണെന്നതും ഈ പർച്ചേയ്സിന്റെ ഉദ്ദേശശുദ്ധി സംബന്ധിച്ച് സംശയമുളവാക്കുന്നു. സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ ഒന്നും തന്നെ പാലിക്കാതെയാണ് ഡിക്ഷ്ണറികൾ വാങ്ങിയിരിക്കുന്നത്. സ്റ്റോക്ക് രജിസ്റ്ററിലും ലഭിച്ചതും വിതരണം ചെയ്തതുമായ ഡിക്ഷ്ണറികളുടെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നെല്ലാം മനസ്സിലാക്കേണ്ടത് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | രണ്ടു ലക്ഷം രൂപ വകയിരുത്തിയ ഒരു പദ്ധതിക്ക് മറ്റൊരു പദ്ധതിയിൽ അനുവദിച്ച 17 ലക്ഷം രൂപ ഡി.പി.സി.യുടെ അംഗീകാരം ഇല്ലാതെ വകമാറ്റി ചെലവഴിച്ചതിനു പിന്നിൽ പദ്ധതിപ്പണം ദുരുപയോഗം ചെയ്യുക എന്നതു തന്നെയാണ്. ഈ ഇടപാടിനെക്കുറിച്ച് അന്നത്തെ ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്തെങ്കിലും വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുമില്ല. ഫണ്ട് വകമാറ്റിച്ചെലവഴിച്ചതിന് സാധൂകരണം തേടി പഞ്ചായത്ത് ഗവൺമെന്റിനെ സമീപിച്ചിരുന്നുവെങ്കിലും ഫണ്ട് വകമാറ്റി ചെലവഴിക്കുക, ബഡ്ജറ്റ് പാസ്സാക്കാതെ ചെലവഴിക്കുക തുടങ്ങിയ ഗുരുതരമായ കുറ്റങ്ങൾക്ക് സാധൂകരണം നൽകാൻ ഗവൺമെന്റിനും കഴിയില്ല എന്നാണ് സമിതി മനസ്സിലാക്കുന്നത്. എന്നാൽ ഭാവിയിൽ ഇത്തരം അപരിഹാര്യമായ നടപടികൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിച്ചുകൊണ്ട് ഈ പരാമർശം ഒഴിവാക്കാവുന്നതാണെന്ന ഗവൺമെന്റിന്റെ അപേക്ഷ സമിതി അംഗീകരിക്കുന്നു. എന്നിരുന്നാലും പട്ടികജാതി വിദ്യാർത്ഥികൾക്ക് ഡിക്ഷ്ണറി വാങ്ങിയതുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി തന്റെ കർത്തവ്യം ചട്ടപ്രകാരം നിർവ്വഹിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. കൗൺസിൽ തീരുമാനങ്ങൾ എടുത്താലും, ചട്ടപ്രകാരം പദ്ധതി നടപ്പിലാക്കേണ്ട സെക്രട്ടറി തന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പദ്ധതി നടത്തിപ്പിലെ അപാകതകൾക്ക് സെക്രട്ടറിയും ഉത്തരവാദി തന്നെയാണെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. ആയതിനാൽ മേലിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുവാനും പദ്ധതിപണം ചട്ടപ്രകാരം തന്നെ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും സർക്കാർ കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | 20 | കോട്ടയം ജില്ലാ പഞ്ചായത്ത് | മണ്ണു സംരക്ഷണ പദ്ധതിക്കായി തയ്യാറാക്കിയ പ്രോജക്ട് ഒരു പ്രത്യേക പ്രദേശത്തെ മൊത്തമായി കണക്കാക്കിയാണ് തയ്യാറാക്കുന്നത് എന്നും പദ്ധതിയുടെ ഏലുകകൾക്കകത്ത് വസ്തു ഉള്ളവരും എന്നാൽ ആ പ്രദേശത്ത് താമസിക്കാത്ത വ്യക്തികളും പ്രാഥമിക ലിസ്റ്റ് തയ്യാറാക്കിയപ്പോൾ വിട്ടുപോയിട്ടുള്ളവരുമാണ് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ലിസ്റ്റിൽപ്പെടാത്ത 7 ഗുണഭോക്താക്കളെന്നുമുള്ള മണ്ണു സംരക്ഷണ ഉദ്യോഗസ്ഥരുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്തവർക്കും ധനസഹായം നൽകിയെന്ന ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്. |
| 3 | 21 | ,, | അപേക്ഷകളിൽ തിരുത്തലുകൾ വന്നതും എം.ബുക്കിലെ അളവുകളുമായി പൊരുത്തപ്പെടാത്തതു സംബന്ധിച്ചും, വ്യക്തിഗത ഗുണഭോക്താക്കൾക്ക് നേരിട്ട് ധനസഹായം നൽകിയതും സംബന്ധിച്ചുള്ള ഓഡിറ്റ് തടസ്സങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയുടെ വെളിച്ചത്തിൽ ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 4 | 24 | ,, | ബിറ്റുമിൻ യഥാസമയം ഏറ്റുവാങ്ങാത്തതിനാൽ, ബിറ്റുമിന്റെ വില വ്യതിയാനം മൂലം പഞ്ചായത്തിന് 9,09,092 രൂപ അധികമായി ചെലവഴിക്കേണ്ടിവന്നതിന് ഉത്തരവാദി പ്രസ്തുത കാലയളവിലെ സെക്രട്ടറി തന്നെയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അധികമായി 9,09,092 രൂപ ചെലവഴിച്ചതിന് കാരണക്കാരനായ് സെക്രട്ടറിയുടെ പേരിൽ ബാദ്ധ്യത നിശ്ചയിച്ച് തുക ഈടാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | 30 | കോട്ടയം ജില്ലാ പഞ്ചായത്ത് | സർക്കാർ അനുമതി ഇല്ലാതെ 30%-ൽ അധികം ടെൻഡർ എക്സസ് നൽകിയതു മൂലമുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കി ടെണ്ടർ ഉറപ്പിച്ച പ്രസ്തുത കാലയളവിലെ ജനറൽ കമ്മിറ്റി അംഗങ്ങളിൽ നിന്നും ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 6 | 37 | ,, | സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനുവേണ്ടി ചെലവഴിച്ച 46,12,271 രൂപ സംബന്ധിച്ച പൂർണ്ണമായ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ കോട്ടയം ജില്ലാ പഞ്ചായത്തിന് കഴിയാത്ത സാഹചര്യത്തിൽ, പ്രസ്തുത കാലയളവിലെ സെക്രട്ടറിയും, ഫിനാൻസ് ഓഫീസറും ഇതിന് ഉത്തരവാദിയാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനുവേണ്ടി ചെലവഴിച്ച 46,12,271 രൂപയിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ 7,20,829 രൂപ പ്രസ്തുത കാലയളവിലെ സെക്രട്ടറി, ഫിനാൻസ് ഓഫീസർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 7 | 44 | ,, | കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 1999-2000, 2000-2001 വർഷങ്ങളിലെ 89 ലക്ഷം രൂപയ്ക്കുള്ള വിവിധ കുടിവെള്ള പദ്ധതികൾ സർക്കാർ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിയെ ഏൽപ്പിക്കാതെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയ നടപടി ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ആകെയുള്ള 40 പദ്ധതികളിൽ പകുതി മാത്രമേ എട്ട് വർഷങ്ങൾക്കുശേഷവും പൂർത്തീകരിക്കാനായിട്ടുള്ളൂ എന്നത് പദ്ധതി നടത്തിപ്പിലെ ശുഷ്കാന്തിക്കുറവാണെന്ന് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പ്രസ്തുത കുടിവെള്ള പദ്ധതിയെ സംബന്ധിച്ച് ഭരണ വകുപ്പ് അന്വേഷണം നടത്തി സമഗ്രമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 8 | 49 | കോട്ടയം ജില്ലാ പഞ്ചായത്ത് | എസ്.സി.പി./റ്റി.എസ്.പി. ഫണ്ട് വകമാറ്റി ചെലവഴിക്കാൻ 4-12-1999-ൽ 24-ാം നമ്പരായി പഞ്ചായത്ത് തീരുമാനം എടുത്തെങ്കിലും പ്രസ്തുത തീരുമാനം നടപ്പിലാക്കിയിട്ടില്ലെന്ന ഗവൺമെന്റ് മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശുപാർശ ചെയ്യുന്നു. |
| 9 | 52 | " | 1998-99 വർഷം പദ്ധതി വിഹിതത്തിൽ നിന്നും ഗണ്യമായ തുക നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി നൽകിയിട്ടും കേവലം 37.8% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത് എന്നത് പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമതയില്ലായ്മയെയാണ് കാണിക്കുന്നതെന്ന് സമിതി വിലയിരുത്തുകയും, പദ്ധതി വിഹിതം ചെലവഴിക്കാതിരുന്നാൽ തുടർ വർഷങ്ങളിൽ വികസന പ്രവർത്തനത്തിന് ലഭിക്കേണ്ട തുകകൾ നഷ്ടപ്പെടുമെന്നതിനാൽ ഭാവിയിലെങ്കിലും ഇത് ആവർത്തിക്കാതിരിക്കാൻ അധികൃതർ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 10 | 56 | " | കോട്ടയം ജില്ലാ പഞ്ചായത്ത് ഭവൻ കെട്ടിടത്തിന്റെ ഫ്ളോറിംഗിന് ഗുണനിലവാരംകുറഞ്ഞ മാർബിൾ ഉപയോഗിച്ചതിനുശേഷം കൂടിയ മാർബിളിന്റെ വില നല്കിയ സാഹചര്യം ധനകാര്യ വകുപ്പിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് തെളിവെടുപ്പ് |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | വേളയിൽ സമിതി ആവശ്യപ്പെടുകയുണ്ടായി. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിലെ നിഗമനപ്രകാരം കരാർ വ്യവസ്ഥ പ്രകാരമുള്ള നിർദ്ദിഷ്ട ഇനമായ 'White Adanga Marble' അല്ല ഫ്ളോറിംഗിനായി ഉപയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാകുന്നു. നിർദ്ദിഷ്ട 'White Adanga Marble'-നേക്കാൾ ഗുണനിലവാരം കുറഞ്ഞ മെറ്റീരിയിൽ ഉപയോഗിച്ചതിനാൽ ഈയിനത്തിൽ സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കുവാനും ആയത് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാനും ആവശ്യമായ നടപടി ഭരണവകുപ്പ് സ്വീകരിക്കണമെന്നും പ്രസ്തുത റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്നു. കൂടാതെ, നിലവാരം കുറഞ്ഞ പ്രവൃത്തി ചെയ്യിച്ച ഉദ്യോഗസ്ഥരുടെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്നും 'MS reinforcement work'-ൽ അധികമായി നല്കുവാൻ നിർദ്ദേശിച്ച തുക കോൺട്രാക്ടറുടെ ബില്ലിൽനിന്നും ഈടാക്കണമെന്നും ചീഫ് ടെക്നിക്കൽ എക്സാമിനർ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |
| 11 | 57 | കോട്ടയം ജില്ലാ പഞ്ചായത്ത് | ധനകാര്യ വകുപ്പ് ചീഫ് ടെക്നിക്കൽ എക്സാമിനർ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, കോട്ടയം ജില്ലാ പഞ്ചായത്ത് ഭവൻ കെട്ടിടത്തിന്റെ ഫ്ളോറിംഗ് പ്രവൃത്തിക്ക് തുക ചെലവാക്കിയതിൽ ഓഡിറ്റ് ചൂണ്ടിക്കാട്ടിയവിധം ഗുരുതരമായ സാമ്പത്തിക ക്രമക്കേട് നടന്നതായി സമിതി വിലയിരുത്തുന്നു. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടും ഓഡിറ്റ് പരാമർശിച്ച |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | സാമ്പത്തികക്രമക്കേടിന് ശക്തി പകരുന്നതാണെങ്കിലും ആയതിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതിൽ ഭരണ വകുപ്പ് പരാജയപ്പെട്ടതായി സമിതി നിരീക്ഷിക്കുന്നു. ലക്ഷക്കണക്കിന് രൂപ ക്രമവിരുദ്ധമായി ചെലവഴിക്കപ്പെട്ടതിനു ശേഷം ഓഡിറ്റും, ചീഫ് ടെക്നിക്കൽ എക്സാമിനറും വ്യക്തമായി ചൂണ്ടിക്കാട്ടിയിട്ടും, ഉത്തരവാദികളായ ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടും അവരിൽ ഒരാളെ ഒഴിച്ച് എല്ലാപേരെയും അവർ നല്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അച്ചടക്കനടപടികളിൽ നിന്നും നഷ്ടതുക ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയ നടപടി തികച്ചും നിരുത്തരവാദപരമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം 83,85,452 രൂപ ചെലവാക്കി പണികഴിപ്പിച്ച ജില്ലാപഞ്ചായത്ത് ഭവൻ കെട്ടിട നിർമ്മാണത്തിന്റെ ഒരു പ്രവൃത്തിയിൽ മാത്രം ലക്ഷക്കണക്കിനു രൂപയുടെ നഷ്ടം വരുത്തിയതിനെ കേവലമൊരു നോട്ടക്കുറവായി കണ്ട് അതൃപ്തി മാത്രം രേഖപ്പെടുത്തി ഉത്തരവാദികളായ ഉദ്യോഗസ്ഥരെ ബാധ്യതയിൽ നിന്നും ഒഴിവാക്കിയ സർക്കാർ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. യഥാർത്ഥ നഷ്ടം നിർണ്ണയിക്കുന്നതിന് പ്രവൃത്തി നടന്ന 1999-2000-ലെ മാർബിളിന്റെ കമ്പോള വില ലഭ്യമാക്കുവാൻ പ്രയാസമാണെന്ന തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ വാദവും സ്വീകാര്യമല്ല. |

| (1) | (2) | (3) | (4) |
|---|---|---|---|
| 12 | 58 | കോട്ടയം ജില്ലാ പഞ്ചായത്ത് | ആയതിനാൽ, ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിലെ നിഗമനത്തിന്റെ വെളിച്ചത്തിൽ കോട്ടയം ജില്ലാ പഞ്ചായത്തുഭവൻ കെട്ടിടനിർമ്മാണത്തിന്റെ ഫ്ളോറിംഗിന് ഗുണനിലവാരം കുറഞ്ഞ മാർബിൾ ഉപയോഗിച്ചതിനു ശേഷം ഗുണനിലവാരം കൂടിയ മാർബിളിന്റെ വില നല്കിയതിലൂടെ ഉണ്ടായ നഷ്ടം കണക്കാക്കി നഷ്ടത്തുക ബന്ധപ്പെട്ട കോൺട്രാക്ടറിൽ നിന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി രണ്ടു മാസത്തിനകം റിപ്പോർട്ട് നല്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ, ഗുരുതരമായ ഈ ക്രമക്കേടിനുത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു. |
| 13 | 59 | " | 'MS reinforcement work'-നായി അധികം ശുപാർശ ചെയ്ത 3,825 രൂപ കോൺട്രാക്ടറുടെ ബില്ലിൽനിന്നും ഈടാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| 14 | 60 | " | ജില്ലാ പഞ്ചായത്ത് ഭവൻ കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിന് കരാറുകാരന് 1,09,202 രൂപ അധികമായി നല്കിയെന്നുള്ള ഓഡിറ്റ് പരാമർശത്തിന്മേൽ തെളിവെടുപ്പുവേളയിൽ ഹാജരായ ഉദ്യോഗസ്ഥർക്ക് വ്യക്തമായ മറുപടി നല്കുവാൻ സാധിച്ചിരുന്നില്ല. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് പിന്നീട് രേഖാമൂലം സമർപ്പിച്ച റിപ്പോർട്ടിൽ ഇതു സംബന്ധിച്ച പ്രോജക്ട് ഫയലുകൾ, വർക്ക് ബിൽ, എം. ബുക്ക് എന്നിവ ജില്ലാപഞ്ചായത്തിൽ ലഭ്യമല്ലെന്നും മറ്റു ഫയലുകൾ പരിശോധിച്ചതിൽനിന്നും പ്രവൃത്തിയുടെ മേൽനോട്ടം മാത്രമാണ് പൊതുമരാമത്ത് ചെയ്തതെന്നും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ടെൻഡറിംഗ്, കരാർ, പാർട്ട് ബിൽ, ഫൈനൽ ബിൽ നല്കൽ എന്നിവ ജില്ലാ പഞ്ചായത്താണ് നിർവ്വഹിച്ചതെന്നും പരാമർശിച്ചിരിക്കുന്നു. 35% അധികരിച്ച നിരക്കിൽ ടെണ്ടർ നല്കി കരാർ അംഗീകരിച്ചതിനും വില്പന നികുതി ഈടാക്കാതെ ബിൽ തുക നല്കിയതിനും അന്നത്തെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരായ ശ്രീ. വി. വിജയകൃഷ്ണൻ, ഐ.എ.എസ്, ശ്രീ. എം. പി. മാത്യു എന്നിവരാണ് ഉത്തരവാദികളെന്നും പ്രവൃത്തിയുടെ ആകെ മൂല്യം, 5,00,000 രൂപയുടെ ചെലവിന്റെ വിവരങ്ങൾ എന്നിവ ഇനിയും ലഭ്യമാകാനുണ്ടെന്നും റിപ്പോർട്ടുചെയ്യുന്നു. |
| 15 | 61 | കോട്ടയം ജില്ലാ പഞ്ചായത്ത് | ഈ സാഹചര്യത്തിൽ, പ്രവൃത്തിയുടെ ആകെ മൂല്യം, 5,00,000 രൂപയുടെ വിനിയോഗവിവരം എന്നിവ സംബന്ധിച്ച് അടിയന്തിരമായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് റിപ്പോർട്ട് നല്കുവാൻ സമിതി ആവശ്യപ്പെടുന്നതോടൊപ്പം അനുവദനീയമായതിനേക്കാൾ അധികരിച്ച നിരക്കിൽ ടെണ്ടർ നല്കി കരാർ ഉറപ്പിച്ചതിന്റേയും വില്പന നികുതി ഈടാക്കാതെ ബിൽത്തുക നല്കിയതിന്റേയും ഫലമായി ഉണ്ടായ യഥാർത്ഥ നഷ്ടം നിർണ്ണയിച്ച് പ്രസ്തുത തുക കരാറുകാരനിൽനിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരായ അന്നത്തെ ജില്ലാപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. വിജയകൃഷ്ണൻ, ഐ.എ.എസ്, സെക്രട്ടറി-ഇൻ-ചാർജ് ശ്രീ. എം. പി. മാത്യു എന്നിവരിൽ നിന്നും പലിശസഹിതം ഈടാക്കുന്നതിനും പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 16 | 67 | കോട്ടയം ജില്ലാ പഞ്ചായത്ത് | കോട്ടയം ജില്ലാപഞ്ചായത്ത് വിഭാവനം ചെയ്ത "റബ്ബർ അധിഷ്ഠിത വ്യവസായ യൂണിറ്റുകൾ" എന്ന പദ്ധതിയിൻ കീഴിൽ ഈ ആവശ്യത്തിനായി ഒരു കമ്പനി രൂപീകരിക്കുന്ന കാര്യം വിഭാവനം ചെയ്തിട്ടില്ലായിരുന്നുവെന്നും ഇപ്രകാരം ഒരു പ്രൈവറ്റ് കമ്പനി രൂപീകരിക്കുന്നതിന് ഡി.പി.സി. അംഗീകാരമില്ലായിരുന്നുവെന്നും വ്യക്തമായ സാഹചര്യത്തിൽ ഈ തീരുമാനം കൈക്കൊണ്ട സ്റ്റാൻഡിംഗ് കമ്മിറ്റിയാണ് പ്രോജക്ടിൽ നിന്നുമുള്ള വ്യതിചലനത്തിനും 22,10,330 രൂപയുടെ നിർജ്ജീവ നിക്ഷേപത്തിനും 44,275 രൂപയുടെ പാഴ്ച്ചെലവിനും ഉത്തരവാദിയെന്നും സമിതി വിലയിരുത്തുന്നു. പദ്ധതിയിൽനിന്നുള്ള വ്യതിചലനം യഥാസമയം ജില്ലാ പഞ്ചായത്തു സെക്രട്ടറി സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ എന്നും പ്രൈവറ്റ് കമ്പനി രൂപീകരിക്കുന്നതിനെതിരെ തന്റെ വിയോജിപ്പ് ഫയലിൽ രേഖപ്പെടുത്തിയിരുന്നോയെന്നും വ്യക്തമല്ല. ആയതിനാൽ പഞ്ചായത്തിനുണ്ടായ 44,275 രൂപയുടെ നഷ്ടം പലിശസഹിതം സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളിൽനിന്നും ജില്ലാ പഞ്ചായത്തു സെക്രട്ടറിയിൽനിന്നും തുല്യമായി ഈടാക്കണമെന്നും തുക ഈടാക്കിയ വിവരം സമിതിയെ അറിയിക്കണമെന്നും ശുപാർശ ചെയ്യുന്നു. |
| 17 | 73 | " | 'പട്ടികജാതി വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം' എന്ന പദ്ധതി കുറ്റമറ്റ രീതിയിൽ നിർവ്വഹിച്ചിട്ടില്ലെന്ന് ഗവൺമെന്റ് ലഭ്യമാക്കിയ റിപ്പോർട്ടിൽ നിന്ന് സമിതി മനസ്സിലാക്കുന്നു. മാത്രമല്ല പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സൂക്ഷിക്കേണ്ട രേഖകൾ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉദാസീനതയ്ക്ക് ഉത്തമ ഉദാഹരണമാണെന്ന് സമിതി ചൂണ്ടിക്കാണിക്കുന്നു. |
| 18 | 74 | കോട്ടയം ജില്ലാ പഞ്ചായത്ത് | തയ്യൽ മെഷീനുകളുടെ വിതരണം കാണിക്കുന്ന രജിസ്റ്റർ പ്രകാരം 229 തയ്യൽ മെഷീനുകൾ വിതരണം ചെയ്തതായി പറയുന്നുവെങ്കിലും പല കൈപ്പറ്റു രസീതുകളും സൂക്ഷിച്ചതായി കാണുന്നില്ല. ആയതിനാൽ അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണോ തയ്യൽ മെഷീനുകൾ ലഭിച്ചതെന്ന് കണ്ടെത്താൻ സാധിക്കുന്നില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ രേഖകൾ യഥാവിധി സൂക്ഷിക്കാൻ ബാദ്ധ്യസ്ഥനായ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ അന്നത്തെ ജില്ലാ പഞ്ചായത്ത് . സെക്രട്ടറി ശ്രീ. വി. വിജയകൃഷ്ണൻ, ഐ.എ.എസ്.-ന്റെ പേരിൽ വകുപ്പുതല നടപടികൾക്ക് സമിതി ശുപാർശ ചെയ്യുന്നു. |
| 19 | 75 | ,, | കൂടാതെ തയ്യൽ മെഷീനുകളുടെ വിതരണം കാണിക്കുന്ന രജിസ്റ്റർ പ്രകാരം ഇനിയും വിതരണം ചെയ്യാനുള്ള 119 മെഷീനുകളുടെ വിതരണം വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കുവാൻ സാധിക്കാത്തതിനാൽ 119 മെഷീനുകളുടെ വില പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ അന്നത്തെ ജില്ലാപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. വിജയകൃഷ്ണൻ ഐ.എ.എസ്-ൽ നിന്ന് ഈടാക്കുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| 20 | 78 | ,, | ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾക്ക് ടെണ്ടർ എക്സസ് അനുവദനീയമല്ലെങ്കിലും പൊതുമരാമത്ത് വകുപ്പിൽ ആയത് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | അനുവദനീയമായ സാഹചര്യത്തിലും 2-8-2001-ലെ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിലും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 21 | 81 | കോട്ടയം ജില്ലാ പഞ്ചായത്ത് | കോട്ടയം ജില്ലാ പഞ്ചായത്തിൽ വകമാറ്റി ചെലവഴിക്കുന്ന പ്രവണത കൂടിവരുന്നതായി സമിതി നിരീക്ഷിക്കുന്നു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ഇത്തരം വകമാറ്റൽ എന്നത് വളരെ ഗൗരവം അർഹിക്കുന്ന സംഗതിയാണ്. ധനകാര്യ മാനേജ്മെന്റും അച്ചടക്കവും പാലിക്കാൻ നിയോഗിക്കപ്പെട്ട കമ്മിറ്റിതന്നെ ഇത്തരം അച്ചടക്കമില്ലായ്മയും ചട്ടവിരുദ്ധ പ്രവൃത്തികളും നടത്തുന്നത് തികച്ചും അപലപനീയമാണ്. പരാമർശ വിധേയമായ സംഗതികൾ ധനകാര്യ സ്റ്റാൻഡിംഗ് സമിതിയെ ഉപദേശിക്കേണ്ട ഉദ്യോഗസ്ഥൻ എന്ന നിലയിൽ സെക്രട്ടറിയും പരാജയപ്പെട്ടതായി സമിതി വിലയിരുത്തുന്നു. ഇപ്രകാരമുള്ള വകമാറ്റൽ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പു സ്വീകരിക്കണമെന്നും അനധികൃതമായ ഇത്തരം വകമാറ്റൽ നടത്തുന്ന പഞ്ചായത്തുകൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 22 | 89 | ,, | ഇൻഷ്വറൻസ് പദ്ധതികൾ അനുവദിക്കരുത് എന്ന ഗവൺമെന്റ് ഉത്തരവുണ്ടായിട്ടും ആയതിനെ മറികടന്ന് ഇൻഷ്വറൻസ് പദ്ധതി തയ്യാറാക്കുകയും ആയതിന്റെ ആദ്യ പ്രീമിയമായി 29 ലക്ഷം രൂപ ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കുകയും ചെയ്ത കോട്ടയം ജില്ലാപഞ്ചായത്ത് മാനദണ്ഡങ്ങൾക്കും |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | ഉത്തരവുകൾക്കും വിരുദ്ധമായി സമർപ്പിച്ച പദ്ധതിക്ക് അംഗീകാരം നൽകിയ ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ നടപടി അപലപനീയമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള പദ്ധതിപ്പണം എപ്രകാരം ദുർവിനിയോഗം ചെയ്യപ്പെടുന്നുവെന്നതിന് ഒരു ഉത്തമ ഉദാഹരണമാണ് ഇതെന്ന് സമിതി നിരീക്ഷിക്കുന്നു. ഈ പദ്ധതി സംബന്ധിച്ച് മുൻ പഞ്ചായത്ത് ഡയറക്ടറും, വിജിലൻസും അന്വേഷണം നടത്തിയതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ, മേൽപ്പറഞ്ഞ അന്വേഷണങ്ങളുടെ വിശദവിവരം സമിതിക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ ഈ രണ്ടു അന്വേഷണങ്ങളുടെയും റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. |
| 23 | 90 | കോട്ടയം ജില്ലാ പഞ്ചായത്ത് | 1973-നു ശേഷം ഇൻഷ്വറൻസ് ആക്ടിലെ 113-ാം വകുപ്പു പ്രകാരം 3 തവണയെങ്കിലും പ്രീമിയം അടച്ച് പിന്നീട് മുടക്കംവന്നാൽ മാത്രമേ തുക റീഫണ്ടിന് അർഹതയുള്ളൂവെങ്കിലും ഗവൺമെന്റ് തലത്തിൽ ഇടപെടൽ നടത്തി ജില്ലാ പഞ്ചായത്ത് അടച്ച 29 ലക്ഷം രൂപ ഇൻഷ്വറൻസ് കമ്പനിയിൽനിന്നും തിരികെ വാങ്ങാനുള്ള നടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു. |
| 24 | 91 | ,, | 1997-98 വർഷം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ കന്യാവിവാഹ് പദ്ധതി നിർത്തലാക്കിയതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 25 | 92 | കോട്ടയം ജില്ലാ പഞ്ചായത്ത് | പശു വളർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ നാളിതുവരെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് പരിശോധനയ്ക്ക് ഹാജരാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പശു വളർത്തൽ പദ്ധതിക്ക് വകയിരുത്തിയ 7,50,000 രൂപയുടെ രേഖകൾ ലോക്കൽ ഫണ്ട് വകുപ്പിന് ലഭ്യമാക്കണമെന്നും അതിനു കഴിഞ്ഞി ല്ലെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും പ്രസ്തുത തുക തിരികെ പിടിക്കുന്നതിന് നടപടി സ്വീകരിക്കണ മെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 26 | 95 | ,, | 1998-99 വർഷം നടപ്പിലാക്കിയ സ്വാശ്രയ സംഘങ്ങൾക്ക് ഗ്രാന്റ് നൽകൽ, വനിതാ വ്യവസായ യൂണിറ്റു കൾക്ക് ഗ്രാന്റ് നൽകൽ എന്നീ പദ്ധതികൾക്ക് ഡി. പി. സി.-യുടെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കുറഞ്ഞ സമയ പരിധിക്കുള്ളിൽ പദ്ധതികൾ നടപ്പിലാക്കിയതിനാൽ അവയ്ക്ക് ഡി.പി.സി.-യുടെ അംഗീകാരം വാങ്ങുന്നതിന് സാധിച്ചില്ലെന്നുള്ള ഗവൺമെന്റ് മറുപടി പരിഗണിച്ച്, പദ്ധതികൾക്ക് സബ്സിക്വന്റ് റാറ്റിഫിക്കേ ഷൻ വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ഓഡിറ്റ് പരാമർശത്തിനുള്ള വിശദീകരണവും രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കുവാൻ സമിതി ആവശ്യ പ്പെട്ടിരുന്നു. എന്നാൽ അതിന്മേൽ യാതൊരു നടപടിയും കോട്ടയം ജില്ലാപഞ്ചായത്ത് സെക്രട്ടറിയോ, ഭരണ വകുപ്പോ സ്വീകരിക്കുകയുണ്ടായില്ല. സമിതി മുൻപാകെ ഹാജരായി രേഖകൾ ഹാജരാക്കാമെന്ന് ഉറപ്പു നൽകിയ പഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. എം. മോഹനൻ സമിതിക്ക് നൽകിയ ഉറപ്പ് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പാലിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. നിയമസഭാ സമിതി മുമ്പാകെ നൽകിയ ഉറപ്പ് ലംഘിച്ച ടി പഞ്ചായത്ത് സെക്രട്ടറിയിൽനിന്നും വിശദീകരണം തേടുകയും ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു. |
| 27 | 96 | കോട്ടയം ജില്ലാ പഞ്ചായത്ത് | സമിതി ആവശ്യപ്പെട്ട രേഖകൾ അടിയന്തിരമായി സമിതിക്കും ഓഡിറ്റിനും സമർപ്പിക്കണമെന്നും ഓഡിറ്റ് ആയതു പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 28 | 97 | ,, | കോട്ടയം ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിന്മേൽ ഗവൺമെന്റിൽനിന്ന് ലഭ്യമായ മറുപടി പരിശോധിക്കുമ്പോൾ പ്രോജക്ടുകളെ സംബന്ധിച്ച ഫയലുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും, വ്യക്തമായ ഫയൽ സിസ്റ്റം ഉണ്ടായിരുന്നില്ലെന്നുമാണ് വ്യക്തമാകുന്നത്. അക്കൗണ്ടന്റ് ജനറലിന്റെയും, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റിന്റെയും, ഫിനാൻസ് ഇൻസ്പെഷൻ വിംഗിന്റെയും ഓഡിറ്റു സംബന്ധമായ എല്ലാ കാര്യങ്ങളും നോക്കേണ്ടത് ഫിനാൻസ് ഓഫീസർമാരുടെ പ്രത്യേക ചുമതലയാണെന്നിരിക്കെ ഓഡിറ്റിന് ശരിയായ സമയത്ത് മറുപടി നൽകാത്തത് ഫിനാൻസ് ഓഫീസർമാരുടെ വീഴ്ചയാണെന്നും പ്രസ്തുത കൃത്യവിലോപത്തിന്മേൽ ഫിനാൻസ് ഓഫീസർമാരിൽ നിന്നും വിശദീകരണം വാങ്ങുന്നതിലും, നടപടി സ്വീകരിക്കുന്നതിലും സെക്രട്ടറിമാർ വീഴ്ച വരുത്തുന്നതായും സമിതിക്ക് ബോധ്യമാകുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 29 | 98 | കോട്ടയം ജില്ലാ പഞ്ചായത്ത് | തെളിവെടുപ്പുവേളയിൽ സമിതി ആവശ്യപ്പെട്ട വിവരങ്ങൾക്ക് വ്യക്തമായ ഉത്തരം നൽകുന്നതിന് സമിതിമുമ്പാകെ ഹാജരായ കോട്ടയം ജില്ലാപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. എം. മോഹനന് സാധിച്ചിട്ടില്ല. കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാതെ സമിതി മുമ്പാകെ ഹാജരായ കോട്ടയം ജില്ലാപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. എം. മോഹനന്റെ നടപടിയെ സമിതി അപലപിക്കുന്നു. |
| 30 | 99 | " | പഞ്ചായത്ത് സെക്രട്ടറിമാർ സമിതി മുൻപാകെ ഹാജരായി തെളിവ് നൽകുമ്പോൾ ശരിയായ തയ്യാറെടുപ്പോടെയാണ് ഹാജരാകേണ്ടതെന്നും, അല്ലാത്ത പക്ഷം ആയത് സമിതിയുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നതോടൊപ്പം പഞ്ചായത്തിനെ കുറിച്ച് അവമതിപ്പ് ഉണ്ടാകുന്നതിന് ഇടയാക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. കോട്ടയം ജില്ലാപഞ്ചായത്തിന്റെ പ്രവർത്തനത്തിൽ ഗുരുതരമായ വീഴ്ചകൾ ഉണ്ടാകുന്നതായി ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനാവേളയിൽ സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. ഈ വിഷയം സർക്കാരിന്റെ അടിയന്തിര ശ്രദ്ധയിൽ വരണമെന്നും പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ വീക്ഷിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് തലത്തിൽ ശ്രമം ഉണ്ടാകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 31 | 108 | ഇടുക്കി ജില്ലാ പഞ്ചായത്ത് | വിനിയോഗ സർട്ടിഫിക്കറ്റുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 32 | 112 | ഇടുക്കി ജില്ലാ പഞ്ചായത്ത് | കൃഷി ഡെപ്യൂട്ടി ഡയറക്ടറുടെ ബാധ്യതയായി തിട്ടപ്പെടുത്തിയ 43,335 രൂപ ഈടാക്കിയതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. ആയത് പരിശോധിച്ചു ബോധ്യപ്പെടുന്നപക്ഷം ഓഡിറ്റു തടസ്സം ഒഴിവാക്കാനും സമിതി ശുപാർശ ചെയ്യുന്നു. |
| 33 | 117 | ,, | കുമളി പഞ്ചായത്തിലെ അട്ടപ്പള്ളത്ത് തെങ്ങ്, കമുക്, കുടംപുളി തുടങ്ങിയവയുടെ നഴ്സറി ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള പദ്ധതിക്ക് പദ്ധതിരേഖ തയ്യാറാക്കി അംഗീകാരം വാങ്ങാതെയും, ഗുണഭോക്താവിനെ നിർണ്ണയിക്കാതെയും പദ്ധതിവിഹിതം അനുവദിച്ച ജില്ലാ പഞ്ചായത്തിന്റെ നടപടി ക്രമവിരുദ്ധമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. |
| 34 | 118 | ,, | കൃഷി കർമ്മസമിതി അംഗങ്ങൾ നഴ്സറി സന്ദർശിച്ച വേളയിൽ നഴ്സറിയുടെ പ്രവർത്തനം തൃപ്തികരമല്ലെന്നും, ജില്ലാപഞ്ചായത്തിന്റെ പണം ദുർവിനിയോഗം ചെയ്തതായും സ്ഥിരീകരിച്ചിട്ടും കർമ്മസമിതിയുടെ റിപ്പോർട്ടിന്മേൽ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് സമിതി ചൂണ്ടിക്കാണിച്ചു. |
| 35 | 119 | ,, | ഗുണഭോക്താവിനെ തിരഞ്ഞെടുക്കുന്നതിന് മുൻപ് പദ്ധതിവിഹിതമായി 1,22,500 രൂപ നൽകിയത് വ്യക്തമായ ധനദുർവിനിയോഗമായതിനാൽ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഡെപ്യൂട്ടി ഡയറക്ടർ പരേതനായ എം. വി. മാത്യുവിന്റെ പെൻഷൻ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ആനുകൂല്യത്തിൽനിന്ന് തുക ഈടാക്കി ആയതിന്റെ വിശദാംശം സമിതിക്ക് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 36 | 124 | ഇടുക്കി ജില്ലാ പഞ്ചായത്ത് | സ്വാശ്രയ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം അനുവദിച്ചത് ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമായതിനാൽ, ഇപ്രകാരം നൽകിയ തുക ബന്ധപ്പെട്ട സഹകരണ സംഘങ്ങളിൽനിന്നും ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇതിനു കഴിയുന്നില്ലെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. കെ. ജി. സജികുമാർ ക്രമവിരുദ്ധമായി തുക നൽകുന്നതിനോട് വിയോജിപ്പ് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അന്നത്തെ ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവരിൽനിന്നും 5,29,000 രൂപ തുല്യമായി ഈടാക്കി ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 37 | 127 | ,, | സർക്കാർ മറുപടിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 38 | 133 | ,, | പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ബാധ്യതയായി തിട്ടപ്പെടുത്തിയ 1,31,200 രൂപ പലിശസഹിതം ഈടാക്കി ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 39 | 136 | ഇടുക്കി ജില്ലാ പഞ്ചായത്ത് | ജില്ലാ ആസ്ഥാനത്ത് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിലേക്കായി നിയമവിരുദ്ധമായി ചെലവഴിച്ച 1,21,521 രൂപ ഈടാക്കുന്നതിനായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സർച്ചാർജ് നോട്ടീസ് നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. സർച്ചാർജ്ജ് നടപടികൾ ത്വരിതപ്പെടുത്തി പ്രസ്തുത തുക ഈടാക്കി ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 40 | 139 | ,, | പീരുമേട് മുൻസിഫ് കോടതിയിൽ കെട്ടിവച്ച തുക കോടതി വിധിക്കു ശേഷം സർക്കാരിലേക്ക് മുതൽക്കൂട്ടി ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |